30

# സനാതനധർമ്മപ്രകാശം

## (ഓരോ ഹിന്ദുവും അറിഞ്ഞിരിക്കേണ്ടത്)

ഡോ: എൻ. ഗോപാലകൃഷ്ണൻ Ph.D., D.Litt.
(Scientist & Director IISH)

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം - 695 018

ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് - 127

Scanned with CamScanner

# സനാതനധർമ്മപ്രകാശം

DR. N. GOPALAKRISHNAN, Ph.D; D.Litt

INDIAN INSTITUTE OF SCIENTIFIC HERITAGE
THIRUVANANTHAPURAM - 695 018
www.iish.org

Heritage Cultural Publication Series - 127

Scanned with CamScanner

1-1-2008 - First Edition
1-8-2009 - Second Edition
1-6-2010 - Third Edition
1-5-2012 - Fourth Edition
1-10-2013 - Fifth Edition
1-8-2015 - Sixth Edition

**സനാതനധർമ്മപ്രകാശം**

**Dr. N. Gopalakrishnan**
M.Sc (Pharm), M.Sc (Chem), M.A. (Soc), Ph.D. (Chem); D.Litt
(Scientist & Director IISH)

**Indian Institute of Scientific Heritage (IISH)**
**Registered Charitable Trust 328/99/IV**
Ushus, Estate Road, Pappanamcode
Trivandrum - 695 018 (Ph.2490149)
www.iish.org

**Rs. 30/-**

*Printed at:*

Sree Printers (DTP, Offset & Screenprinting)
Ind. Estate, Pappanamcode, TVM - 19, Ph. 2490135

Scanned with CamScanner

# DHANYATHMAN

IISH is spreading the messages of our motherland through our publications in the PDF format to all our well-wishers. Your support for the mission is welcome.

**Details of the bank account**

Beneficiary : IISH Trivandrum
Ac No : 57020795171
IFSC : SBIN0070030
Bank : SBI industrial estate, papanamcode
Trivandrum-19

*In the service of the motherland and dharma*

***IISH Publication Team***

Scanned with CamScanner

# ഭാരതീയ വിജ്ഞാന സ്രോതസ്സുകൾ
## (സംക്ഷിപ്തം)

ആദ്ധ്യാത്മികതയും, ഭൗതീകതയും, ശാസ്ത്രീയതയും നിറഞ്ഞ ശാശ്വത സത്യങ്ങളുടെ നിറകുടങ്ങളാണ് ഭാരതീയ വേദഗ്രന്ഥങ്ങൾ.

### വേദങ്ങൾ നാല്

I. ഋഗ്വേദസംഹിത (25 ശാഖകൾ)
II. യജുർവേദസംഹിത (108 ശാഖകൾ)
III. സാമവേദസംഹിത (1000 ശാഖകൾ)
IV. അഥർവവേദസംഹിത (50 ശാഖകൾ)

യാഗങ്ങളുടേയും, യജ്ഞങ്ങളുടേയും വിളഭൂമിയായ ഭാരതത്തിൽ പ്രപഞ്ച ചൈതന്യത്തെ മുൻനിർത്തിയനുഷ്ഠിച്ച യാഗാചാരങ്ങൾ വിവരിക്കുന്ന ഗദ്യങ്ങളിൽ രചിക്കപ്പെട്ട ഗ്രന്ഥസമാഹാരങ്ങളാണ് ബ്രാഹ്മണ ഗ്രന്ഥങ്ങൾ. നാലു വേദങ്ങൾക്കും അവയുടേതായ ബ്രാഹ്മണങ്ങളുണ്ട്.

### ബ്രാഹ്മണങ്ങൾ

#### I. ഋഗ്വേദീയ ബ്രാഹ്മണങ്ങൾ

1. ഐതരേയ ബ്രാഹ്മണം
2. സംഖായന ബ്രാഹ്മണം
3. കൗഷീതകി ബ്രാഹ്മണം

#### II. യജുർവേദീയ ബ്രാഹ്മണങ്ങൾ

1. ശതപഥബ്രാഹ്മണം
2. തൈത്തരീയബ്രാഹ്മണം
3. മൈത്രായണീയബ്രാഹ്മണം

#### III. സാമവേദീയ ബ്രാഹ്മണങ്ങൾ

1. ജൈമിനീയ ബ്രാഹ്മണം
2. താണ്ഡ്യബ്രാഹ്മണം
3. ആർഷേയ ബ്രാഹ്മണം
4. ഷഡ്വിംശദ് ബ്രാഹ്മണം
5. ഛാന്ദോഖ്യബ്രാഹ്മണം
6. സാമവിധാനബ്രാഹ്മണം
7. അഭൂത ബ്രാഹ്മണം
8. വംശബ്രാഹ്മണം
9. സംഹിതോപനിഷദ് ബ്രാഹ്മണം

#### IV. അഥർവവേദീയ ബ്രാഹ്മണം

1. ഗോപഥബ്രാഹ്മണം



Scanned with CamScanner

മോക്ഷപ്രാപ്തിക്കും, ആത്മീയ ജ്ഞാനത്തിനും, തത്വശാസ്ത്ര പരമായ വീക്ഷണത്തിനും വേണ്ടി വാനപ്രസ്ഥാശ്രമി അനുഷ്ഠിക്കേണ്ടതായ ആചാരങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത് ആരണ്യകങ്ങളിലാണ്.

ഋഗ്വേദത്തിനും യജുർവേദത്തിനും മാത്രമേ ആരണ്യകഗ്രന്ഥങ്ങളുള്ളൂ.

## C. ആരണ്യകങ്ങൾ

### I. ഋഗ്വേദീയ ആരണ്യകം

1. ഐതരേയ ആരണ്യകം 2. കൗഷീതകി ആരണ്യകം

### II. യജുർവേദീയ ആരണ്യകം

1. മൈത്രായണീയ ആരണ്യകം 2. തൈത്തിരീയ ആരണ്യകം

സാമവേദത്തിനും അഥർവവേദത്തിനും ആരണ്യകങ്ങളില്ല.

## ഉപനിഷത്തുകൾ

വേദസാഹിത്യങ്ങളിൽ അവസാനഭാഗത്ത് വരുന്നവയാണ് തത്വശാസ്ത്ര സമ്പൂർണമായ ഉപനിഷത്തുകൾ. അതുകൊണ്ടുതന്നെ ഉപനിഷത്തുക്കളെ വേദാന്തങ്ങൾ എന്നു പറയുന്നു. ഋഗ്വേദത്തിനും, ശുക്ലയജുർവ്വേദത്തിനും, കൃഷ്ണയജുർവ്വേദത്തിനും സാമവേദത്തിനും അഥർവ്വവേദത്തിനും പ്രത്യേകം പ്രത്യേകം ഉപനിഷത്തുക്കളുണ്ട്.

### I. ഋഗ്വേദീയ ഉപനിഷദ്

1. ഐതരേയ ഉപനിഷദ്
2. കൗഷീതകി ഉപനിഷദ്
3. നാദബിന്ദു ഉപനിഷദ്
4. ആത്മബോധ ഉപനിഷദ്
5. നിർവാണ ഉപനിഷദ്
6. മുൽഗല ഉപനിഷദ്
7. അക്ഷമാലിക ഉപനിഷദ്
8. ത്രിപുര ഉപനിഷദ്
9. സൗഭാഗ്യലക്ഷ്മി ഉപനിഷദ്
10. ബഹ്വൃച ഉപനിഷദ്

### II. ശുക്ലയജുർവേദീയ ഉപനിഷദ്

1. ഈശാവാസ്യ ഉപനിഷദ്
2. ബൃഹദാരണ്യക ഉപനിഷദ്
3. ഹംസ ഉപനിഷദ്
4. പരമഹംസ ഉപനിഷദ്
5. സുബാല ഉപനിഷദ്
6. മന്ത്രിക ഉപനിഷദ്
7. തൃശിഖിബ്രാഹ്മണ ഉപനിഷദ്
8. നിരാലംബ ഉപനിഷദ്
9. മണ്ഡലബ്രാഹ്മണ ഉപനിഷദ്
10. അദ്വയ ഉപനിഷദ്
11. താരക ഉപനിഷദ്
12. ഭിക്ഷുക ഉപനിഷദ്
13. അദ്ധ്യാത്മ ഉപനിഷദ്
14. മുക്തിക ഉപനിഷദ്
15. താരാശര ഉപനിഷദ്
16. യജ്ഞവൽക്യ ഉപനിഷദ്



Scanned with CamScanner

17. ശാട്യായന ഉപനിഷദ് 18. തുരിയാതീത അവധൂത ഉപനിഷദ്

## III. കൃഷ്ണയജുർവ്വേദീയ ഉപനിഷദ്

1. കഠ ഉപനിഷദ് 2. തൈത്തിരീയ ഉപനിഷദ്
3. ബ്രഹ്മ ഉപനിഷദ് 4. കൈവല്യ ഉപനിഷദ്
5. ശ്വേതാശ്വേതര ഉപനിഷദ് 6. ഗർഭ ഉപനിഷദ്
7. മഹാനാരായണ ഉപനിഷദ് 8. അമൃതബിന്ദു ഉപനിഷദ്
9. അമൃതനാദ ഉപനിഷദ് 10. കാലാഗ്നിരുദ്ര ഉപനിഷദ്
11. ക്ഷുരിക ഉപനിഷദ് 12. സർവസാര ഉപനിഷദ്
13. ശുകരഹസ്യ ഉപനിഷദ് 14. തേജബിന്ദു ഉപനിഷദ്
15. ധ്യാനബിന്ദു ഉപനിഷദ് 16. ബ്രഹ്മവിദ്യാ ഉപനിഷദ്
17. യോഗതത്വ ഉപനിഷദ് 18. ദക്ഷിണാമൂർത്തി ഉപനിഷദ്
19. സ്കന്ദ ഉപനിഷദ് 20. ശാരീരിക ഉപനിഷദ്
21. യോഗശിഖ ഉപനിഷദ് 22. ഏകാക്ഷര ഉപനിഷദ്
23. അക്ഷി ഉപനിഷദ് 24. അവധൂത ഉപനിഷദ്
25. കഠരുദ്ര ഉപനിഷദ് 26. രുദ്രഹൃദയ ഉപനിഷദ്
27. പഞ്ചബ്രഹ്മ ഉപനിഷദ് 28. പ്രാണാഗ്നിഹോത്ര ഉപനിഷദ്
29. വരാഹ ഉപനിഷദ് 30. യോഗകുണ്ഡലിനി ഉപനിഷദ്
31. കലിസന്തരണ ഉപനിഷദ് 32. സരസ്വതീ രഹസ്യ ഉപനിഷദ്.

## IV. സാമവേദീയ ഉപനിഷദ്

1. കേന ഉപനിഷദ് 2. ഛാന്ദോഗ്യ ഉപനിഷദ്
3. ആരുണി ഉപനിഷദ് 4. മൈത്രായണീ ഉപനിഷദ്
5. മൈത്രേയീ ഉപനിഷദ് 6. വജ്രസൂചിക ഉപനിഷദ്
7. യോഗചൂഡാമണി ഉപനിഷദ് 8. വാസുദേവ ഉപനിഷദ്
9. മഹോപനിഷദ് 10. സംന്യാസ ഉപനിഷദ്
11. അവ്യക്ത ഉപനിഷദ് 12. കുണ്ഡിക ഉപനിഷദ്
13. സാവിത്രി ഉപനിഷദ് 14. ജാബാല ഉപനിഷദ്
15. ദർശന ഉപനിഷദ് 16. രുദ്രാക്ഷ ജാബാല ഉപനിഷദ്

## V. അഥർവവേദീയ ഉപനിഷദ്

1. പ്രശ്ന ഉപനിഷദ് 2. മുണ്ഡക ഉപനിഷദ്
3. മാണ്ഡൂക്യ ഉപനിഷദ് 4. അഥർവശിര ഉപനിഷദ്
5. അഥർവശിഖ ഉപനിഷദ് 6. ബൃഹദ്ജാബാല ഉപനിഷദ്
7. സീത ഉപനിഷദ് 8. ശരഭ ഉപനിഷദ്
9. മഹാനാരായണ ഉപനിഷദ് 10. രാമരഹസ്യ ഉപനിഷദ്
11. രാമതാപിനി ഉപനിഷദ് 12. സാണ്ഡില്യ ഉപനിഷദ്



Scanned with CamScanner

13. പരമഹംസ ഉപനിഷദ്
14. അന്നപൂർണ ഉപനിഷദ്
15. സൂര്യ ഉപനിഷദ്
16. ആത്മ ഉപനിഷദ്
17. പാശുപത ഉപനിഷദ്
18. പരബ്രഹ്മ ഉപനിഷദ്
19. ത്രിപുരതാപിനി ഉപനിഷദ്
20. ദേവി ഉപനിഷദ്
21. ഭാവന ഉപനിഷദ്
22. ഭസ്മ ജാബാല ഉപനിഷദ്
23. ഗണപതി ഉപനിഷദ്
24. മഹാവാക്യ ഉപനിഷദ്
25. ഗോപാലതാപിനി ഉപനിഷദ്
26. ശ്രീകൃഷ്ണ ഉപനിഷദ്
27. ഹയഗ്രീവ ഉപനിഷദ്
28. ദത്താത്രേയ ഉപനിഷദ്
29. ഗരുഡ ഉപനിഷദ്
30. നരസിംഹപൂർവതാപിനി ഉപനിഷദ്
31. നാരദപരിവ്രാജക ഉപനിഷദ്
32. നരസിംഹ ഉത്തരതാപിനി ഉപനിഷദ്.

## വേദാംഗങ്ങൾ

വേദശ്രുതികളുടെ നിയമങ്ങൾ വിവരിക്കുന്ന ശിക്ഷാഗ്രന്ഥങ്ങൾ, വേദമന്ത്രങ്ങളുടെ പദങ്ങളുടെ ഉത്ഭവം വിവരിക്കുന്ന നിരുക്തം, വേദമന്ത്രങ്ങളുടെ സംസ്കൃത വ്യാകരണനിയമങ്ങൾ വിവരിക്കുന്ന വ്യാകരണ ഗ്രന്ഥങ്ങൾ, വേദങ്ങളുടെ ഛന്ദസ്സുകൾ വിവരിക്കുന്ന ഛന്ദഃശാസ്ത്രം, ഭാരതീയാചാരങ്ങൾ വൈദികാടിസ്ഥാനത്തിൽ വിവരിക്കുന്ന കൽപശാസ്ത്രം, വൈദിക ഗണിത-ജ്യോതിശ്ശാസ്ത്രങ്ങളടങ്ങിയ ജ്യോതിഷം ഇവയാണ് വേദാംഗങ്ങൾ.

1. ശിക്ഷ
2. നിരുക്തം
3. വ്യാകരണം
4. ഛന്ദശ്ശാസ്ത്രം
5. കൽപശാസ്ത്രം : (ശ്രൗതസൂത്രം + ധർമ്മസൂത്രം + പിതൃമേധസൂത്രം + സുൽബ സൂത്രം + ഗൃഹ്യസൂത്രം + പ്രായശ്ചിതം)
6. ജ്യോതിഷം : (ഗണിതം +കാലക്രിയ+ഗോളം+ജാതകം + മുഹൂർത്തം + പ്രശ്നം +നിമിത്തം)

## ഉപവേദങ്ങൾ

ആത്മീയതത്വശാസ്ത്രങ്ങളും, ചര്യകളും വിവരിക്കുന്ന വേദങ്ങളുടെ ഉപഘടകമായി വരുന്നതാണ് ഉപവേദവിഭാഗ ഗ്രന്ഥങ്ങൾ.

1. അർത്ഥശാസ്ത്രം
2. ധനുർവ്വേദം
3. ഗാന്ധർവവേദം
4. ആയുർവ്വേദം
5. സ്ഥാപത്യവേദം (തച്ചുശാസ്ത്രം)

## മഹാപുരാണങ്ങൾ

ഭാരതീയ പൈതൃകസന്ദേശങ്ങൾ കഥയിലൂടെ ലളിതമായി വിവരിക്കുന്ന അതിബൃഹത്തായ ഗ്രന്ഥങ്ങളുണ്ട്. 18 മഹാപുരാണങ്ങൾ.

1. വിഷ്ണുപുരാണം
2. ഭവിഷ്യ പുരാണം
3. ഗരുഡ പുരാണം
4. അഗ്നി പുരാണം



Scanned with CamScanner

5. മഹാഭാഗവതപുരാണം
6. ശിവപുരാണം
7. മാർക്കണ്ഡേയപുരാണം
8. ലിംഗപുരാണം
9. ബ്രഹ്മവൈവർത്ത പുരാണം
10. മത്സ്യ പുരാണം
11. കൂർമ്മപുരാണം
12. വരാഹപുരാണം
13. വാമനപുരാണം
14. സ്കന്ദപുരാണം
15. ബ്രഹ്മാണ്ഡപുരാണം
16. പത്മപുരാണം
17. വായുപുരാണം
18. നാരദീയ പുരാണം

## ഉപപുരാണങ്ങൾ

പുരാണങ്ങൾക്കൊപ്പം നിൽക്കുന്ന മറ്റൊരു 18 പുരാണഗ്രന്ഥങ്ങളുണ്ട്. ഒരുപക്ഷേ പ്രാധാന്യം അൽപം കുറയ്ക്കാം (?) എന്നതുകൊണ്ടായിരിക്കാം ഈ വിഭാഗത്തിൽപെടുന്ന ഗ്രന്ഥങ്ങൾ ഉപപുരാണങ്ങൾ എന്നറിയപ്പെടുന്നത്.

1. സാംബപുരാണം
2. ദേവീഭാഗവതപുരാണം
3. കാലികപുരാണം
4. ലഘുനാരദീയപുരാണം
5. ഹരിവംശപുരാണം
6. വിഷ്ണുധർമ്മോത്തരപുരാണം
7. കൽകിപുരാണം
8. മുൽഗലപുരാണം
9. ആദിപുരാണം
10. ആത്മ പുരാണം
11. ബ്രഹ്മപുരാണം
12. വിഷ്ണുധർമ്മപുരാണം
13. നരസിംഹപുരാണം
14. ക്രിയായോഗപുരാണം
15. സൂര്യപുരാണം
16. ബ്രഹദ് നാരദീയപുരാണം
17. പുരുഷോത്തമപുരാണം
18. ബൃഹദ് വിഷ്ണു പുരാണം

## ദർശനങ്ങൾ

പ്രപഞ്ചത്തെയും പ്രകൃതിയേയും അവയുടെ എല്ലാഘടകങ്ങളേയും തത്വശാസ്ത്രത്തിന്റേയും ശാസ്ത്രത്തിന്റേയും, യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിൽ ദർശിച്ച ഋഷിവര്യന്മാരുടെ വിവരണങ്ങളാണ് ആറ് ദർശനങ്ങൾ.

1. ന്യായദർശനം (ഗൗതമൻ)
2. വൈശേഷികദർശനം (കണാദൻ)
3. സാംഖ്യദർശനം(കപിലൻ)
4. യോഗദർശനം (പതഞ്ജലി)
5. പൂർവമീമാംസാദർശനം (ജൈമിനി)
6. ഉത്തരമീമാംസാദർശനം (വ്യാസൻ)

## സ്മൃതികൾ

ദേശത്തിന്റേയും കാലത്തിന്റേയും അടിസ്ഥാനത്തിൽ, മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വ്യക്തിയുടേയും, കുടുംബത്തിന്റേയും, സമൂഹത്തിന്റേയും, രാഷ്ട്രത്തിന്റേയും നന്മയ്ക്കായി രചിക്കപ്പെട്ടതും കാലാകാലങ്ങളിൽ മാറ്റം വരുത്തേണ്ടതുമായ ഗ്രന്ഥങ്ങളാണിവ.



Scanned with CamScanner

1. ഉശന സ്മൃതി
2. യജ്ഞവൽക്യസ്മൃതി
3. വിഷ്ണുസ്മൃതി
4. മനുസ്മൃതി
5. അംഗീരസസ്മൃതി
6. യമസ്മൃതി
7. അത്രിസ്മൃതി
8. സംവർത്തസ്മൃതി
9. ബൃഹത്പരാശരസ്മൃതി
10. ബൃഹസ്പതി സ്മൃതി
11. ദക്ഷസ്മൃതി
12. ശാതാതപസ്മൃതി
13. ലിഖിതസ്മൃതി
14. വ്യാസസ്മൃതി
15. പരാശരസ്മൃതി
16. ശംഖസ്മൃതി
17. ഗൗതമസ്മൃതി
18. വസിഷ്ഠസ്മൃതി

# വേദങ്ങൾ

## ഋഗ്വേദം

മാനവരാശിയുടെ ഏറ്റവും പഴക്കമുള്ള പൈതൃകഗ്രന്ഥമാണ് ഋഗ്വേദം അനവധി മന്ത്രദ്രഷ്ടാക്കളായ ഋഷീശ്വരന്മാർ, സഹസ്രാബ്ദങ്ങൾക്കു മുമ്പ് രചിച്ച, അനാദിയും അപൗരുഷേയവുമായ മഹത് ഗ്രന്ഥം. പ്രപഞ്ച ചൈതന്യത്തേയും പ്രപഞ്ച സത്യങ്ങളേയും കഥകളും, നാടകങ്ങളും ഇല്ലാതെ ശ്രുതിയോടുകൂടി രചിക്കപ്പെട്ട ഹൈന്ദവ സമ്പത്ത്. ഋഗ്വേദശാഖകളുടെ എണ്ണം 25. അവയിൽ പ്രധാനപ്പെട്ട ശാഖകൾ ശാകലശാഖ, ബാഷ്കളശാഖ, ആശ്വലായനശാഖ, ശാംഖായന ശാഖ, മാണ്ഡുകേയശാഖ. ഈ ശാഖകൾ തമ്മിൽ ലളിതമായ ചില വ്യത്യാസങ്ങളേയുള്ളൂ എന്ന് പ്രത്യേകം ഓർമ്മിക്കുക.

ഋഗ്വേദത്തിലെ മന്ത്രങ്ങളിലുള്ള ആകെ അക്ഷരങ്ങളുടെ എണ്ണം 397265. ആകെ പദങ്ങളുടെ സംഖ്യ 193816. ആകെ മന്ത്രഋക്കുകളുടെ എണ്ണം - 10552. (രണ്ടു മന്ത്രവരികൾ ചേർന്നതാണ് ഒരു ഋക്ക്) മന്ത്രങ്ങളെ വർഗ്ഗങ്ങളായി വിഭജിച്ചിരിക്കുന്നതിനാൽ വർഗങ്ങളുടെ എണ്ണം 2024. ഇത്രയും മന്ത്രങ്ങളെ 64 അദ്ധ്യായങ്ങളിലായി അടുക്കിയിരിക്കുന്നു.

ഋഗ്വേദമന്ത്രങ്ങൾ രചിച്ച മന്ത്രദ്രഷ്ടാക്കളായ ഋഷിവര്യന്മാരിൽ പ്രധാനപ്പെട്ടവർ : വിശ്വാമിത്രൻ, കണ്വൻ, ശൂനശ്ശേഫൻ, ആംഗീരസ്, ഗൗതമൻ, പരാശരൻ, രഹുഗുണ്ണൻ, കശ്യപൻ, ദീർഘതമസ്, രോമശൻ, ഔചഥ്യൻ, അഗസ്ത്യൻ, ലോപമുദ്രൻ, ശൗനകൻ, വിശ്വാമിത്രഗാഥിനൻ, ഗൃത്സമദൻ, ഭരതൻ, വാമദേവഗൗതമൻ, ആത്രേയൻ, വസുശ്രുതൻ, വൃശോജാനൻ, സുതംഭരആത്രേയൻ, ധരുണ ആംഗരീസ്, പുരുരാത്രേയൻ, ഗോപായനൻ, ഔപായനൻ, വസുയവൻ, അത്രഭൗമൻ, അവത്സാരകശ്യപൻ, സദാവൃണ ആത്രേയൻ, ഭരദ്വാജൻ, ശംയുബൃഹ



Scanned with CamScanner

സ്പതി, ഗാർഗ്യ ഭരദ്വാജൻ, മൈത്രാവരുണി, വിശ്വമനു, വശോശവ്യൻ, ഘോരകണ്വൻ, ഭഗപ്രാഗാഥൻ, പ്രാഗാഥൻ, കുരുസുതി കണ്വൻ, നൃമേധ ആംഗീരസ്, വസിഷ്ഠകണ്വൻ, ആംബരീഷൻ, യമൻ, യമീ, യമവൈവ സ്വതൻ, ലുശധാനകൻ, അഭിതാപസൗര്യൻ, അഗ്നിസൗചികൻ, ഗയ പ്ലാതൻ, വൈതഹവ്യപാർഥ്യൻ, കാദ്രവേയൻ, പൃഷ്ടികാമൻ, വൈഘാനസൻ, അഥർവർണ്ണൻ, ഹിരണ്യഗർഭൻ, വാഗാംഭൃണീ, കുശി കൻ, ശകപുത്രൻ, നൈനൃതി, ശ്വേതാഗ്നേയൻ, സംവനൻ തുടങ്ങിയ ഋഷിവര്യന്മാരും അവരുടെ കുലത്തിൽപ്പെട്ട ഋഷിവര്യന്മാരുമാണ്, അനാദിയായ വേദമന്ത്രങ്ങളെഴുതിയതത്രെ. കൃഷ്ണദ്വൈപായനൻ എന്ന വേദവ്യാസൻ ഈ മന്ത്രങ്ങളെല്ലാം ക്രമപ്പെടുത്തിയിരിക്കും.

## യജുർവേദം

ഋഗ്വേദത്തിലെ മന്ത്രങ്ങളും, തനതായ മന്ത്രങ്ങളും ചേർന്നതാണ് യജുർവേദം. യാഗകർമ്മങ്ങളുടെ ആചരണത്തിന്റെ ക്രമമനുസരിച്ചാണ് യജുർവേദഗ്രന്ഥങ്ങളിൽ മന്ത്രങ്ങളുടെ ക്രമീകരണം. യജുർവേദത്തിന് 100 ശാഖകളുണ്ടത്രെ. ഇവ ശാഖോപശാഖകളായതിനാൽ യജുർവേദ വൃക്ഷമെന്നറിയപ്പെടുന്നു. യജുർവേദശാഖാഗ്രന്ഥങ്ങളുടെ പേരുകൾ.

### യജുർവേദ ശാഖോപശാഖകൾ
(യജുർവേദവൃക്ഷം)

| | | |
|---|---|---|
| യജുർവേദം | ⇩ 8. കഠ** | ⇩ 8. കഠ** |
| 1. ആലംഭി | a. ചരക | A. പിഞ്ജുലകം |
| 2. കലിങ്ഗ | b. ആഹ്വരക | B. ഔദലകഠ |
| 3. കമല | c. ഭ്രാജിഷ്ഠലകഠ | C. സചിച്ഛലകഠ |
| 4. ഋചാഭ | d. കപിഷ്ഠലകഠ | D. മുദ്ഗലകം |
| 5. ആരുണി | e. ചാരായണീയ | E. ശൃംഗലകഠ |
| 6. താണ്ഡ്യ | f. പ്രാച്യകഠ | F. സൗഭരകം |
| 7. ശ്യാമായന | g. ശ്വേത | G. മൗരസകം |
| 8. കഠ** | h. ശ്വേതാശ്വേതര | H. ചുചുകഠ |
| | i. ഔപമന്യവ | I. യോഗകഠ |
| 9. കലാപി * | j. പാതാണ്ഡിനേയ | J. ഹപിലകഠ |
| | k. മൈത്രാണീയ** | K. ഭൗസലകഠ |
| | | L. ഘോഷകഠ |
| | | M. ജൃംഭകഠ |

| | | |
|---|---|---|
| ⇩9. കലാപി* | ⇩K. മൈത്രായണീയ** | ⇩V. ഹാരിദ്രവീയ **** |
| I. ഹാരദ്രവീയ | p. മാനവ | i. ആസുരിണ |
| | q. വാരാഹ | ii. ഗാർഗ്യ |
| II. ഛാഗലിന | r. ഭുന്ദുഭ | |
| | s. ഐകേയ | iii. ശാർകരാക്ഷ്യ |
| III. തൗംബരുവിന | t. ശ്യാമാ | i. മാർഗ |
| IV. ഔലുപിന | v.ഹാരിദ്രവീയ **** | v. വാസവീയ |

ഈ ശാഖോപശാഖകളെ പദ്യങ്ങളായ മന്ത്രങ്ങൾ മാത്രമടങ്ങുന്ന ശുക്ലയജുർവേദമെന്നും, ഗദ്യ-പദ്യ മിശ്രമായി രചിച്ചിട്ടുള്ള കൃഷ്ണയജുർവേദമെന്നും വിഭജിച്ചിട്ടുണ്ട്.

ശുക്ലയജുർവേദത്തിലെ പ്രധാന ശാഖയായ മാധ്യന്ദിന യജുർവേദ ശാഖയിൽ 40 അദ്ധ്യായങ്ങളാണുള്ളത്. ഇതിൽ 1975 മന്ത്രങ്ങളുണ്ട്. ദർശ പൂർണമാസിയാഗം.

അഗ്നിഷ്ടോമയാഗം, വാജപേയം, രാജസൂയം, ശതരുദ്രിയം, അശ്വമേധം എന്നീപ്രകാരമുള്ള യാഗങ്ങളുടെ മന്ത്രങ്ങളാണ് ക്രമത്തിൽ രചിച്ചിട്ടുള്ളത്. ഈ വേദത്തിലെ 40-ാം അദ്ധ്യായമാണ് ഈശാവാസ്യ ഉപനിഷദ്. കൃഷ്ണയജുർവേദത്തിലെ പ്രധാന ശാഖയായ തൈത്തിരീയ സംഹിതയിൽ പദ്യ-ഗദ്യ സമ്മിശ്രങ്ങളായി 7 കാണ്ഡങ്ങളാണുള്ളത്. ഈ വേദത്തിലും തൈത്തിരീയ ശാഖക്കാരായ വേദപണ്ഡിതന്മാരാൽ അനുശാസിക്കപ്പെടേണ്ടതായ യാഗകർമ്മങ്ങളുടെ മന്ത്രങ്ങളാണ്.

## സാമവേദം

വേദങ്ങളിൽ ശ്രേഷ്ഠമായത് സാമവേദമാണ് എന്നു പറയുവാൻ കാരണം, യാഗയജ്ഞകർമ്മങ്ങളിൽ അതിമധുരമായി വേദമന്ത്രങ്ങളാലപിക്കുന്ന ഗാനങ്ങളാണ് സാമഗാനങ്ങൾ. യാഗശാലയിൽ ഉദ്ഗാതാവ് എന്ന പുരോഹിതനാണ് സാമഗാനങ്ങൾ ആലപിക്കുന്നത്.

സാമവേദത്തിന് 1000 ശാഖകളുണ്ടത്ര. അവയിൽ പ്രധാനപ്പെട്ട സാമവേദീയ ശാഖകൾ 13 എണ്ണമാണ്. രാണായണീയം, ശാട്യമുഗ്രം, വ്യാസം, ഭാഗുരി, ഔലുണ്ടി, ഗൗൽഗുവി, ഭാനുമാൻ, ഔപമന്യവ, കാരാടി, മശക, ഗാർഗ്യ കൗഥുമ, ശാലീഹോത്ര, ജൈമിനീയ, ശാഖകളാണിവ. 1861 മന്ത്രങ്ങളാണ് സാമവേദത്തിലുള്ളത്. അതിൽ 267 മന്ത്രങ്ങൾ രണ്ടു പ്രാവശ്യം ചൊല്ലുന്നതിനാൽ, ഇവ പുനരുക്തികൾ എന്നറിയപ്പെടുന്നു. അവ മാറ്റി നോക്കിയാൽ സാമവേദമന്ത്രങ്ങളുടെ എണ്ണം 1549 മാത്ര



Scanned with CamScanner

മാണ്. ഇതിൽ 105 മന്ത്രങ്ങളൊഴികെ ബാക്കിയുള്ള ഋഗ്വേദമന്ത്രങ്ങൾ സാമഗാന നിയമമനുസരിച്ച് ആലപിക്കുന്നവയാണ്.

സാമവേദമന്ത്രങ്ങളുടെ ആലാപന പഠനം അതികഠിനമാണ്. ഈ സാമഗാനങ്ങളെ ഗ്രാമഗേയ ഗാനങ്ങൾ, ആരണ്യ ഗേയഗാനങ്ങൾ, ഊഹ ഗാനങ്ങൾ, ഊഹ്യഗാനങ്ങൾ എന്നിപ്രകാരം തിരിച്ചിരിക്കുന്നു.

അനവധി ശാഖകളുള്ള സാമവേദത്തിൽ പ്രധാനപ്പെട്ട ഒരു ശാഖയായ ജൈമിനീയ സാമവേദ ശാഖയിൽ ഗ്രാമാന്തരീക്ഷത്തിൽ ആലപിക്കാവുന്ന 1232 ഗ്രാമഗേയഗാനങ്ങളും, ആരണ്യത്തിൽ ആലപിക്കേണ്ടതായ 291 ആരണ്യഗേയഗാനങ്ങളും ചുണ്ടനക്കി മന്ത്രിക്കാവുന്ന 1802 ഊഹഗാനങ്ങളും, മനസ്സിൽ ആലപിക്കാവുന്ന 356 ഊഹ്യഗാനങ്ങളുമാണുള്ളത്. വ്യത്യസ്ത സാമവേദ ശാഖയിൽ ഈ നാലു തരംഗാനങ്ങളുടെ സംഖ്യ വ്യത്യസ്തമായിരിക്കും.

## അഥർവവേദം

അഥർവവേദത്തിന് 50 ശാഖകളാണുള്ളത്. ഇന്നു ലഭ്യമായ, പിപ്പലാദ, തൗദ, മൗദ, ശൗനകീയ, ജാജല, ജലദ, ബ്രഹ്മവദ, ദേവദർശ, ചാരണ വൈദ്യ എന്നീ പേരിലറിയപ്പെടുന്ന അഥർവവേദീയ ശാഖകളാണ്. 5987 മന്ത്രങ്ങളെ 20 കാണ്ഡങ്ങളിലായി തിരിച്ചിരിക്കുന്ന ശാഖയാണ് അഥർവവേദീയ ശൗനകീയശാഖ. ഇതിൽ 1200 ഓളം മന്ത്രങ്ങൾ ഋഗ്വേദത്തിൽ നിന്നെടുത്തതാണ്. അഥർവവേദ മന്ത്രങ്ങളിലെ വിഷയങ്ങളിൽ ആത്മീയത, ആശ്രമകർമ്മങ്ങൾ, ഔഷധി വിവരണം, രോഗനിവാരണം, പാപനാശനം, അന്നവർധനം, രാജവിജയം, രഥാരോഹണം, ശത്രുനാശനം, മണിധാരണം, സുഖപ്രാപ്തി എന്നിപ്രകാരം അനവധി വിഷയങ്ങൾ പ്രതിപാദിക്കുന്നുണ്ട്.

അഥർവ വേദത്തിന്, ബ്രഹ്മവേദം, ആംഗീരസവേദം, അഥർവാംഗീരസ വേദം, ക്ഷേത്രവേദം, ഭൈഷജ്യവേദം എന്നീ പേരുകളുമുണ്ട്.

## ബ്രാഹ്മണ ഗ്രന്ഥങ്ങൾ

വേദത്തിന്റെ ഭാഗമായി വരുന്ന ബ്രാഹ്മണ (ഗദ്യങ്ങളായി) ഭാഗങ്ങളുണ്ട്. പ്രത്യേക ബ്രാഹ്മണങ്ങളുമുണ്ട്. ഓരോ വേദത്തിനും ഒന്നോ അതിൽ കൂടുതലോ ബ്രാഹ്മണങ്ങളുണ്ട്. ഋഗ്വേദത്തിന്റെ എല്ലാ ബ്രാഹ്മണങ്ങളും മറ്റു വേദങ്ങളുടെ ചില ബ്രാഹ്മണങ്ങളും വ്യാഖ്യാനമില്ലാതെ മനസ്സിലാക്കുവാൻ അസാധ്യമാണ്.

യാഗങ്ങളുടേയും, മറ്റുകർമ്മങ്ങളുടേയും സംക്ഷിപ്ത വിവരണമാണ്



Scanned with CamScanner

ബ്രാഹ്മണഗ്രന്ഥങ്ങളിലുള്ളത്. ചില ഗ്രന്ഥങ്ങളിൽ ചരിത്ര ഭാഗങ്ങളും അടങ്ങിയിട്ടുണ്ട്.

**ഋഗ്വേദീയ ഐതരേയ ബ്രാഹ്മണം** : മഹീദാസ ഐതരേയൻ എന്ന ഋഷിവര്യൻ 40 അദ്ധ്യായങ്ങളിലായി വിവരിക്കുന്ന ഈ ഗ്രന്ഥത്തിൽ വിവിധ വിഷയങ്ങളെ പ്രതിപാദിക്കുന്നു. യാഗയജ്ഞങ്ങൾ കൂടാതെ രാജാധികാരം രാജപട്ടാഭിഷേകം തുടങ്ങിയ വിഷയങ്ങളുമുണ്ട്.

**ഋഗ്വേദീയ സാംഖായന ബ്രാഹ്മണം** : യാഗകർമ്മങ്ങളുടെ വിസ്തരിച്ചുള്ള വിവരണമാണ് 30 അധ്യായങ്ങളിലായി ശാംഖായനഋഷി നൽകിയിരിക്കുന്നത്.

**യജുർവേദീയ ശതപഥബ്രാഹ്മണം** : യജ്ഞവൽക്യ മഹർഷി 100 (ശതം) അദ്ധ്യായങ്ങളിലായി (പഥം) രചിച്ച അതിബൃഹത്തായതും വ്യക്തമായി രചിക്കപ്പെട്ടതുമായ ഒരു ഗ്രന്ഥമാണ് ശുക്ലയജുർവേദീയ ശതപഥബ്രാഹ്മണം. രാജസൂയം, വാജപേയം, ദർശപൂർണമാസി, തുടങ്ങിയ അനവധി യാഗങ്ങളുടെ ക്രമാനുഗത വിവരണത്തോടൊപ്പം അനവധി ജനപഥങ്ങളുടേയും, രാജാക്കന്മാരുടേയും ചരിത്രം ഈ ഗ്രന്ഥത്തിലുണ്ട്. സഹസ്രാബ്ദങ്ങൾക്കു മുമ്പുള്ള ഭാരതത്തിന്റെ വിവരണം ഈ ഗ്രന്ഥത്തിൽ നിന്നും ലഭ്യമാണ്. **ബൃഹദാരണ്യക ഉപനിഷദ്**, ഈ ബ്രാഹ്മണഭാഗമാണ്.

**യജുർവേദീയ തൈത്തിരീയ ബ്രാഹ്മണം** : കൃഷ്ണയജുർവേദീയമാണ് ഈ ബ്രാഹ്മണഗ്രന്ഥം. യാഗങ്ങളുടെ വിവരണത്തോടൊപ്പം **തൈത്തിരീയ ഉപനിഷദ്, മഹാനാരായണ ഉപനിഷദ് യാജ്ഞികി ഉപനിഷദ്**, എന്നിവ ബ്രാഹ്മണ ഭാഗമായി വരുന്നു.

**സാമവേദീയ താണ്ഡ്യബ്രാഹ്മണം** : 25 അധ്യായങ്ങളുള്ള ഈ ഗ്രന്ഥം, പ്രൗഢബ്രാഹ്മണമെന്നും, പഞ്ചവിംശദ് ബ്രാഹ്മണമെന്നും അറിയപ്പെടുന്നു. സാമവേദീയ യാഗകർമ്മങ്ങളുടെ വിവരണമാണ് ഗ്രന്ഥവിഷയം.

**സാമവേദീയ ജൈമിനീയ ബ്രാഹ്മണം** : മൂന്നു കാണ്ഡങ്ങളിലായി യാഗകർമ്മവിവരണങ്ങൾതന്നെ ഇതിലും നൽകിയിരിക്കുന്നു.

**സാമവേദീയ ഉപനിഷദ് ബ്രാഹ്മണം** : ആത്മീയ തത്വചിന്തകളടങ്ങുന്ന ഉപനിഷദ് വിവരണങ്ങളാണ് ഈ ഗ്രന്ഥത്തിലെ വിഷയം. **കേനോപനിഷദ്** ഇതിന്റെ ഭാഗമാണ്.

**സാമവേദീയ ദേവതാധ്യായ ബ്രാഹ്മണം** : വൈദിക ദേവന്മാരുടെ സ്തുതികളും, ഛന്ദസ്സുകളുമാണ് ഈഗ്രന്ഥത്തിലെ വിഷയം, വിവിധ മന്ത്രങ്ങൾ ആലാപനം ചെയ്യുന്നതിന്റെ മഹത്വം ഇതിൽ വിവരിക്കുന്നു.



Scanned with CamScanner

**സാമവേദീയ ജൈമിനിയോപനിഷദ് ബ്രാഹ്മണം** : ആത്മോപദേശങ്ങളും തത്വശാസ്ത്രവിഷയങ്ങളുമാണിതിലുള്ളത്.

**സാമവേദിയ സംഹിതോപനിഷദ് ബ്രാഹ്മണം** : സാമവേദമന്ത്രങ്ങളുടെ ഗാനരൂപങ്ങൾ, ഭാവങ്ങൾ, ആലാപന രീതികൾ, സുദീർഘമായ 5 ഖണ്ഡങ്ങളിലായി സംഹിതോപനിഷദ് ബ്രാഹ്മണത്തിൽ വിവരിക്കുന്നു. യാഗാനുഷ്ഠാനത്തിന്റെ വർണ്ണനയുമുണ്ടിതിൽ.

**സാമവേദീയ വംശ ബ്രാഹ്മണം** : സാമവേദ മന്ത്രങ്ങൾ രചിച്ചതും ക്രോഡീകരിച്ചതും സാമഗാനങ്ങൾക്കു രൂപം / ശ്രുതി നൽകിയതുമായ ഋഷിവര്യന്മാരുടെ വംശപരമ്പരകളുടെ വിവരണം മാത്രമാണീ ഗ്രന്ഥവിഷയം. 3 ഖണ്ഡങ്ങളിലായിട്ടാണ് വിവരണം നൽകിയിട്ടുള്ളത്.

**സാമവേദീയ ആർഷേയ ബ്രാഹ്മണം** : സാമം ഗാനാലാപനരീതിയുടെ അതിഗഹനമായ വിഷയങ്ങളാണ് ഈ ഗ്രന്ഥ - ഗ്രാമഗേയ - ആരണ്യഗേയ - ഊഹ - ഊഹ്യ ഗാനങ്ങളെക്കുറിച്ച് ചിന്താതീത വിവരണങ്ങളാണിതിലെ അഞ്ച് അദ്ധ്യായങ്ങളിലുള്ളത്.

**സാമവേദീയ ഷഡ്വിംശ ബ്രാഹ്മണം** : പഞ്ചവിംശത് ബ്രാഹ്മണത്തിലെ തുടർച്ചയായ അധ്യായമായതുകൊണ്ടാണ് ഇത് ഷഡ്വിംശത് ബ്രാഹ്മണമെന്നറിയപ്പെടുന്നത്. ഇതിലെ വിഷയങ്ങളെല്ലാം അനേകം തരത്തിലുള്ള യാഗങ്ങളിൽ ആലപിക്കേണ്ട സാമഗാനങ്ങളുടെ പ്രത്യേകതകളാണ്.

**സാമവേദീയ ഛാന്ദോഖ്യ ബ്രാഹ്മണം** : 10 പ്രപാഠകങ്ങളുള്ള ഛാന്ദോഖ്യബ്രാഹ്മണത്തിലെ പ്രധാന വിവരണങ്ങൾ ഒരു ഭാഗം, ഗൃഹസ്ഥൻ ആചരിക്കേണ്ടതായ ആചാര വിവരണങ്ങളാണ്. ആദ്യത്തെ രണ്ടു പ്രപാഠകങ്ങളിലായി ഈ വിവരണങ്ങളും തുടർന്നുള്ള 8 പ്രപാഠകങ്ങളിലായി **ഛാന്ദോഖ്യ ഉപനിഷത്തുമാണ്** വിഷയങ്ങളായി നൽകിയിട്ടുള്ളത്.

**അഥർവവേദീയ ഗോപഥബ്രാഹ്മണം** : പൂർവ്വബ്രാഹ്മണമെന്നും ഉത്തര ബ്രാഹ്മണമെന്നും രണ്ടായിതിരിച്ചിരിക്കുന്ന ഗോപഥബ്രാഹ്മണത്തിൽ യജ്ഞയാഗ അർത്ഥങ്ങളും, ഫലശ്രുതികളുമാണുള്ളത്.

## ആരണ്യക ഗ്രന്ഥങ്ങൾ

വാനപ്രസ്ഥത്തിനിറങ്ങുന്നവർ വനാന്തരീക്ഷത്തിൽ അനുശാസിക്കേണ്ടതായ യാഗയജ്ഞകർമ്മങ്ങളും ആത്മതത്വവിവരണങ്ങളുമാണ് ആരണ്യകഗ്രന്ഥവിഷയങ്ങൾ.

**ഋഗ്വേദീയ ഐതരേയ ആരണ്യകം** : ആത്മീയ വിവരങ്ങൾ സുദീർഘമായി വിവരിക്കുന്ന ഈ ഗ്രന്ഥഭാഗമാണ് **ഐതരേയ ഉപനിഷദ്. മഹൈ**



Scanned with CamScanner

തരേയോപനിഷദ്, ബഹ്വൃച ഉപനിഷദ്, സംഹിതോപനിഷദ് എന്നിവയിലുള്ളത്.

**ഋഗ്വേദീയ കൗഷീതകീ ആരണ്യകം :** ആത്മീയതത്വങ്ങളുടെ സുദീർഘ വിവരണത്തോടൊപ്പം, 15 അധ്യായങ്ങളുള്ള ഈ ആരണ്യകത്തിലെ 3 മുതൽ 6 വരെ അധ്യായങ്ങളാണ് **കൗഷീതകി ഉപനിഷദ്.**

**യജുർവേദീയ മൈത്രായണീയ ആരണ്യകം :** ബൃഹദ്രഥരാജന്റെ കഥയിലൂടെ ആത്മീയ തത്വങ്ങൾ വിവരിക്കുന്നതാണ് മൈത്രായണീയ ആരണ്യകം. ഇതിൽ **മൈത്രായണീയ ഉപനിഷത്തും** വരുന്നുണ്ട്.

**യജുർവേദീയ തൈത്തിരീയ ആരണ്യകം :** ആത്മീയ വിഷയങ്ങൾ തന്നെ 8 പ്രപാഠകങ്ങളായി ഇതിൽ വിവരിക്കുന്നു. **തൈത്തിരീയ ഉപനിഷദ്** ഈ ആരണ്യകത്തിന്റെ ഭാഗമാണ്.

സാമവേദത്തിന് ആരണ്യകങ്ങളില്ലാ എങ്കിലും സാമവേദീയ ബ്രാഹ്മണത്തിൽ ആത്മതത്വങ്ങൾ വിവരിക്കുന്ന ഗ്രന്ഥങ്ങളെ (സാമവേദീയ ബ്രാഹ്മണഗ്രന്ഥങ്ങൾ വിവരിക്കുന്ന ഭാഗത്ത് ഈ വിവരണങ്ങളുണ്ട്) ആരണ്യക ഗ്രന്ഥങ്ങളായി ഗണിക്കാം എന്നൊരഭിപ്രായമുണ്ട്.

അഥർവവേദത്തിന് ആരണ്യകങ്ങളില്ല.

## ഉപനിഷത്തുക്കൾ

പരമമായ സത്യത്തിന്റെ അടുത്തേയ്ക്ക് (ഉപ)നയിക്കുന്നത് (നിഷദ്) എന്ന അർത്ഥത്തിലാണ് ഈ പേരുണ്ടായത്. പഞ്ചഭൂതം, പഞ്ചപ്രാണൻ, പഞ്ചജ്ഞാനേന്ദ്രിയം, പഞ്ചകർമ്മേന്ദ്രിയം, മനസ്സ്, പ്രകൃതി, പ്രപഞ്ചം, പരമാത്മചൈതന്യം, ബ്രഹ്മചൈതന്യം എന്നിപ്രകാരമുള്ള അനവധി ആത്മീയ വിഷയങ്ങൾ വിവരിക്കുന്നതാണ് ഉപനിഷത്തുക്കൾ. പ്രധാനപ്പെട്ട 108 ഉപനിഷത്തുക്കളാണുള്ളത്. ഇവ, ഋഗ്വേദം, കൃഷ്ണയജുർവേദം, ശുക്ലയജുർവേദം, സാമവേദം, അഥർവ്വവേദം ഇവയുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ചിരിക്കുന്നു. വേദഭാഗമായി വരുന്നത് ഈശാവാസ്യഉപനിഷദ് മാത്രമാണ്. ബാക്കിയുള്ളവ ബ്രാഹ്മണ ഗ്രന്ഥങ്ങളുടേയോ ആരണ്യകങ്ങളുടേയോ സ്വതന്ത്രമായി രചിക്കപ്പെട്ട ഉപനിഷത്തുക്കളാണ് ഋഗ്വേദീയമായ 10 ഉപനിഷത്തുക്കളുടെ ശാന്തി മന്ത്രം **ഓം വാങ്മേ മനസി........** എന്നു തുടങ്ങി ........ **അവതു വക്താരം** എന്നവസാനിക്കുന്നു.

1. ഐതരേയ ഉപനിഷദ്
2. കൗഷീതകി ഉപനിഷദ്
3. നാദബിന്ദു ഉപനിഷദ്
4. ആത്മബോധ ഉപനിഷദ്



Scanned with CamScanner

5. നിർവാണ ഉപനിഷദ് 6. മുൽഗല ഉപനിഷദ്
7. അക്ഷമാലിക ഉപനിഷദ് 8. ത്രിപുര ഉപനിഷദ്
9. സൗഭാഗ്യലക്ഷ്മി ഉപനിഷദ് 10. ബഹ്വൃച ഉപനിഷദ്

ശുക്ലയജുർവേദീയമായ 19 ഉപനിഷത്തുക്കളുടെ ശാന്തി മന്ത്രം. **ഓം പൂർണമദ പൂർണമിദം.....** എന്നാരംഭിച്ച് ..... **പൂർണമേവാവശിഷ്യതേ** എന്നവസാനിക്കുന്നു.

1. ഈശാവാസ്യ ഉപനിഷദ് 2. ബൃഹദാരണ്യക ഉപനിഷദ്
3. ഹംസ ഉപനിഷദ് 4. പരമഹംസ ഉപനിഷദ്
5. സുബാല ഉപനിഷദ് 6. മന്ത്രിക ഉപനിഷദ്
7. തൃശിഖിബ്രാഹ്മണ ഉപനിഷദ് 8. നിരാലംബ ഉപനിഷദ്
9. മണ്ഡലബ്രാഹ്മണ ഉപനിഷദ് 10. അദ്വയ ഉപനിഷദ്
11. താരക ഉപനിഷദ് 12. ഭിക്ഷുക ഉപനിഷദ്
13. അദ്ധ്യാത്മ ഉപനിഷദ് 14. മുക്തിക ഉപനിഷദ്
15. താരാശര ഉപനിഷദ് 16. യജ്ഞവൽക്യ ഉപനിഷദ്
17. ശാട്യായന ഉപനിഷദ് 18. തുരിയാതീയ അവധൂത ഉപനിഷദ്

കൃഷ്ണയജുർവേദീയമായ 32 ഉപനിഷത്തുക്കളുടെ ശാന്തിമന്ത്രം - **ഓം സഹനാ വവതു........**

1. കഠ ഉപനിഷദ് 2. തൈത്തിരീയ ഉപനിഷദ്
3. ബ്രഹ്മ ഉപനിഷദ് 4. കൈവല്യ ഉപനിഷദ്
5. ശ്വേതാശ്വേതര ഉപനിഷദ് 6. ഗർഭ ഉപനിഷദ്
7. മഹാനാരായണ ഉപനിഷദ് 8. അമൃതബിന്ദു ഉപനിഷദ്
9. അമൃതനാദ ഉപനിഷദ് 10. കാലാഗ്നിരുദ്ര ഉപനിഷദ്
11. ക്ഷുരിക ഉപനിഷദ് 12. സർവസാര ഉപനിഷദ്
13. ശുകരഹസ്യ ഉപനിഷദ് 14. തേജബിന്ദു ഉപനിഷദ്
15. ധ്യാനബിന്ദു ഉപനിഷദ് 16. ബ്രഹ്മവിദ്യ ഉപനിഷദ്
17. യോഗതത്വ ഉപനിഷദ് 18. ദക്ഷിണാമൂർത്തി ഉപനിഷദ്
19. സ്കന്ദ ഉപനിഷദ് 20. ശാരീരിക ഉപനിഷദ്
21. യോഗശിഖ ഉപനിഷദ് 22. ഏകാക്ഷര ഉപനിഷദ്
23. അക്ഷി ഉപനിഷദ് 24. അവധൂത ഉപനിഷദ്
25. കഠരുദ്ര ഉപനിഷദ് 26. രുദ്രഹൃദയ ഉപനിഷദ്
27. പഞ്ചബ്രഹ്മ ഉപനിഷദ് 28. പ്രാണാഗ്നിഹോത്ര ഉപനിഷദ്
29. വരാഹ ഉപനിഷദ് 30. യോഗകുണ്ഡലിനി ഉപനിഷദ്
31. കലിസന്തരണ ഉപനിഷദ് 32. സരസ്വതീ രഹസ്യ ഉപനിഷദ്.



Scanned with CamScanner

സാമവേദീയമായ 16 ഉപനിഷത്തുക്കളുടെ ശാന്തിമന്ത്രം : **ഓം ആപ്യായന്തു മമാംഗാനി .......... തേ മായി സന്തു** എന്നതാണ്.

1. കേന ഉപനിഷദ്
2. ഛാന്ദോഖ്യ ഉപനിഷദ്
3. ആരുണി ഉപനിഷദ്
4. മൈത്രയണീ ഉപനിഷദ്
5. മൈത്രേയീ ഉപനിഷദ്
6. വജ്രസൂചിക ഉപനിഷദ്
7. യോഗചൂഡാമണി ഉപനിഷദ്
8. വാസുദേവ ഉപനിഷദ്
9. മഹോപനിഷദ്
10. സംന്യാസ ഉപനിഷദ്
11. അവ്യക്ത ഉപനിഷദ്
12. കുണ്ഡിക ഉപനിഷദ്
13. സാവിത്രി ഉപനിഷദ്
14. ജാബാല ഉപനിഷദ്
15. ദർശന ഉപനിഷദ്
16. രുദ്രാക്ഷ ജാബാല ഉപനിഷദ്

അഥർവവേദീയമായ 31 ഉപനിഷത്തുക്കളുടെ ശാന്തിമന്ത്രം. **ഓം ഭദ്രം കർണ്ണേഭി ശ്രുണുയാമ** ......... എന്നതാണ്.

1. പ്രശ്ന ഉപനിഷദ്
2. മുണ്ഡക ഉപനിഷദ്
3. മാണ്ഡൂക്യ ഉപനിഷദ്
4. അഥർവശിര ഉപനിഷദ്
5. അഥർവശിഖ ഉപനിഷദ്
6. ബൃഹദ്ജാബാല ഉപനിഷദ്
7. സീത ഉപനിഷദ്
8. ശരഭ ഉപനിഷദ്
9. മഹാനാരായണ ഉപനിഷദ്
10. രാമരഹസ്യ ഉപനിഷദ്
11. രാമതാപിനി ഉപനിഷദ്
12. സാണ്ഡില്യ ഉപനിഷദ്
13. പരമഹംസ ഉപനിഷദ്
14. അന്നപൂർണ ഉപനിഷദ്
15. സൂര്യ ഉപനിഷദ്
16. ആത്മ ഉപനിഷദ്
17. പാശുപത ഉപനിഷദ്
18. പരബ്രഹ്മ ഉപനിഷദ്
19. ത്രിപുരതാപിനി ഉപനിഷദ്
20. ദേവി ഉപനിഷദ്
21. ഭാവന ഉപനിഷദ്
22. ഭസ്മ ജാബാല ഉപനിഷദ്
23. ഗണപതി ഉപനിഷദ്
24. മഹാവാക്യ ഉപനിഷദ്
25. ഗോപാലതാപിനി ഉപനിഷദ്
26. ശ്രീകൃഷ്ണ ഉപനിഷദ്
27. ഹയഗ്രീവ ഉപനിഷദ്
28. ദത്താത്രേയ ഉപനിഷദ്
29. ഗരുഡ ഉപനിഷദ്
30. നരസിംഹപൂർവതാപിനി ഉപനിഷദ്
31. നാരദപരിപ്രാജക ഉപനിഷദ്
32. നരസിംഹ ഉത്തരതാപിനി ഉപനിഷദ്.

എല്ലാ വേദശാഖകളുടേയും ഉപനിഷത്തുക്കളിൽ വിവിധങ്ങളായ ആത്മതത്വങ്ങൾ, യോഗം, ആചാരം, നിയമങ്ങൾ, തുടങ്ങിയവയും സംക്ഷിപ്തമായോ വിസ്തരിച്ചോ വിവരിക്കുന്നു.



Scanned with CamScanner

# വേദാംഗങ്ങൾ

വേദങ്ങളുമായി ബന്ധപ്പെടുന്ന ആറുവിജ്ഞാനശാഖകളാണ് വേദാംഗങ്ങൾ. അവയെ വേദങ്ങളുടെ അവയവങ്ങൾ എന്ന അർത്ഥ ത്തിലാണ് വേദാംഗങ്ങൾ എന്നു പറയുന്നത്. ശിക്ഷ, നിരുക്തം, വ്യാക രണം, ഛന്ദഃശാസ്ത്രം, കൽപശാസ്ത്രം, ജ്യോതിഷം എന്നിവയാണ് വേദാംഗങ്ങൾ. ആധുനിക സംസ്കൃതത്തിന്റേയും ഭാരതീയ ഭാഷക ളുടേയും അടിസ്ഥാന ഭാഷാ നിയമങ്ങൾ വിവരിക്കുന്നത് ആദ്യത്തെ നാലു വേദാംഗങ്ങളിലാണ്.

**ശിക്ഷാഗ്രന്ഥങ്ങൾ** : വേദമന്ത്രാലാപനരീതിയും വേദമന്ത്രങ്ങളുടെ ഘട നയും, നിയമങ്ങളും വിവരിക്കുന്ന 18 പുസ്തകങ്ങൾ ചേർന്നതാണ് (വേദങ്ങളുടെ **ശിക്ഷണ** നിയമങ്ങളടങ്ങുന്ന) ശിക്ഷാഗ്രന്ഥങ്ങൾ. ശൗന കശിക്ഷ, യജ്ഞവൽക്യശിക്ഷ, വസിഷ്ഠശിക്ഷ, കാത്യായന ശിക്ഷ, നാരദീയശിക്ഷ, ഗൗതമീയ ശിക്ഷ, പാണിനീയശിക്ഷ, ശിശിരശിക്ഷ, ആപിശലീ ശിക്ഷ എന്നിവ പ്രധാനപ്പെട്ടവയാണ്. ഗ്രന്ഥരചയിതാക്ക ളായ ഋഷിവര്യന്മാരുടെ പേരിലാണിവ അറിയപ്പെടുന്നത്.

**നിരുക്തഗ്രന്ഥങ്ങൾ** : വേദപദങ്ങളുടെ ഉത്ഭവം സമഗ്രമായി വിവരി ക്കുന്ന 18 നിരുക്ത ഗ്രന്ഥങ്ങളുണ്ട്. ഓരോ വൈദിക സംസ്കൃത പദവും അർത്ഥവത്തായ അക്ഷരങ്ങളുടേയും പദങ്ങളുടേയും സമൂഹമാണ്. ഉദാ: ഹൃദയം എന്ന പദത്തിൽ ഹൃ എന്നത് ആഹരതി - സ്വീകരിക്കു ന്നു, ദ എന്നത് ദദാതി - കൊടുക്കുന്നു, യം എന്നത് അയതി കറ ക്കുന്നു എന്നിങ്ങനെയാണ്. അതായത് ഹൃദയത്തിന്റെ ധർമ്മം തന്നെ ആ പദത്തിലുണ്ടെന്നർത്ഥം. യാസ്കാചാര്യൻ രചിച്ച യാസ്ക നിരുക്തം സമ്പൂർണ വേദപദങ്ങളുടെയും വിവരണം നൽകുന്നു. ലോക ത്തിലെ ആദ്യത്തെ നിഘണ്ടുവാണിത്. മറ്റു പ്രധാനപ്പെട്ട നിരുക്തഗ്ര ന്ഥങ്ങൾ ഔപമന്യവ, ഔദുംബരായണ, ഗാർഗ്യ, ഗാലവ, വാർഷ്യാ യണീ, ആഗ്രയണ, ശാകപൂർണ, ആർണനാഭ, തൈഠിക, സ്ഥൗലേഷ്ഠി, ക്രൗഷ്ഠുക, കാത്ഥ്യ എന്നീ ഋഷീശ്വരന്മാരുടെ രചനകളാണ്.

**വ്യാകരണ ഗ്രന്ഥങ്ങൾ** : വൈദീക ഗ്രന്ഥങ്ങളിലെ സംസ്കൃത പദ ങ്ങളുടെ സമഗ്രമായ വ്യാകരണ നിയമങ്ങൾ വിവരിക്കുന്ന 18 ഗ്രന്ഥങ്ങ ളെയാണ് ഈ വ്യാകരണ വേദാംഗത്തിൽ വിവരിക്കുന്നത്. 2105 സൂത്ര ങ്ങളിലൂടെ പാണിനിയും വേദപദങ്ങളുടെ വ്യാകരണ നിയമങ്ങൾ അഷ്ടാധ്യായീ അഥവാ മഹാഭാഷ്യം എന്ന ഗ്രന്ഥത്തിൽക്രോഡീകരി ച്ചിട്ടുണ്ട്. ആധുനികമായ ദേശ-വിദേശ ഭാഷകൾക്ക് ആധാരം ഈ വ്യാകരണ ഗ്രന്ഥങ്ങളായിത്തീർന്നിട്ടുണ്ട്. ആപിശലി, ഗാർഗ്യൻ, ഗാല



Scanned with CamScanner

വൻ, ശാകല്യൻ, ശാകടായനൻ, ഭരദ്വാജൻ, സ്ഫോടായനൻ എന്നിവരും പ്രസിദ്ധരായ വ്യാകരണ കർത്താക്കളായിരുന്നു.

**ഛന്ദഃ ശാസ്ത്ര ഗ്രന്ഥങ്ങൾ :** അക്ഷരസംഖ്യകളുടെ അടിസ്ഥാനത്തിൽ വേദമന്ത്രങ്ങളുടെ ഛന്ദസ്സ് വിവരിക്കുന്ന ഗ്രന്ഥങ്ങളാണിവ. ഗായത്രി (24 അക്ഷരങ്ങൾ) ഉഷ്ണിക് (28) അനുഷ്ടുപ്പ് (32) ബൃഹതി (36) പംക്തി (40) തൃഷ്ടുപ്പ് (44) ജഗതി (48) എന്നിപ്രകാരമുള്ള ഛന്ദസ്സുകളുടെ സുദീർഘമായ വിവരണം പിംഗളാചാര്യൻ ഛന്ദഃശാസ്ത്രത്തിൽ നൽകിയിട്ടുണ്ട്. *ഗായത്രി ഉഷ്ണിക് തഥാനുഷ്ടുപ് ബൃഹതിപങ്ക്തയഃ പുനഃ തൃഷ്ടുഭം ചൈവ ജഗതീ സപ്തൈധാ ഛന്ദസ: സ്മൃത:* അതി ഗഹനമായ വ്യാകരണ നിയമങ്ങളും ഈ ഗ്രന്ഥത്തിൽ വരുന്നു. കാളിദാസൻ, വരാഹമിഹിരൻ, ക്ഷേമചന്ദ്രൻ, ഹേമചന്ദ്രൻ, കേദാരഭട്ടൻ, ഗംഗാധരൻ, ദാമോദരമിശ്രൻ ഇവരെല്ലാം പ്രസിദ്ധരായ കവിതാ നിയമ രചയിതാക്കളാണ്.

**കൽപ്പശാസ്ത്രഗ്രന്ഥങ്ങൾ :** സമ്പൂർണ ഭാരതീയ ആചാരാനുഷ്ഠാനങ്ങളെ ക്രോഡീകരിക്കുന്ന അനവധി ഗ്രന്ഥങ്ങൾ കൽപശാസ്ത്രത്തിൽ വരുന്നു. പ്രധാനപ്പെട്ട നാല് ഉപവിഭാഗങ്ങൾ ക്രോഡീകരിച്ചെഴുതുന്ന സമ്പ്രദായം പാലിക്കപ്പെട്ടത് ഇവിടെയാണ്. യാഗശാസ്ത്രനിയമങ്ങൾ വിവരിക്കുന്ന ശ്രൗതസൂത്രം. ഗൃഹസ്ഥന്മാർ അനുശാസിക്കേണ്ടതായ എല്ലാ ആചാരങ്ങളും കൽപശാസ്ത്രത്തിലെ ഗൃഹ്യസൂത്രത്തിൽ വിവരിക്കുന്നു. ഒരു രാഷ്ടത്തിലെ സമഗ്രമായ നിയമാവലികൾ വിവരിക്കുന്നതാണ്, ധർമ്മശാസ്ത്രം. മരണാനന്തര കർമ്മങ്ങളെ ക്രമീകരിച്ചിരിക്കുന്നത് കൽപ്പശാസ്ത്രത്തിലെ പിതൃമേധസൂത്രത്തിലാണ്.

**ശ്രൗതസൂത്രഗ്രന്ഥങ്ങൾ :** കൽപ്പശാസ്ത്രമെന്ന വേദാംഗത്തിലെ ആദ്യ ഭാഗമായ ശ്രൗതസൂത്രത്തിൽ യാഗകർമ്മങ്ങളുടെ വിവരണങ്ങളാണ്. ആശ്വലായനശ്രൗതം, സാംഖ്യായനശ്രൗതം, കൗഷീതകിശ്രൗതം, കാത്യായന ശ്രൗതം, ബൗധായന ശ്രൗതം, ഭരദ്വാജ ശ്രൗതം, അപസ്തംബശ്രൗതം, സത്യാഷാഢശ്രൗതം, വൈഖാനസശ്രൗതം, വാധൂലശ്രൗതം, മാനവ ശ്രൗതം, ജൈമിനീയ ശ്രൗതം, മശകശ്രൗതം, ക്ഷുദ്ര ശ്രൗതം, ജൈമിനീയ ശ്രൗതം, ലാട്യായന ശ്രൗതം, ദ്രാഹ്യായണശ്രൗതം, നിദാനശ്രൗതം എന്നീ ശ്രൗതസൂത്രഗ്രന്ഥങ്ങൾ യാഗാചാരങ്ങൾ വിവരിക്കുന്നു. ഓരോ ഗ്രന്ഥവും അതാതു ഋഷിവര്യന്റെ പേരിലാണറിയപ്പെടുന്നത്. വളരെ വ്യക്തമായി യാഗാചാരങ്ങൾ ഇവിടെ വിവരിക്കുന്നുണ്ട്. ശ്രൗതസൂത്രത്തിന്റെ തന്നെ ഭാഗമായി, യാഗശാലയുടെ നിർമ്മാണ ഗണിതം (ജ്യോമട്രി) വിവരിക്കുന്ന ഗ്രന്ഥങ്ങൾ സുൽബ



Scanned with CamScanner

സൂത്രങ്ങൾ എന്നറിയപ്പെടുന്നു. പ്രധാനപ്പെട്ട സുൽബസൂത്രഗ്രന്ഥങ്ങൾ ബൗധായനൻ, കാത്യായനൻ, അപസ്തംബൻ, മാനവൻ (പൊതുവായത് എന്നർത്ഥവും ഈ മാനവ എന്ന പേരിലുണ്ട്) പ്രസിദ്ധമാണ്.

**ഗൃഹ്യസൂത്രഗ്രന്ഥങ്ങൾ :** ഗൃഹസ്ഥന്മാർക്കുവേണ്ടി അനുശാസിക്കുന്ന എല്ലാ ആചാരങ്ങളും (ജാതകർമ്മം, നാമകരണം, നിഷ്ക്രമണം, ഉപനയനം, വിവാഹം, ഗൃഹനിർമ്മാണം.........) കൽപ്പശാസ്ത്രത്തിലെ ഗൃഹ്യസൂത്രത്തിൽ വിവരിക്കുന്നു. ആശ്വലായനൻ, സാംഖ്യയാനൻ, കൗഷീതകി, പാരസ്കരൻ, ബൗധായനൻ, മാനവം, ഭരദ്വാജൻ, ആപസ്തംബൻ, കാഠകം, അഗ്നിവേശൻ, വരാഹൻ, വൈഘാനസൻ, ഗോഭിലൻ, കൗഥുമൻ, ഖാദിരൻ, ദ്രാഹ്യായണൻ, ജൈമിനീ, കൗശികൻ, തുടങ്ങിയ അനവധി ഋഷിവര്യന്മാരുടെ സംഭാവനകളായിട്ടാണ് ഗൃഹ്യസൂത്രങ്ങളറിയപ്പെടുന്നത്.

**ധർമ്മശാസ്ത്രം :** മാനവരാശിയുടെ സമഗ്രമായ വ്യക്തി-കുടുംബ-സമൂഹ-രാഷ്ട്രനിയമങ്ങൾ ക്രോഡീകരിച്ചെഴുതിയിരിക്കുന്ന ഗ്രന്ഥങ്ങളാണ് കൽപ്പശാസ്ത്രത്തിന്റെ ഭാഗമായ ധർമ്മശാസ്ത്ര ഗ്രന്ഥങ്ങൾ. ഗൗതമൻ, ബൗധായനൻ, ആപസ്തംബൻ, വസിഷ്ഠൻ, ഹാരിതൻ, ഹിരണ്യകേശി, വൈഖാനസൻ, തുടങ്ങിയ അനവധി ഋഷീശ്വരന്മാർ അതിബൃഹത്തായ ധർമ്മനിയമങ്ങളെ, സമഗ്രമായി, ഈ ധർമ്മശാസ്ത്ര ഗ്രന്ഥങ്ങളിൽ അപഗ്രഥിച്ചിട്ടുണ്ട്. ഇന്നും സനാതനധർമ്മത്തിന്റെ അടിസ്ഥാന ആചാര നിയമങ്ങൾക്കാധാരം ഈ ധർമ്മശാസ്ത്രഗ്രന്ഥങ്ങളാണ്.

**പിതൃമേധസൂത്രം :** മരണാനന്തര ചടങ്ങുകൾ വിവരിക്കുന്ന പിതൃമേധ സൂത്രങ്ങൾ, കൽപ്പശാസ്ത്രത്തിന്റെ ചെറിയൊരു ഭാഗമാണ്. ബൗധായനൻ, ഭരദ്വാജൻ, ആപസ്തംബൻ, ഗൗതമൻ തുടങ്ങിയ ഋഷികൾ പിതൃമേധസൂത്രങ്ങൾ രചിച്ചിട്ടുണ്ട്. ധർമ്മശാത്രത്തിന്റേയോ ഗൃഹ്യസൂത്രത്തിന്റേയോ ഭാഗമായും പിതൃമേധ ആചാരഭാഗങ്ങൾ വിവരിക്കാറുണ്ട്.

**ജ്യോതിഷം :** വേദാംഗങ്ങളിൽ ആറാമത്തേതാണ് ജ്യോതിഷം. സാമാന്യമായി വിഭജിച്ചാൽ ഗണിതം, ജ്യോതിശ്ശാസ്ത്രം, പ്രവചനം എന്നിങ്ങനെ മൂന്നായി ജ്യോതിഷഗ്രന്ഥവിഷയങ്ങളെ വിഭജിക്കാം. നാലു വേദങ്ങൾക്കും പ്രത്യേകം ജ്യോതിഷഗ്രന്ഥങ്ങളുണ്ട്. ആർചജ്യോതിഷം, യാജുഷ ജ്യോതിഷം, സാമജ്യോതിഷം, അഥർവണജ്യോതിഷം. സഹസ്രാബ്ദങ്ങൾക്കുമുമ്പ് രചിച്ച ഈ ജ്യോതിഷഗ്രന്ഥങ്ങളിൽ നിന്നും വിഷയങ്ങൾ വളർന്നു വികസിച്ചു. അനവധി ആചാര്യന്മാരുടെ സംഭാവനകളാണ്, ഇന്നത്തെ ജ്യോതിശ്ശാസ്ത്ര വിജ്ഞാനം.



Scanned with CamScanner

ആര്യഭടന്മാർ (I, II), ഭാസ്കരാചാര്യന്മാർ (I, II) വരാഹമിഹിരൻ, ലല്ലാചാര്യൻ, ബ്രഹ്മഗുപ്തൻ, വടേശ്വരാചാര്യൻ, പുതുമനസോമയാജി, പരമേശ്വരാചാര്യൻ, മാധവാചാര്യൻ, ശങ്കരനാരായണൻ, ശങ്കരവർമ്മൻ, ഗോവിന്ദസ്വാമി, തുടങ്ങിയ അനവധി പണ്ഡിതശ്രേഷ്ഠന്മാർ ഗണിതശാസ്ത്രത്തിലും ഗ്രഹഗണിതത്തിലും ചിന്താതീതമായ സംഭാവനകൾ നൽകിയിട്ടുണ്ട്.

ആര്യഭടീയം, ആര്യസിദ്ധാന്തം, ലഘുഭാസ്കരീയം, മഹാഭാസ്കരീയം, ശിഷ്യധീ വൃദ്ധി തന്ത്രം, ബൃഹത് സംഹിത, സിദ്ധാന്ത ശിരോമണി, ലീലാവതി, വടേശ്വര സിദ്ധാന്തം, കരണപദ്ധതി, പഞ്ചസിദ്ധാന്തിക, തുടങ്ങിയ അനേകം ഗ്രന്ഥങ്ങളുടെ ആധാരങ്ങളിലാണ് ജ്യോതിശ്ശാസ്ത്രം വളർന്നത്.

ജാതകവും, മുഹൂർത്തവും, ശകുനവും എല്ലാം ഈ വേദാംഗത്തിന്റെ ഭാഗമായി വരുന്നു. ലോകജനത അംഗീകരിച്ചിരിക്കുന്ന ജ്യോതിഷത്തിന്റെ അടിത്തറ പൂർണ്ണമായും ഭാരതത്തിലാണ്.

## ഉപവേദങ്ങൾ

ആത്മീയ ഗ്രന്ഥങ്ങളായ വേദങ്ങളോട് സമാന്തരമായി വരുന്ന ശാസ്ത്രഗ്രന്ഥങ്ങളാണ് ഉപവേദങ്ങൾ. ഋഗ്വേദത്തിന്റെ ഉപവേദമായി അർത്ഥശാസ്ത്രം, യജുർവ്വേദത്തിന്റേത് ധനുർവേദം, സാമവേദത്തിന്റെ ഉപവേദം, ഗാന്ധർവ്വവേദം. അഥർവ്വവേദത്തിന്റേത് ആയുർവേദം.

**അർത്ഥശാസ്ത്രം** : ഒരു രാഷ്ട്രത്തിന്റെ സാമ്പത്തിക, സാമൂഹിക, ധാർമ്മിക നിയമങ്ങളെയും, ഭരണനിർവഹണരീതിയേയും സമഗ്രമായി ഉൾക്കൊണ്ടുകൊണ്ട് എഴുതിയ ഗ്രന്ഥങ്ങളാണ് അർത്ഥശാസ്ത്ര ഗ്രന്ഥങ്ങൾ. കൗടില്യന്റെ അർത്ഥശാസ്ത്രം ലോകപ്രസിദ്ധമാണ്. ആറായിരം ശ്ലോകങ്ങളിലായി, 150 അദ്ധ്യായങ്ങൾ, 15 പ്രകരണങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നതാണ് കൗടിലീയാർത്ഥശാസ്ത്രം. ആദിത്യാചാര്യന്റെ അർത്ഥശാസ്ത്രത്തെക്കുറിച്ചുള്ള വിവരണങ്ങൾ ലഭ്യമാണ്. കമന്ദക അർത്ഥശാസ്ത്രത്തിൽ 36 അദ്ധ്യായങ്ങളുണ്ട്. സമഗ്രമായ രാഷ്ട്ര ഭരണ രീതികൾ ഇതിൽ വിവരിക്കുന്നു. ശുക്രാചാര്യൻ രചിച്ച ശുക്രനീതി സാരം, പ്രസിദ്ധമായ അർത്ഥശാസ്ത്രഗ്രന്ഥമാണ്.

**ധനുർവ്വേദം** : യുദ്ധ നിയമങ്ങളും, നീതികളും, യുദ്ധരീതികളും, ആയുധങ്ങളും വിവരിക്കുന്ന ഗ്രന്ഥങ്ങളാണ് യജുർവ്വേദത്തിന്റെ ഉപവേദമായ ധനുർവ്വേദത്തിലുള്ളത്. ധനുർവ്വേദ സംഹിത, വൈശമ്പായനൻ രചിച്ച നീതി പ്രകാശിക എന്നീ ഗ്രന്ഥങ്ങളാണ്, ഈ ഉപവേദത്തിലെ പ്രധാന രചനകൾ. മഹാഭാരതത്തിൽ ധനുർവ്വേദവിഷയങ്ങൾ സുദീർഘമായി വിവരിക്കുന്നുണ്ട്.



Scanned with CamScanner

**ഗാന്ധർവവേദം :** സംഗീതം, സംഗീത ഉപകരണങ്ങൾ, നൃത്തനൃത്ത്യങ്ങൾ എന്നിവയുടെ സമ്പൂർണമായ വിവരണങ്ങൾ ഗാന്ധർവ വേദ വിഷയങ്ങളാണ്. ശാർങധരന്റെ സംഗീതരത്നാകരം, 7 അധ്യായങ്ങളിലായി വിഷയങ്ങൾ വിവരിക്കുന്നു. സാമഗാനം എന്നഗ്രന്ഥത്തിൽ സാമസംഗീതം വിവരിക്കുന്നുണ്ട്. യാമലാഷ്ടകം, ഉദ്ദീശമഹോദയം, സോമേശ്വരന്റെ മാനസോല്ലാസം, ദാമോദര പണ്ഡിതന്റെ സംഗീത ദർപ്പണം ഇവയിലെ സംഗീത വിഷയങ്ങൾ പ്രതിപാദിക്കുന്നു. ഭരതമുനിയുടെ നാട്യശാസ്ത്രം 36 അദ്ധ്യായങ്ങളിലായി നടന-നാട്യ വിഷയങ്ങൾ, മുദ്രകൾ, നാട്യശാലയുടെ ഘടന എന്നിവ വിവരിക്കുന്നു.

**ആയുർവ്വേദം :** ആഥർവവേദത്തിന്റെ ഉപവേദമാണ് ആയുർവേദം. ചരക സംഹിതയും സുശ്രുത സംഹിതയും, അഷ്ടാംഗ ഹൃദയവും അഷ്ടാംഗ സംഗ്രഹവുമെല്ലാം ആയുർവ്വേദത്തിന്റെ പ്രസിദ്ധങ്ങളായ ഗ്രന്ഥങ്ങളാണ്. ശാരീരികവും മാനസികവുമായ ആരോഗ്യം, രോഗചികിത്സ, ഔഷധങ്ങൾ, ഭക്ഷ്യവിഭവങ്ങൾ തുടങ്ങിയ ആരോഗ്യസംബന്ധമായ എല്ലാ അറിവുകളും സുത്രസ്ഥാനം, നിദാനസ്ഥാനം, വിമാനസ്ഥാനം, ശരീര സ്ഥാനം, ഇന്ദ്രിയസ്ഥാനം, ചികിത്സാസ്ഥാനം, കൽപസ്ഥാനം, സിദ്ധി സ്ഥാനം, എന്നിപ്രകാരം 8 ഭാഗങ്ങളിലായി മേൽ ഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുണ്ട്.

**ശില്പവേദം അഥവാ സ്ഥാപത്യ വേദം :** ക്ഷേത്രം, ഭവനം, ഗോപുരം, രാജകൊട്ടാരം, കോട്ടകൾ, തുടങ്ങിയ എല്ലാവിധ സിവിൽ ഏൻജിനീയറിംഗ് നിർമ്മാണങ്ങളും വിവരിക്കുന്ന ഗ്രന്ഥങ്ങൾ സ്ഥാപത്യവേദത്തിൽ വരുന്നു. വാസ്തുവിദ്യ എന്ന ഗ്രന്ഥത്തിൽ 16 അദ്ധ്യായങ്ങളുണ്ട്. ഇതിൽ സമ്പൂർണ്ണമായും നിർമ്മാണനിയമങ്ങൾ, രീതികൾ എന്നിവയുടെ വിവരണം നൽകിയിട്ടുണ്ട്. ഭാഷാ ശിൽപരത്നം എന്ന ഗ്രന്ഥത്തിലെ ഒന്നാം ഭാഗത്തിൽ ദേവാലയ നിർമ്മാണവും രണ്ടാം ഭാഗത്തിൽ മനുഷ്യാലയ നിർമ്മാണവുമാണ് വിവരിച്ചിട്ടുള്ളത്. വിശ്വകർമ്മീയം എന്ന ഗ്രന്ഥത്തിലും ഇപ്രകാരമുള്ള വിഷയങ്ങളുടെ സുദീർഘ വിവരണങ്ങളുണ്ട്. ഭോജദേവൻ രചിച്ച സമരാംഗണസൂത്രധാര, മയശിൽപ്പികളാൽ രചിക്കപ്പെട്ട മയമതം ഇവയിലും അതേവിഷയങ്ങൾ വിവരിക്കുന്നു. മറ്റു പല ഗ്രന്ഥങ്ങളിലും സ്ഥാപത്യവേദ വിവരങ്ങളുണ്ട്.

## മഹാപുരാണങ്ങളും ഉപപുരാണങ്ങളും

ഭാരതീയ ചിന്താധാരകൾക്ക് അനവധി വ്യാഖ്യാനങ്ങളുണ്ട്. ഉദാത്തവും, ഗഹനവുമായ തത്വചിന്തകളും, പ്രപഞ്ച ശക്തികളിൽ കാണുന്ന ബ്രഹ്മചൈതന്യവും, ജീവജാലങ്ങളിലെ ആത്മചൈതന്യവും



Scanned with CamScanner

ഈശ്വരാംശവുമെല്ലാം സാധാരണ ജനങ്ങൾ എളുപ്പത്തിൽ മനസ്സിലാകുക സാദ്ധ്യമല്ല. അവർ ആത്മീയതയുടെ ആഴങ്ങളിലേക്കിറങ്ങിച്ചെല്ലുവാൻ പലകാരണങ്ങളാലും വിമുഖരായിരിക്കാം. ഇവരിലേക്കും നമ്മുടെ ധാർമ്മിക ചിന്താധാരകളുടെ ചൈതന്യമെത്തിക്കണം. അത് സാധിക്കുവാൻ ഒരു മാർഗ്ഗം, ഈ ആത്മീയ ജ്ഞാന മണ്ഡലത്തെ സാധാരണക്കാരുടെ മാനസിക നിലവാരത്തിലേക്ക് താഴ്ത്തുക എന്നതാണ്. അതിന്റെ ചൈതന്യവും, സാരാംശവും വിട്ടുകളയാതെ തന്നെ അവതരിപ്പിക്കുക. അതാണ് പുരാണങ്ങളിലൂടെ ഋഷിവര്യന്മാർ ചെയ്തത്. അതുകൊണ്ടുതന്നെ അതിന്റെ വിശാലമായ അർത്ഥത്തിൽ വൈദിക-ഉപനിഷദ് ചിന്താസ്രോതസ്സുകളിലെ വ്യാഖ്യാനമായി പുരാണങ്ങളിലെ കഥകളുടെ സാരാംശത്തെ കരുതാവുന്നതാണ്. ഭാഗവത പുരാണത്തിൽ സുദീർഘമായ കഥാ-ചിരിതങ്ങൾ ശ്രവിച്ച ജനമേജയനോട്, ശ്രീശുക മഹർഷി പറഞ്ഞ വരികൾ ഇതിന്റെ ഉത്തമ ഉദാഹരണമാണ്. "കഥാ ഇമാസ്തേ കഥിതാ മഹീയസാം, വിതായ ലോകേഷു യശഃ പരേയുഷാം. വിജ്ഞാന വൈരാഗ്യ വിവക്ഷയാവിഭോ വചോ വിഭൂതിർ ന തു പാരമാർത്ഥ്യം." മഹാത്മാരുടെ ഈ കഥകളെല്ലാം ഞാൻ പറഞ്ഞത് യഥാർത്ഥ സംഭവങ്ങളാണെന്നു കരുതേണ്ട ആവശ്യമില്ല. സാധാരണ ജനങ്ങൾക്കു വിജ്ഞാനവും, വൈരാഗ്യവും ഉണ്ടാകുന്നതിനുവേണ്ടി രചിച്ചവയാണ് ഈ കഥകളെല്ലാം എന്നാണിതിന്റെ സാരം. പുരാണമിത്യേവ ന സാധു സർവ്വം എന്ന് സർവ്വസാധാരണമായി ഉപയോഗിക്കുന്ന പ്രയോഗം പുരാണത്തിന്റെ സാരോപദേശങ്ങൾക്കാണ് മഹത്വം എന്നു സൂചിപ്പിക്കുന്നു.

അദ്ധ്യാത്മികവും ധാർമ്മികവുമായ തത്വങ്ങൾ, സാധാരണ ജനങ്ങൾക്ക് എളുപ്പത്തിൽ മനസ്സിലാകുന്നതിനും, ഉപാസനാമാർഗ്ഗം സ്വീകരിക്കുന്നതിനും വേണ്ടി കഥാരൂപത്തിൽ വിവരിക്കുന്നതാണ് പുരാണങ്ങൾ. ദൈവിക കഥകളും, ചരിത്രങ്ങളും മാത്രമല്ല അനേകം രാജവംശങ്ങളുടെ ചരിത്രവും, മന്വന്തര വർണ്ണനകളും ഭൂമിശാസ്ത്രപരമായ വിവരണങ്ങളും, ദേശീയവും-പ്രാദേശികവുമായ വിഷയങ്ങളും പുരാണങ്ങളിൽ വിവരിക്കുന്നുണ്ട്. രചനാ വ്യത്യാസം-വിവരണവ്യത്യാസം -വീക്ഷണ വ്യത്യാസം - ആരാധനാ മനോഭാവം എന്നീ കാരണങ്ങളാൽ ഒരേകഥ തന്നെ വിവിധ പുരാണങ്ങളിൽ ചെറിയ ഭേദഗതികളോടെ വിവരിക്കുന്നുമുണ്ടാകും.

ഏതാണ്ട് എല്ലാ പുരാണങ്ങളും ഉത്തരഭാരതത്തിലെ നൈമിഷാരാണ്യം (ഇന്നത്തെ നീംസാർ) എന്ന പുണ്യക്ഷേത്രത്തിൽ വച്ച് സൂത ശൗനകാദി ഋഷിവര്യന്മാർ വിവരിക്കുന്നതാണ്. മത്സ്യരൂപിയായ മഹാവിഷ്ണുവിനെ വിവരിക്കുന്ന പുരാണം മത്സ്യപുരാണമായും, വരാഹമൂർത്തി



Scanned with CamScanner

യെ വിവരിക്കുന്നത് വരാഹപുരണമായും അറിയപ്പെടുന്നു. നാരദൻ വിവരിച്ചത് നാരദപുരാണമായിത്തീർന്നു. പുരാണങ്ങളിൽ ഒരേ കഥ തുടർച്ചയായി വിവരിക്കുകയല്ല ചെയ്തിട്ടുള്ളത്. സൂത-ശൗനകാദി മഹർഷിമാർ തമ്മിലുള്ള സംവാദവും, പുരാണകഥാപുരുഷന്മാർ തമ്മിലുള്ള സംവാദവും, കഥകളും, ഉപകഥകളും അവയുടെ ഉപകഥകളും ആയി കടന്നുവരുന്നതാണ് പുരാണത്തിലെ ഉള്ളടക്കാവതരണം. ഇതിഹാസത്തിലേതുപോലെ, പുരാണങ്ങളിൽ തുടർച്ചയായ ഒരു കേന്ദ്രകഥാസാരവും കഥാചരിത്ര പാത്രങ്ങളും ഉണ്ടായിരിക്കുകയില്ല.

പതിനെട്ട് മഹാപുരാണങ്ങളും, അത്രതന്നെ ഉപപുരാണങ്ങളും ഉള്ളതായി വിവരണങ്ങളിൽ കാണുന്നുണ്ട്. പലവിവരണങ്ങളിലും ചില മഹാപുരാണങ്ങളുടേയും ഉപ പുരാണങ്ങളുടേയും പേരുകൾ പരസ്പ്പരം മാറിയും കാണുന്നു. ഈ രണ്ടു വിഭാഗങ്ങളിലും പെടാത്ത പുരാണങ്ങളും ഇന്നു ലഭ്യമാണ്.

**മഹാപുരാണങ്ങൾ**

| | |
|---|---|
| 1. വിഷ്ണുപുരാണം | 2. ഭവിഷ്യ പുരാണം |
| 3. ഗരുഡ പുരാണം | 4. അഗ്നി പുരാണം |
| 5. മഹാഭാഗവതപുരാണം | 6. ശിവപുരാണം |
| 7. മാർക്കണ്ഡേയപുരാണം | 8. ലിംഗപുരാണം |
| 9. ബ്രഹ്മവൈവർത്ത പുരാണം | 10. മത്സ്യ പുരാണം |
| 11. കൂർമ്മപുരാണം | 12. വരാഹപുരാണം |
| 13. വാമനപുരാണം | 14. സ്കന്ദപുരാണം |
| 15. ബ്രഹ്മാണ്ഡപുരാണം | 16. പത്മപുരാണം |
| 17. വായുപുരാണം | 18. നാരദീയ പുരാണം |

**ഉപപുരാണങ്ങൾ**

| | |
|---|---|
| 1. സാംബപുരാണം | 2. ദേവീഭാഗവതപുരാണം |
| 3. കാലികപുരാണം | 4. ലഘുനാരദീയപുരാണം |
| 5. ഹരിവംശപുരാണം | 6. വിഷ്ണുധർമ്മോത്തരപുരാണം |
| 7. കൽകിപുരാണം | 8. മുൽഗലപുരാണം |
| 9. ആദിപുരാണം | 10. ആത്മ പുരാണം |
| 11. ബ്രഹ്മപുരാണം | 12. വിഷ്ണുധർമ്മപുരാണം |
| 13. നരസിംഹപുരാണം | 14. ക്രിയായോഗപുരാണം |
| 15. സൂര്യപുരാണം | 16. ബ്രഹദ് നാരദീയപുരാണം |
| 17. പുരുഷോത്തമപുരാണം | 18. ബൃഹദ് വിഷ്ണു പുരാണം |



Scanned with CamScanner

# സ്മൃതികൾ

ധർമ്മശാസ്ത്രങ്ങളെന്നും, സ്മൃതികൾ അറിയപ്പെടുന്നുണ്ട്. ആദ്യകാലത്ത് കൽപസൂത്രങ്ങളുടെ ഭാഗമായ ശ്രൗത-ഗൃഹ്യ സൂത്രങ്ങളെപ്പോലെ ധർമ്മസൂത്രങ്ങളും രചിക്കപ്പെട്ടു. പിന്നീട് കൂടുതൽ ഗ്രന്ഥങ്ങൾ മഹർഷിമാരുടെ സംഭാവനകളായി അതാതുകാലഘട്ടങ്ങളിൽ ഉണ്ടായി. അതാതുദേശത്തിന്റേയും കാലത്തിന്റേയും ഭേദങ്ങളനുസരിച്ച് അവിടെ താമസിച്ചിരുന്ന ചിന്തകന്മാർ പഴയ ധർമ്മശാത്രങ്ങളിൽമാറ്റം വരുത്തുകയും, കൂട്ടിച്ചേർക്കുകയും ചെയ്തിട്ടായിരിക്കണം പുതിയവ രചിച്ചത്. ഈ മാറ്റങ്ങൾ എല്ലാം മഹർഷിമാരുടെ സ്മൃതിമണ്ഡലങ്ങളിൽ ഉദിച്ചവയായിരിക്കണം. അതുകൊണ്ട് ധർമ്മശാസ്ത്രസദൃശമായ വിഷയങ്ങൾ പ്രതിപാദിക്കുന്ന ഈ ഗ്രന്ഥങ്ങളെ സ്മൃതികൾ എന്നു പറയുന്നു. സ്മൃതികൾ എന്ന വിഭാഗത്തിൽ അനേകം ഋഷിവര്യന്മാരുടെ സംഭാവനകളുണ്ട്. സ്മൃതികൾ 20 ആണെന്ന് യജ്ഞവൽക്യനും, 36 എന്ന് പൈഠിനശിയും 21 എന്ന് ശംഖലിഖിതനും, വിവരിക്കുന്നു. പ്രയോഗപാരിജാതം എന്ന രചനയിലും, വൈജയന്തിയിലും 57 സ്മൃതികളാണുള്ളതെന്ന് വിവരിച്ചുകാണുന്നു. പുരാണങ്ങളിലും ഉപ പുരാണങ്ങളിലും സ്മൃതി സംഖ്യയെക്കുറിച്ച് ഭിന്നമായ വിവരണങ്ങൾ കാണുന്നുണ്ട്.

പ്രധാനപ്പെട്ട എല്ലാ സ്മൃതികളിലും അതിൽ വിവരിക്കുന്ന വിഷയങ്ങളെ ആചാരം - വ്യവഹാരം - പ്രായശ്ചിത്തം എന്നിങ്ങനെ വിഭജിച്ചിട്ടുണ്ട്. അചാരങ്ങളിൽ പലതും കൽപ്പശാസ്ത്രത്തിലെ ധർമ്മസൂത്ര വിഷയങ്ങളോട് ഏറെ ബന്ധമുള്ളതാണ്. പ്രായശ്ചിത്ത ഭാഗത്തിലെ വിഷയങ്ങളും ഏതാണ്ട് അപ്രകാരം തന്നെയാണ്. വ്യവഹാരഭാഗമാകട്ടെ ചാണക്യന്റെ അർത്ഥശാസ്ത്ര വിഷയത്തോട് ബന്ധപ്പെട്ടിരിക്കുന്നു. ഒന്നോ രണ്ടോ വിഷയങ്ങൾ മാത്രമുള്ള ഏതാനും ലഘു സമൃതികളുമുണ്ട്.

1. ഉശന സ്മൃതി
2. യജ്ഞവൽക്യസ്മൃതി
3. വിഷ്ണുസ്മൃതി
4. മനുസ്മൃതി
5. അംഗീരസസ്മൃതി
6. യമസ്മൃതി
7. അത്രിസ്മൃതി
8. സംവർത്തസ്മൃതി
9. ബൃഹത്പരാശരസ്മൃതി
10. ബൃഹസ്പതി സ്മൃതി
11. ദക്ഷസ്മൃതി
12. ശാതാതപസ്മൃതി
13. ലിഖിതസ്മൃതി
14. വ്യാസസ്മൃതി



Scanned with CamScanner

15. പരാശരസ്മൃതി 16. ശംഖസ്മൃതി
17. ഗൗതമസ്മൃതി 18. വസിഷ്ഠസ്മൃതി

## ഷഡ്ദർശനങ്ങൾ

1. **പൂർവ മീമാംസാ ദർശനം :** ജൈമിനി മഹർഷിയെഴുതിയ ദർശനഗ്രന്ഥമാണ് പൂർവമീമാംസാ. ധർമ്മവും അധർമ്മവുമാണ് ജഗത്തിന്റെ അസ്തിത്വത്തിന് അടിസ്ഥാനം. ധർമ്മത്തിന് നന്മയും അധർമ്മത്തിന് തിന്മയും കർമ്മഫലമായി ലഭിക്കുന്നു. ആചാരാനുഷ്ഠാനങ്ങളിലൂടെ ദേവപ്രീതി നേടി സ്വർഗ്ഗസുഖമനുഭവിക്കുവാൻ സാധിക്കുമെന്നും ഈ ദർശനം വിവരിക്കുന്നു.

2. **ഉത്തര മീമാംസാ ദർശനം :** വേദവ്യാസമഹർഷിയുടെ ഉജ്ജ്വലമായ ഈ ദർശനം പൂർണ്ണമായ അദ്വൈതസിദ്ധാന്തം തന്നെയാണ്. ബ്രഹ്മചൈതന്യത്തിന്റെ സാന്നിധ്യത്താൽ സർവവും പ്രവർത്തിക്കുന്നു. **സർവം ഖല്വ ഇദം ബ്രഹ്മ.** ബ്രഹ്മമാണ് സത്യവും ശാശ്വതവും അടിസ്ഥാന ഘടകവുമായിട്ടുള്ളത് എന്ന് ഉത്തരമീമാംസാ ഉത്ഘോഷിക്കുന്നു.

3. **സാംഖ്യ ദർശനം :** കപില മഹർഷിയുടെ ദർശനം പ്രപഞ്ചത്തെ പ്രകൃതിയെന്നും പ്രപഞ്ചപുരുഷ ചൈതന്യമെന്നും രണ്ടായി ഭാഗിക്കുന്നു. പഞ്ചഭൂതങ്ങൾ, മനസ്സ്, ബുദ്ധി, അഹങ്കാരം (കോൺഷ്യസ്നെസ്) ഇപ്രകാരം എട്ടുവിധ പ്രകൃതിയാണെന്ന് കൃഷ്ണൻ ഗീതയിൽ പറയുന്നു. ഇവയ്ക്ക് സത്വ-രജസ്-തമോ ഗുണങ്ങളും ഉണ്ടാകാം. പരിശുദ്ധമായ പ്രപഞ്ചപുരുഷചൈതന്യം ഇവയെയെല്ലാം നിയന്ത്രിക്കുന്നു. അത് ത്രിഗുണാതീതമാണ്.

4. **യോഗദർശനം :** പതഞ്ജലി മഹർഷി ദർശിച്ചതാണിത്. മനസ്സിന്റെ നിയന്ത്രണം ഏകാഗ്രത ഇവയുടെ പ്രാധാന്യം വിവരിക്കുമ്പോൾത്തന്നെ പ്രപഞ്ച പുരുഷചൈതന്യം കർമ്മഫലങ്ങളുമായി ബന്ധിക്കുന്നില്ല എന്നും പതഞ്ജലി വ്യക്തമാക്കുന്നു. യോഗദർശനത്തിന്റെ ഒരു ഭാഗം മാത്രമാണ് അഷ്ടാംഗയോഗം.

5. **വൈശേഷിക ദർശനം :** കണാദമഹർഷിയുടെ ദർശനമാണിത്. ദ്രവ്യങ്ങളാൽ നിർമ്മിക്കപ്പെട്ട പ്രപഞ്ചത്തിന്റെ ഭൗതിക ഘടനയുടെ അടിസ്ഥാനതത്വങ്ങളെക്കുറിച്ചാണ് വൈശേഷികത്തിൽ വിവരിക്കുന്നത്. ആറ്റങ്ങളാൽ സർവതും നിർമ്മിതമാണെന്നും, ഈ ദർശനം വ്യക്തമാക്കുന്നു.



Scanned with CamScanner

6. **ന്യായ ദർശനം :** ഗൗതമ മഹർഷിയുടെ ദർശനത്തിൽ വ്യക്തമാക്കുന്നത് സൃഷ്ടിയുണ്ടെങ്കിൽ സൃഷ്ടികർത്താവുമുണ്ട് എന്നാണ്. ജഗത് എന്നത് സൃഷ്ടിയാണെങ്കിൽ അതിനെ സൃഷ്ടിച്ച ശക്തിയുമുണ്ട്. അതിനെ ന്യായമായും 'ഈശ്വരനെ'ന്നു വിളിക്കാം. ഗൗതമ മഹർഷി സമർത്ഥിക്കുന്നു.

## ഇതിഹാസം

**രാമായണത്തിലെ ജീവിത സന്ദേശം :** ഈശ്വരചൈതന്യംതന്നെ മനുഷ്യനായി ഭൂമിയിൽ അവതരിച്ച്, മനുഷ്യന്റെ ബന്ധങ്ങളും ബന്ധനങ്ങളും അനുഭവിച്ചു കാണിച്ചുകൊടുത്ത്, അതിലെ സുഖദുഃഖങ്ങളനുഭവിച്ചുകൊണ്ടുതന്നെ ജീവിതദൗത്യം നിർവ്വഹിക്കേണ്ടതെങ്ങിനെയെന്ന് ജീവിച്ചുകാണിച്ചുകൊടുക്കുന്നു ശ്രീരാമൻ. സത്യം, ധർമ്മം, നീതി, ന്യായം, ദയ ഇവയെല്ലാം ജീവിതത്തിൽ പകർത്തുന്നതുവിവരിക്കുന്ന ശ്രീരാമൻ. അധർമ്മത്തെ നിഗ്രഹിച്ച് ധർമ്മസംരക്ഷണത്തിനായുള്ള കർമ്മമാണ് ധർമ്മമെന്ന് വ്യക്തമാക്കിയ രാമൻ.

സുഖത്തിലും ദുഃഖത്തിലും മനുഷ്യനനുഭവിക്കുന്ന വേദനയെന്തെന്നും അതെല്ലാം മനുഷ്യജന്മത്തിന്റെ ഭാഗമാണെന്നും നമ്മെപഠിപ്പിക്കുന്ന ശ്രീരാമചരിത്രത്തിലെ ജീവിതസന്ദേശമാണിത്

**രാമായണ സന്ദേശത്തിലെ ധാർമ്മിക മൂല്യങ്ങൾ :** വാല്മീകി രാമായണത്തിൽ ഏഴു പ്രധാന കാണ്ഡങ്ങളുണ്ട് (ഭാഗങ്ങൾ) അവ ബാലകാണ്ഡം, അയോദ്ധ്യാകാണ്ഡം, ആരണ്യകാണ്ഡം, കിഷ്കിന്ധാകാണ്ഡം, സുന്ദരകാണ്ഡം, യുദ്ധകാണ്ഡം, ഉത്തരകാണ്ഡം എന്നിവയാണ്. യഥാക്രമം 77, 119, 75, 69, 68, 128, 11 അദ്ധ്യായങ്ങളാണ് ഈ കാണ്ഡങ്ങളിലുള്ളത്.

അയോദ്ധ്യ എന്ന പുണ്യദേശം ഭരിച്ചിരുന്ന അതിപ്രശസ്തനായ ചക്രവർത്തിയായിരുന്നു ദശരഥൻ. പുത്രന്മാരില്ലാത്ത ദുഃഖത്താൽ അദ്ദേഹം പുത്രകാമേഷ്ടി യാഗം നടത്തി. ഈശ്വരാനുഗ്രഹത്താൽ ദശരഥപത്നിമാരായ കൗസല്യ ശ്രീരാമനും, സുമിത്ര ലക്ഷ്മണനും, ശത്രുഘ്നനും, കൈകേയി ഭരതനും ജന്മം നൽകി. വളരെ സന്തോഷത്തോടെ അതിവിസ്തൃതമായ അയോദ്ധ്യാ രാജ്യ ചക്രവർത്തിയുടെ പരിലാളനയോടെ രാമ-ലക്ഷ്മണ-ഭരത-ശത്രുഘ്നന്മാർ വില്ലാളി വീരന്മാരായി, എല്ലാ അറിവുകളും യഥാകാലം സ്വീകരിച്ചുകൊണ്ട് വളർന്നു.



Scanned with CamScanner

ഋഷിവര്യന്മാർ നടത്തുന്ന ശ്രേഷ്ഠമായ യാഗത്തെ ആസുരിക ശക്തികളിൽ നിന്നും സംരക്ഷിക്കുന്നതിന്, ദശരഥൻ അയച്ചത് ശ്രീരാമലക്ഷ്മണന്മാരെയാണ്. അവർക്ക് നന്മതിന്മകളറിയാനും, ലോകപരിചയം ലഭിക്കുവാനും, യുദ്ധകാര്യങ്ങളിലേർപ്പെടേണ്ടതെങ്ങിനെയെന്ന് പ്രായോഗികമായി അറിയുവാനും ലഭിക്കുന്ന സന്ദർഭങ്ങളായിത്തീർന്നു, ഈ യാത്ര. വിശപ്പും ദാഹവും മന്ത്രശക്തി/മനഃശക്തി കൊണ്ടില്ലാതാക്കാൻ സാധിക്കുമെന്ന് വിശ്വാമിത്രൻ അവരെ പഠിപ്പിച്ചു. കൂടാതെ യാത്രാമധ്യേ പരമാവധി അറിവു നേടുയെടുക്കുവാൻ അവസരം നൽകുന്നതിനായി ശ്രേഷ്ഠന്മാരായ ഋഷിവര്യന്മാരുടെ ആശ്രമങ്ങളിലായിരുന്നു ശ്രീരാമലക്ഷ്മണന്മാരുടെ താമസം.

അനവധി ഋഷിവര്യന്മാരുടെ ഉപദേശങ്ങൾ സ്വീകരിച്ചുകൊണ്ട് അവർ ജനകരാജ്യത്തിലെത്തി. ജനകപുത്രിയായ സീതയെ വിവാഹം കഴിക്കുവാൻ നിശ്ചയിക്കുകയും, പിന്നീട് കുലഗുരുവായ വസിഷ്ഠന്റെ അനുഗ്രഹത്തോടെ ശ്രീരാമ-സീതാവിവാഹം നടക്കുകയും ചെയ്തു.

അവതാരങ്ങളുണ്ടാകുന്നത് മഹാവിഷ്ണുവിന്റെ ചൈതന്യാംശത്തിലൊരു ഭാഗമാണ്. മഹാവിഷ്ണുവിന്റെ തന്നെ അംശമായ ശ്രീരാമനും, പത്തവതാരങ്ങളിൽ ചിരഞ്ജീവിയായിത്തീർന്ന പരശുരാമനും ഈ യാത്രവേളയിൽ പരസ്പരം കണ്ടുമുട്ടുന്നുണ്ട്.

വിജയശ്രീലാളിതനായി മടങ്ങിവന്ന ശ്രീരാമൻ, ദശരഥന്റെ ആദ്യത്തെ പുത്രനായതിനാൽ പിതാവിനുശേഷം രാജ്യം ഭരിക്കുവാനുള്ള പ്രായോഗികജ്ഞാനത്തിനുവേണ്ടി, യുവരാജാവാക്കി അഭിഷേകം ചെയ്യുവാനുള്ള തീരുമാനമുണ്ടാകുന്നു. രാജകൊട്ടാരം അതീവ സന്തോഷത്തിലായിരുന്നുവെങ്കിലും, ഭരതന്റെ മാതാവായ കൈകേയിക്ക് തന്റെ പുത്രനെ അയോദ്ധ്യയിലെ യുവരാജാവാക്കി വാഴിക്കണമെന്ന ആഗ്രഹം തോന്നി. മന്ഥര എന്ന ഒരു ദുർബുദ്ധിയുടെ ദുരുപദേശം ശ്രവിച്ചതുകൊണ്ടാണ്, കൈകേയിക്ക് ഇപ്രകാരം ഒരു നിർബ്ബന്ധമുദിച്ചത്. ശ്രീരാമനെ മാറ്റി നിർത്തി ഭരതനെ ആ സ്ഥാനത്തേക്ക് അവരോധിക്കുവാൻ ദശരഥൻ തയ്യാറാകുകയില്ല എന്ന് വ്യക്തമായി അറിയാവുന്ന കൈകേയി തനിക്ക്, ദശരഥനിൽ നിന്ന് പണ്ട് ലഭിച്ച രണ്ടു വാഗ്ദാനങ്ങൾ നിറവേറ്റിത്തരണമെന്ന് ശഠിച്ചു.

വാഗ്ദാനപാലനത്തിനായി, ശ്രീരാമൻ വനവാസം സ്വീകരിക്കണമെന്നും രണ്ടാമതായി ഭരതനെ അയോദ്ധ്യയിലെ യുവരാജാവായി വാഴിക്കണമെന്നുമായിരുന്നു, കൈകേയി ദശരഥനോട് ആവശ്യപ്പെട്ടത്. ദശരഥൻ തന്റെ പത്നിക്ക് നൽകിയ വാഗ്ദാനം പാലിക്കപ്പെടാനായി ദുഃഖത്തോടെ ശ്രീരാമനെ വനവാസത്തിനയക്കുന്നു. പത്നി, സീത



Scanned with CamScanner

യോടും സഹോദരൻ ലക്ഷ്മണനോടുമൊപ്പം ശ്രീരാമൻ അയോദ്ധ്യ നഗരിവിട്ടിറങ്ങുന്നു.

ശ്രീരാമന്റെ വേർപാടിലുണ്ടായ ദുഃഖഭാരത്താൽ ദശരഥന് മരണം സംഭവിച്ചു. ഭരതനോട്, രാജ്യഭാരം ഏൽക്കാൻ വസിഷ്ഠൻ ആവശ്യപ്പെടുകയും പിതാവിന്റെ വാക്ക് പാലിക്കപ്പെടണമെന്നും ഭരതൻ രാജ്യഭാരം ഏൽക്കണമെന്നും ശ്രീരാമൻ ഉപദേശിക്കുകയാണുമുണ്ടായത്.

അയോദ്ധ്യാകാണ്ഡത്തിലെ 119 അദ്ധ്യായങ്ങളിൽ വിവരിക്കുന്നതാണീ വിഷയങ്ങൾ. ഇവിടെ രാമായണം പഠിക്കുന്ന വിദ്യാർത്ഥികൾ മനസ്സിലാക്കേണ്ട മഹത്തായ സന്ദേശങ്ങളിതാണ്.

1. ഏതു നല്ല മനസ്സും ദുഷ്ടന്മാരുടെ ഉപദേശം കേട്ടാൽ മാറും. നല്ലവർ തിന്മയുടെ വഴികളിലൂടെ ചലിച്ചാൽ പരിണതഫലം നാശമായിരിക്കും. ഇത് കൈകേയി- മന്ഥരമാരിൽ നിന്നറിയണം.
2. എത്രകാലം കഴിഞ്ഞാലും ജീവിതത്തിലാർക്ക് വാക്ക് കൊടുത്തിട്ടുണ്ടെങ്കിലും എന്തു സംഭവിച്ചാലും അതുപാലിക്കപ്പെടണം - ദശരഥനിൽ നിന്നും പഠിക്കണം.
3. ആർക്കാണെങ്കിലും എന്തെന്തു വാഗ്ദാനം ചെയ്യുമ്പോഴും പരിണതഫലം സൂക്ഷ്മമായി ചിന്തിക്കണം- ദശരഥാനുഭവം ഓർമ്മിക്കണം.
4. രണ്ടുമൂന്നു കർത്തവ്യങ്ങൾ ഒരുമിച്ചു ചെയ്യേണ്ടതായി വരുമ്പോൾ സത്യം, ധർമ്മം, നീതി, ന്യായം ഇവക്കാണ്, വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങളെക്കാൾ മഹത്വം കൽപ്പിക്കേണ്ടി വരുക- ശ്രീരാമന്റെ വനത്തിലേക്കുള്ളയാത്രാനിശ്ചയം ശ്രദ്ധിക്കുക.
5. സുഹൃത്തുക്കളായാലും കുടുംബാംഗങ്ങളായാലും, പലകാരണങ്ങളാലും അവർക്കും സ്വാർത്ഥതയുണ്ടാകാം. അതും മുൻകൂട്ടി കാണുവാൻ സാധിക്കണം.
6. അച്ഛന്റെ വാക്ക് പാലിക്കപ്പെടേണ്ടത് മകനിലൂടെയാണ്. ഇന്നും എന്നും നാം അറിയപ്പെടുന്നത് ഇന്ന വ്യക്തിയുടെ മകൻ എന്ന പേരു കൂട്ടി ചേർത്താണ്.
7. സത്യം, ധർമ്മം എന്നിവ പരിപാലിക്കാൻ മഹത്തായത്യാഗം ശ്രീരാമനെ പ്പോലെ, ഒരവതാരമാണെങ്കിൽ പ്പോലും ചെയ്യേണ്ടതായിവരും. ശാന്തമായി അതഭിമുഖീകരിക്കാൻ രാമയണത്തിലെ അനുഭവം നമ്മെപഠപ്പിക്കുന്നു.
8. അച്ഛന്റെ വാക്ക് പാലിക്കുവാൻ സർവ്വദാ സന്നദ്ധനായ ശ്രീരാമനെപ്പോലെ സ്വന്തം കർത്തവ്യം, നിർവഹിക്കുന്ന ശ്രീരാമകർമ്മസന്ദേശം എന്നും മനസ്സിൽ സൂക്ഷിക്കാം.



Scanned with CamScanner

9. ഭർത്താവിന്റെ കൂടെ കാട്ടിൽ സുഖദുഃഖങ്ങളനുഭവിക്കുവാൻ ജനക രാജാവിന്റെ പുത്രിയും പുറപ്പെടുന്നു. ഈ ഭാര്യാധർമ്മം ഭാരതീയ പൈതൃകത്തിലെ ഉജ്ജ്വലമായ ജീവിതസന്ദേശമാണ്.

10. സ്വന്തം സുഖസൗകര്യങ്ങളെ ത്യജിച്ച് ശ്രീരാമനോടൊപ്പം ഇറങ്ങിയ ലക്ഷ്മണൻ സഹോദരബന്ധത്തിന്റെ തിളങ്ങുന്ന ഭാരതീയ മാതൃകയാണ്.

11. തനിക്കർഹിക്കാത്തത് വന്നു ചേർന്നപ്പോൾ അതിനുകാരണമായത് അമ്മയാണെങ്കിൽ പ്പോലും എതിർത്ത ഭരതന്റെ വരികൾ, ഭാരതീയധാർമ്മിക ബോധത്തിന്റെ പ്രകാശധോരണിയാണ്.

12. തന്നിലർപ്പിച്ച ഉത്തരവാദിത്തം അതർഹിക്കുന്ന കൈകളിലേക്ക് തന്നെ കൊടുക്കുവാൻ പോയ ഭരതന്റെ വലിയ മനസ്സ്, ഇന്നും എന്നും മാതൃകയാകേണ്ടതാണ്.

13. ഉത്തരവാദിത്തം ഏൽക്കേണ്ടി വരുമ്പോൾ പതറാതെ, പിതാവിനു തുല്യനായ ജ്യേഷ്ഠന്റെ പാദുകത്തെ സാക്ഷി നിർത്തി ഭരണം ഏറ്റെടുത്ത ഭരതൻ, രാമായണസന്ദേശത്തിന്റെ ഉജ്ജ്വല ദീപമാണ്.

14. എല്ലാ വിഷമഘട്ടങ്ങളിലും ആത്മീയതയുടെ ചൈതന്യം ചേർത്ത ഉപദേശവും, മാർഗ്ഗ നിർദ്ദേശവും നൽകുന്ന വസിഷ്ഠമഹർഷി രാജാധികാരം ധാർമ്മീകതയുമായി ചേർക്കുന്നതെങ്ങിനെയെന്ന് നമ്മെ പഠിപ്പിക്കുന്നു.

15. ആസുരികശക്തികളുടെ നിഗ്രഹത്തിനായി അവതാരമെടുത്ത ശ്രീരാമനും, സീതയും കാട്ടിലേക്കുപോകേണ്ടത് ആവശ്യമായതിനാലും അതിലൂടെ രാവണനിഗ്രഹം സാധ്യമാകേണ്ടതിനാലും മന്ഥരയും കൈകേയിയും, വാഗ്ദാനവും, ഭരതനും എല്ലാം വെറും നിമിത്തങ്ങൾ മാത്രം. നാം എന്തെല്ലാം ചെയ്യണമെന്നും നമ്മെക്കൊണ്ട് എന്തെല്ലാം ചെയ്യിക്കണമെന്നും പ്രകൃതിയിലെ ഒരു ശക്തി നിശ്ചയിച്ചിട്ടുണ്ട്. അതു നിറവേറ്റാൻ ഇതെല്ലാം സംഭവിച്ചേ പറ്റൂ- ഇതാണ് നിയതി (destiny)

ശ്രീരാമൻ, സീത, ലക്ഷ്മണൻ ഇവർ പതിനാലുവർഷക്കാലം വനത്തിൽ വസിക്കുന്ന ചരിത്രമാണ് ആരണ്യകാണ്ഡത്തിലെ വിവരണം.

വനവാസക്കാലത്ത് അധാർമ്മിക ശക്തികളെയും ആസുരീക ശക്തികളെയും നിഗ്രഹിച്ച്, മഹർഷിമാരുടെ ആശ്രമങ്ങളിൽ വസിച്ച്, ഭാരതരാഷ്ട്രത്തെക്കുറിച്ചും ധർമ്മത്തെക്കുറിച്ചും അറിഞ്ഞ് വർഷങ്ങൾ നീക്കുന്ന സഞ്ചാരമായിരുന്നു അത്. പതിനാലു രാക്ഷസന്മാരുമായി



Scanned with CamScanner

ഉണ്ടായ പോരാട്ടത്തിൽ 13 രാക്ഷസന്മാരും വധിക്കപ്പെടുകയും, അകമ്പനാർ എന്ന രാക്ഷസൻ സീതാ-രാമ- ലക്ഷ്മണന്മാരെക്കുറിച്ച് രാവണനു വിവരം നൽകുകയും ചെയ്തത് ഈ സമയത്താണ്. സീതാദേവിയുടെ വിവരണം ലഭിച്ച രാവണന്, സീതയെ സ്വന്തമാക്കണമെന്ന് ആഗ്രഹം തോന്നി. മാരീചൻ എന്ന മായാവിയായ അസുരന്റെ സഹായത്തോടെ രാവണൻ, തന്റെ ആഗ്രഹം സഫലീകരിക്കുവാൻ ശ്രമിക്കുന്നു. മാരീചന്റെ കുത്സിതബുദ്ധിയിലുദിച്ച നാടകത്തിൽ, ലക്ഷ്മണനും, ശ്രീരാമനും ഇല്ലാത്ത അവസരത്തിലാണ് സീതാപഹരണം നടക്കുന്നത്. രാവണന്റെ വിമാനത്തിൽ ലങ്കയിലെത്തിയ സീതക്ക് രാക്ഷസകുലജാതർ നൽകുന്ന വരവേൽപ്പ്, വാല്മീകി സുദീർഘമായി വിവരിക്കുന്നു.

രാവണനെ തടഞ്ഞ ജഡായുവിന്റെ മരണം, നല്ലവനായ കബന്ധൻ എന്ന രാക്ഷസൻ രാമനു നൽകുന്ന ലങ്കാപുരീ വിവരണം, സുഗ്രീവസഹായത്താൽ രാവണനെ നേരിടാൻ കബന്ധന്റെ ഉപദേശവും ശ്രീരാമലക്ഷ്മണന്മാർ ശബരിയുടെ ആശ്രമത്തിലെത്തി ആതിഥ്യവും മാർഗ്ഗ നിർദേശങ്ങളും സ്വീകരിച്ചുള്ള ആരണ്യയാത്രയും രാമായണചരിതത്തിന്റെ ഈ കാണ്ഡത്തിലെ ഭാഗമാണ്.

ഇവിടെ നാം ഓർമ്മിക്കുവാനുള്ളത് :

16. കാനനവാസത്തിലെ വേദനയിലും ദുഃഖത്തിലും നന്മനിറഞ്ഞ അറിവുകൾ സ്വീകരിക്കുവാനും, തിന്മകളെ ഉന്മൂലനം ചെയ്യുവാനും ശ്രീരാമലക്ഷ്മണന്മാർ സമയം ചെലവഴിക്കുന്നു. ആസുരിക ശക്തികളെ നിഗ്രഹിക്കുന്നതിന് ഈ വനവാസം ആവശ്യമായിരുന്നു എന്നു വ്യക്തമാക്കുന്നു.
17. എല്ലായിടത്തും അവർ വസിച്ചത് ആശ്രമങ്ങളിലായിരുന്നു. എളിമയുടെ അടിത്തട്ടിലുള്ള ജീവിതം യുവരാജപദവിയിലിരിക്കേണ്ട രാമന് വേദനയുണ്ടാക്കിയില്ല. ഒരു രാജധാനിയിലും അവർ വസിച്ചില്ല.
18. എല്ലാത്തിന്റേയും എല്ലാ കാരണങ്ങളെയും ഇല്ലാതാക്കുവാൻ ആർക്കും സാധിച്ചു എന്നു വരില്ല. പതിമൂന്നു രാക്ഷസരെ വധിച്ചപ്പോൾ അകമ്പനാർ രക്ഷപ്പെട്ട്, രാവണനെ വിവരം അറിയിച്ചു. സീതാപഹരണത്തിന് കാരണമുണ്ടാക്കി. രാവണ നിഗ്രഹത്തിന് ഒരു കാരണമുണ്ടാകണം എന്നത് പ്രകൃതി നിയമമായിരുന്നു. അത് അകമ്പനാറിലൂടെ സാധിച്ചു.
19. ഒരു വംശത്തിലെ എല്ലാവരും ദുഷ്ടന്മാരല്ല എന്നു നമ്മെ പ്രത്യേകം ഓർമ്മിപ്പിക്കുന്നത് നന്മ നിറഞ്ഞ കബന്ധൻ എന്ന രാക്ഷസകുലജാതൻ രാമന് എല്ലാ മാർഗ്ഗനിർദേശങ്ങളും നൽകുന്നതിലൂടെയാണ്.



Scanned with CamScanner

20. ധാർമ്മികശക്തികൾക്ക് പ്രകൃതിയിലെ ജീവജാലങ്ങളും സഹായമെത്തിക്കുകതന്നെ ചെയ്യുമെന്നതിന് തെളിവാണ് ജഡായു എന്ന പക്ഷിയിലൂടെ വാല്മീകി നമ്മെ അറിയിക്കുന്നത്.

21. പത്നീ വിരഹദുഃഖത്തിലും ജഡായു എന്ന ചെറുജീവിയുടെ അന്ത്യകർമ്മങ്ങൾ നിറവേറ്റാൻ തയ്യാറായ ശ്രീരാമന്റെ ഭൂതദയ അവിസ്മരണീയമായി നിലനിൽക്കണം. പ്രകൃതിയോട് മനുഷ്യൻ അനുവർത്തിക്കേണ്ട കുടുംബ ബന്ധം ഇവിടെ പ്രത്യക്ഷമാകുന്നു.

22. ഒരു കാട്ടുജാതീ സ്ത്രീ എന്നു പറയാമെങ്കിൽ പ്പോലും, ശബരിയുടെ അതിഥിമര്യാദ അത് അർഹിക്കുന്ന പവിത്രതയോടെ സ്വീകരിച്ച ശ്രീരാമന്റെ എളിമ. അറിവ്, മര്യാദ, നന്മ, ലോകപരിചയം ഇവ ഏതു കാട്ടിൽ വസിച്ചാലും ലഭ്യമാക്കാവുന്നതേയുള്ളൂ! ശബരിയിൽ നിന്നു നാമിതു പഠിക്കണം.

23. ഇനിയെന്തു ചെയ്യണമെന്നതിനെക്കുറിച്ചുള്ള വിവരം ശബരിയിൽ നിന്നും, കബന്ധനിൽ നിന്നും ജഡായുവിൽ നിന്നും ശേഖരിക്കുവാൻ തയ്യാറായ ശ്രീരാമൻ നന്മയുടെ ഉപദേശം എല്ലായിടത്തു നിന്നും സ്വീകരിക്കുവാൻ സ്വകർമ്മത്തിലൂടെ നമുക്ക് ഉപദേശം തരുന്നു .

24. നമ്മുടെ നന്മമാത്രം ഉദ്ദേശിക്കുന്നവരുടെ ഉപദേശം തിരസ്കരിച്ച സീതാദേവിക്കുണ്ടായ അനുഭവവും നമ്മുടെ മനസ്സിലുണ്ടാകണം. ഇതും നിയതിക്ക് പന്ഥാവൊരുക്കുന്നതിനു കാരണമാകാം.

25. അങ്ങ്, വടക്ക് അയോദ്ധ്യയിൽ വാണരുളിയ ദശരഥന്റെ പുത്രൻ ഇങ്ങ്, തെക്ക് ജഡായുമംഗലം-ചടയമംഗലം-ശബരി (മലയുടെ പേര്) എന്നെല്ലാം ഇന്നും നാം വിളിക്കുന്ന സ്ഥലം വരെയെത്തി, ഈ നാടിന്റെ ഏകത ത്രേതാ യുഗത്തിൽത്തന്നെ തെളിയിച്ച വരികൾ സ്മരണയിലുണ്ടാകണം.

ഇത്രയും വാല്മീകി വിവരിക്കുന്നത് ആരണ്യകാണ്ഡത്തിലെ 75 അദ്ധ്യായങ്ങളിലൂടെയാണ്

ഇനി നമുക്ക് കിഷ്കിന്ധാകാണ്ഡത്തിലൂടെ ശ്രീരാമചരിതം നോക്കാം. ശബരിയും മറ്റുള്ളവരും നൽകിയ ഉപദേശമനുസരിച്ച് ശ്രീരാമനും ലക്ഷ്മണനും സുഗ്രീവനെ കാണുവാൻ കിഷ്കിന്ധയിലേക്ക് പുറപ്പെട്ടു. ഇവിടെവെച്ചാണ് ഹനുമാനെ അവർ പരിചയപ്പെടുന്നത്. കിഷ്കിന്ധയിൽ വെച്ച് ദുരാചാരിയും, അഹംഭാവിയും, തന്റെ ആസുരികശക്തിയിൽ സർവ്വതിനേയും അതിക്രമിക്കാൻ മടികാണിക്കാത്തവനുമായ ബാലിയെ വധിച്ച്, വർഷക്കാലം, കഴിയും വരെ കാത്തിരുന്ന് -ശ്രീരാമ



Scanned with CamScanner

ലക്ഷ്മണന്മാർ, സുഗ്രീവന്റെയും മറ്റുള്ളവരുടെയും സഹായത്തോടെ, സീതാന്വേഷണത്തിനായി പുറപ്പെടുന്നു.

26. അതിശക്തനും അധാർമ്മികനുമായ ശത്രുവിനെ(രാവണനെ) നേരിടാൻ പലരുടേയും സഹായം ആവശ്യമാണ്.

27. ഈശ്വരീയ ശക്തിയോടൊപ്പം മനുഷ്യപ്രയത്നവും ആവശ്യമാണ്. പലതും ചേർന്ന് പ്രവർത്തിച്ചാലേ വലിയകാര്യങ്ങൾ ചെയ്തുതീർക്കുവാൻ സാധിക്കൂ.

28. പലരും ചേരുമ്പോൾ അതിൽ പലതരത്തിൽപ്പെട്ടവരും പലതരം കഴിവുള്ളവരുമുണ്ടാകും, അതെല്ലാം പ്രയോജനപ്പെടുത്തണം.

29. ചിലകാര്യങ്ങൾ നേടിയെടുക്കാൻ വലിയ പ്രത്യുപകാരം ചെയ്യേണ്ടിവരും. ബാലീനിഗ്രഹത്തിലൂടെ സുഗ്രീവനെ വാഴിക്കേണ്ടിവന്നത് അതിനാലാകാം.

30. ചെയ്യുന്ന കാര്യങ്ങളെല്ലാം സമൂഹത്തിന്റെ മുമ്പിൽ ന്യായീകരിക്കപ്പെട്ടുകൊള്ളണമെന്നില്ല. ബാലിയെ ഒളിയമ്പെയ്തു വീഴ്ത്തേണ്ടി വന്നപ്പോൾ അടുത്ത ജന്മത്തിൽ വേടനായി ജനിച്ച് തിരിച്ച് അപ്രകാരം ചെയ്യാൻ അവസരം നൽകുമെന്ന് വാഗ്ദാനം നൽകേണ്ടിടത്ത് ശ്രീരാമൻ അതു ചെയ്തു.

31. മനുഷ്യജന്മമെടുത്ത എല്ലാവർക്കും പരിമിതികളുമുണ്ട്. അതിശക്തനായ ബാലിക്ക് തന്നോടുയുദ്ധം ചെയ്യുന്നവന്റെ ഇരട്ടിശക്തി ലഭിക്കാതിരിക്കാൻ ഇതൊരുമാർഗ്ഗം കൂടിയേ കഴിയുമായിരുന്നുള്ളൂ. ശ്രീരാമൻ പരിമിതിയുള്ള പച്ച മനുഷ്യരൂപത്തിലുള്ള മനുഷ്യനായ അവതാരമാണ് എന്ന് നാം ഓർമ്മിക്കണം.

എല്ലാവരുടേയും പ്രോത്സാഹനത്തിലൂടെ ഹനുമാൻ ലങ്കയിലേക്കു പോയി, സീതാദേവിയുണ്ടോ എന്നും, ലങ്കാദ്വീപിലെ പ്രത്യേകതകളെന്തെന്നും പരിശോധിക്കുവാൻ എല്ലാതടസ്സങ്ങളും തൃണവൽഗണിച്ച് ലങ്കയിലെ അശോകവനത്തിലെത്തി സീതയെ കാണുകയും, രാവണസേനയുടെ ആക്രമണത്തിൽ നിന്ന് വിജയശ്രീലാളിതനായി, ലങ്കാദഹനവും കഴിഞ്ഞ് തിരിച്ചുവരുന്നു. ഹനുമാൻ ശ്രീരാമന് ലങ്കയിലെ വിവരണം നൽകുന്നു. ലങ്കയിൽ ഉണ്ടാകുവാൻ പോകുന്ന സർവ്വനാശത്തെക്കുറിച്ച് ത്രിജട എന്ന രാക്ഷസകുല ജാത മുന്നറിയിപ്പു നൽകുകയും. സീതയെ, അവർ അമ്മയെപ്പോലെ സാന്ത്വനിപ്പിക്കുകയും ചെയ്യുന്നു.

32. വളരെ ശാന്തനും താഴ്മയുള്ളവനുമായ ഹനുമാനെ പ്രോത്സാഹിപ്പിച്ചപ്പോൾ ഒരസാധാരണ ശക്തിയുടെ ഉടമയാണ് താനെന്ന

ബോധം വന്നു. എല്ലാവരിലും വിവിധ കഴിവുകൾ ഉറങ്ങിക്കിടക്കുന്നു. ആവശ്യാനുസരണം അവയെ ഉത്തേജിപ്പിച്ച് അസാധ്യമെന്നു തോന്നാവുന്ന കാര്യങ്ങൾ പോലും ചെയ്യണം/ ചെയ്യിക്കണം (ഇതിനെ പാശ്ചാത്യലോകം ഹനുമാൻ ഇഫക്റ്റ് എന്നു പറയുന്നു)

33. എന്തുകാര്യം തീരുമാനിക്കുന്നതിനുമുമ്പും എല്ലാവിവരങ്ങളും ശേഖരിക്കുന്ന ശ്രീരാമൻ, ഹനുമാനെ അയച്ചത് അതിനു വേണ്ടിയായിരുന്നു. ആധുനിക മാനേജ്മെന്റ് സന്ദേശവുമതാണ്.

34. മുമ്പോട്ടുള്ള പ്രയാണത്തിൽ അനവധി തടസ്സങ്ങളുണ്ടാകാം, ചിലർ സഹായിക്കാനുമുണ്ടാകാം. ഈ തടസ്സങ്ങളുണ്ടാകുമ്പോൾ കരുത്തോടുകൂടി മുമ്പോട്ടു പോകണം. വലുതാകേണ്ടിടത്ത് വലുതാവുകയും, ചെറുതാകേണ്ടിടത്ത് ചെറുതാവുകയും, ലഭ്യമായ സഹായങ്ങൾ സ്വീകരിക്കുകയും ലക്ഷ്യം മറക്കാതെയിരിക്കുകയും വേണം - ഇതാണ് ഹനുമത്യാത്ര.

35. ആസുരികസമൂഹത്തിലും നന്മയുള്ളവരുണ്ടാകും, ത്രിജടയും മണ്ഡോദരിയും നന്മയുടെ അത്യുജ്ജ്വല ഉദാഹരണങ്ങളായി എന്നും സ്മരണയിലുണ്ടാകണം.

36. സർവ്വശക്തിയുമുപയോഗിച്ച്, ബ്രഹ്മാസ്ത്രമുൾപ്പെടെ ഉപയോഗിച്ചും നേരിട്ടപ്പോൾ, അചഞ്ചലനായി ലങ്കയെ ചാരമാക്കി തിരിച്ചുവരാനുള്ള ശക്തിയുണ്ടെന്ന് വ്യക്തമാക്കിയ ഹനുമാൻ ശക്തിയുടെ മാനേജ്മെന്റ് കൂടിയാണ് കാണിച്ചത്. ശാന്തഗംഭീരനായ ഹനുമാൻ, നമ്മുടെ കർമ്മപഥത്തിന് മാതൃകയാകണം!

37. സീതയെ താൻ സന്ദർശിച്ചു എന്നു തെളിവിനായി സീതയുടെ മോതിരം കൂടി കൊണ്ടു വന്ന ഹനുമാൻ, ഏതു കർമ്മം എവിടെ വച്ച് നാം ചെയ്താലും ഓരോന്നിനും തെളിവുകളും രേഖകളുമുണ്ടാകണം എന്നു കർമ്മത്തിലൂടെ നമ്മെ അറിയിക്കുന്നു.

38. നമ്മുടെ ഓരോപ്രവൃത്തിയും, നമ്മെ ആശ്രയിക്കുന്നവർക്ക് ആത്മവീര്യം നൽകുന്നതായിരിക്കണം.

യുദ്ധകാണ്ഡത്തിലൂടെ ഇനി നമുക്ക് സഞ്ചരിക്കാം!

സുഗ്രീവന്റെ നേതൃത്വത്തിൽ സേതുബന്ധനം കഴിഞ്ഞ് ശ്രീരാമലക്ഷ്മണന്മാരും മറ്റുള്ളവരും ലങ്കയിലെത്തുന്നു. രാവണന്റെ അധാർമ്മിക പ്രവർത്തനത്തിന് കൂടെ നിൽക്കാത്ത വിഭീഷണൻ ശ്രീരാമനോടൊപ്പം ചേരുന്നു. സൈന്യങ്ങൾ തമ്മിലുള്ള യുദ്ധവും, അസാധാരണശക്തിയുള്ള രാവണ സൈന്യത്തിന്റെ ബ്രഹ്മാസ്ത്രത്തിനു മുമ്പിൽ മോഹലസ്യപ്പെട്ടു വീണ ശ്രീരാമ സൈന്യത്തെ സജീവമാ



Scanned with CamScanner

ക്കിയതിനുശേഷമുള്ള ശ്രീരാമ വിജയവും ശ്രീരാമചരിതത്തിലെ അവിസ്മരിണീയ വിവരണങ്ങളാണ്. ലങ്കയിൽ സീതാരാമസംഗമം നടന്ന് അയോദ്ധ്യയിലേക്കുള്ള തിരിച്ചുവരവ്, ഭരദ്വാജ ആശ്രമത്തിൽ ഭരതനുമായുള്ള സമാഗമം, പുഷ്പകവിമാനയാത്രയുടെ വിവരണം, അയോദ്ധ്യയിലേക്കുള്ള അവരുടെ പ്രവേശനം, ദിവസങ്ങൾക്കുള്ളിൽ ശ്രീരാമപട്ടാഭിഷേകം, വിഭീഷണ-സുഗ്രീവാദികളുടെ സ്വദേശത്തേക്കുള്ള മടക്കയാത്ര, ശ്രീരാമൻ ഭരിക്കുന്ന അയോദ്ധ്യയുടെ വർണ്ണനം, സ്മരണയിൽ നിൽക്കുന്നതാണിവയെല്ലാം.

39. അധാർമ്മികനായ ഏത് അതിശ്കതനും ദയനീയമായ നാശമുണ്ടെന്ന് നാം മനസ്സിലാക്കണം. ആ നാശം ഒരു കുലത്തിനു മുഴുവനും നാശകാരണമായേക്കാം.

40. ശക്തന്റെ നാശത്തിന്റെ ആരംഭം അവന്റെ പ്രവർത്തനത്താൽ നടക്കുന്നു. വിനാശകാലേ വിപരീതബുദ്ധി.

41. അധർമ്മത്തെ നശിപ്പിക്കുവാനും മനഃ ശക്തി, ശരീരശക്തി, ആയുധശക്തി വിവിധ കർമ്മത്തിലേർപ്പെട്ടിരിക്കുന്നവരുടെ സഹകരണം, ഈശ്വരാനുഗ്രഹം ഇതെല്ലാം ആവശ്യമാണ്. അവതാരങ്ങളായ മനുഷ്യർക്കും പരിമിതികളുണ്ട്.

42. അധർമ്മം നടത്തുന്നവരുടെയും ഘോരമായ തെറ്റുചെയ്യുന്നവരുടെയും കൂട്ടത്തിൽ നിന്ന് കുറെപ്പേർ എന്നും ധർമ്മത്തിന്റെ പക്ഷത്തിലേക്ക് വരുന്നുണ്ടാകും- വിഭീഷണൻ ചെയ്തത് അതാണ്- മണ്ഡോദരി രാവണനെ ഉപദേശിച്ചതും അതാണ്.

43. എത്ര വലിയ വിജയമാണെങ്കിലും തനിക്കർഹിക്കാത്തത് സ്വീകരിക്കരുത് എന്ന് ലക്ഷ്മണനെ ഓർമ്മിപ്പിച്ച്, വിഭീഷണനെ ലങ്കാധിപതിയായി വാഴിച്ച്, അർഹർക്ക് അർഹതപ്പെട്ടതു കൊടുത്ത് ശ്രീരാമൻ ധർമ്മം അനുഷ്ഠിച്ചു. ലങ്കയെ അയോദ്ധ്യയുടെ ഭരണത്തിൽ കീഴിൽ കൊണ്ടുവന്നില്ല.

സീതാന്വേഷണവും സീതാസ്വീകരണവും കൊണ്ടവസാനിപ്പിക്കാതെ ഒരു പ്രവൃത്തി അനേകം നന്മകൾക്കുപകരിച്ചതാണ് ശ്രീരാമചരിതം. ജഡായുവിനും, ശബരിക്കും, അഹല്യയ്ക്കും മോക്ഷം കൊടുക്കുക, സുഗ്രീവന്റെ മഹാസൈന്യശക്തിയുമായി ബന്ധം സ്ഥാപിക്കുക, അധാർമ്മികരെ നശിപ്പിക്കുക. ദക്ഷിണ- ഉത്തരഭാരതത്തെ ഏകരാഷ്ട്രഭാവത്തിലെത്തിക്കുക. ഇപ്രകാരം അനേകം കർമ്മങ്ങളനുഷ്ഠിച്ച അവതാരമായിരുന്നു ശ്രീരാമൻ.

44. അനുഭവിക്കാനുള്ള ദുഃഖങ്ങൾ അനുഭവിച്ച്, അതിന്റെയെല്ലാം അന്ത്യത്തിൽ ധർമ്മസംരക്ഷണത്തിന് സഹായിച്ച എല്ലാവരേയും പണ്ടെ



Scanned with CamScanner

ടുപ്പിച്ച് അയോദ്ധ്യയിൽ നടത്തിയ ശ്രീരാമപട്ടാഭിഷേകം പോലൊരു വിവരണത്തിലെ ഓരോ വരിയും നമ്മെ അനുസ്മരിപ്പിക്കുന്നത്, ധാർമ്മികമൂല്യങ്ങൾ ശ്രീരാമനിലൂടെ വിവരിച്ചു തന്ന ഭാരതീയ പൈതൃകമാണ്.

സീതയെക്കുറിച്ചുള്ള അപവാദശ്രവണദുഃഖത്താൽ രാജവിന്റെ ധാർമ്മികമൂല്യം നിലനിർത്താൻ ശ്രീരാമൻ സീതയെ വാല്മീകിയുടെ ആശ്രമത്തിൽ ഉപേക്ഷിക്കുന്നു. സീതാദേവി ലവകുശന്മാർക്കു ജന്മം നൽകുകയും വാല്മീകിയുടെ അനുഗ്രഹാശിസുകളോടെ ലവകുശന്മാർ പഠനം നടത്തി, വില്ലാളി വീരരായിത്തീരുകയും ചെയ്യുന്നു.

ശ്രീരാമൻ നടത്തുന്ന അശ്വമേധയാഗത്തിൽ, ശത്രുഘ്നൻ നയിക്കുന്ന കുതിരയെ ലവകുശന്മാർ പിടിച്ചു കെട്ടുന്നു പിതാവിന്റെ യാഗാശ്വമാണെന്നറിഞ്ഞ ലവകുശന്മാർ, വാല്മീകിയുടെ അനുഗ്രഹത്തോടെ രാമായണകഥ, ശ്രീരാമസന്നിധിയിൽ വിവരിക്കുന്നു. യജ്ഞശാലയിൽ സ്വന്തം പ്രതിമ വച്ച് അശ്വമേധയാഗം നടത്തിയത് ദർശിച്ച സീതാദേവി മാതാവായ ഭൂമിയുടെ അനുവാദത്തോടെ എന്നെന്നേക്കുമായി മറയുന്നത് രാമചരിതത്തിന്റെ അവസാനഭാഗമാകുന്നു എന്നു സൂചിപ്പിച്ചുകൊണ്ടാണ്.

താപസരൂപത്തിൽ മൃത്യുദേവന്റെ ആഗമനവും, ലക്ഷ്മണനുമായുള്ള വേർപാടും. അന്ത്യത്തിൽ ശ്രീരാമൻ സരയൂ നദിയിൽ ദേഹത്യാഗം ചെയ്യുന്നതോടെ രാമചരിതമവസാനിക്കുന്നതും മനസ്സിനെ സ്വാധീനിക്കുന്ന വേദനാജനകങ്ങളായ സംഭവങ്ങളാണ്..

45. ഏതൊരു ദുഃഖത്തിനും പര്യവസാനമുണ്ട്. അതൊരുപക്ഷേ മറ്റൊന്നിലവസാനിക്കാം.

46. തനിക്കർഹിച്ചതു ലഭിക്കുക തന്നെ ചെയ്യുമെന്ന് ശ്രീരാമപട്ടാഭിഷേകത്തിലൂടെ തെളിയുന്നു. അതിനുമുമ്പ് ഓരോ വ്യക്തിക്കും ചെയ്തു തീർക്കേണ്ടതായ കാര്യങ്ങൾ/ധർമ്മങ്ങൾ ചെയ്തു തീർത്തേ മതിയാകു എന്നത് പ്രകൃതിനിയമമാണ്.

47. സ്വധർമ്മമനുഷ്ഠിച്ച് രാഷ്ട്രഭരണം നടത്തേണ്ടതെങ്ങിനെയെന്ന് 'രാമരാജ്യ'ത്തിലൂടെ തെളിയിക്കുന്നതാണ് ശ്രീരാമഭരണം.

48. ഒരു രാഷ്ട്രഭരണാധികാരിക്ക് വ്യക്തി ധർമ്മത്തേക്കാൾ രാഷ്ട്രധർമ്മമാണ് പ്രധാനം എന്നു തെളിയിക്കുന്നതിന്, ജനങ്ങളുടെ അഭിപ്രായം മാനിച്ചതാണ് ശ്രീരാമന്റെ ജീവിതസന്ദേശം.

49. സേതു ബന്ധിച്ച്, ഘോരയുദ്ധം ചെയ്ത്, ഒരു ദുഷ്കുലത്തിലെ ഭൂരിഭാഗത്തെയും നശിപ്പിച്ച് സ്വധർമ്മപത്നിയെ, അധാർമ്മികനായ



Scanned with CamScanner

രാവണനിൽ നിന്ന് മോചിപ്പിച്ച ശ്രീരാമൻ, സ്വന്തം ജനതയുടെ അഭിപ്രായത്തിന്റെ മൂല്യം കണക്കിലെടുത്ത് നടത്തുന്ന ധർമ്മ പത്നീ ത്യാഗം. രാജധർമ്മമെന്തെന്നത് നമ്മെ പഠിപ്പിക്കുന്നു.

50. പ്രതിജ്ഞയുടെയും ധർമ്മത്തിന്റെയും മുമ്പിൽ സ്വന്തമെന്നും ബന്ധുവെന്നും ഒന്നുമില്ല എന്ന മഹത്തായ ധർമ്മസന്ദേശം നൽകുന്നു ശ്രീരാമൻ, ലക്ഷ്മണൻ, ഭരതൻ, വിഭീഷണൻ........

51. കാലമെത്തുമ്പോൾ എല്ലാം ഉപേക്ഷിച്ച് പോകേണ്ടവരാണ് നാം എന്ന രാമായണത്തിലെ അന്ത്യസന്ദേശം. എന്നും എല്ലാവർക്കും സ്മരണയിലുണ്ടാകണം.

**മഹാഭാരതം സംക്ഷിപ്ത ചരിത്രം** : ലോക സാഹിത്യഗ്രന്ഥങ്ങളിൽ ഏറ്റവും വലിയ കൃതിയത്രെ മഹാഭാരതം. രണ്ടു പുരാതന ഇതിഹാസഗ്രന്ഥങ്ങളായ ഇലിയഡും, ഒഡിസിയും ഒരുമിച്ചു ചേർത്താൽ മഹാഭാരതത്തിന്റെ എട്ടിലൊന്നു വലിപ്പം മാത്രമേ അതിനുണ്ടാകുകയുള്ളൂ. വേദവ്യാസൻ മഹാഭാരതം ശിഷ്യനായ വൈശമ്പായനന് ഉപദേശിക്കുകയും അദ്ദേഹത്തിൽ നിന്നും പരികഷിത്ത് മഹാരാജാവിന്റെ പുത്രനായ ജനമേജയൻ നടത്തുന്ന സർപ്പസത്രത്തിൽ, ജനമേജയന് വിവരിച്ചുകേൾപ്പിക്കുയുമാണ് ചെയ്തിരിക്കുന്നത്. ഇക്കഥയാകട്ടെ നൈമിഷാരണ്യത്തിലെ സൂതമഹർഷിയിൽ നിന്നും ശൗനകാദിമഹർഷിമാർക്ക് വിവരിക്കുന്ന വിധത്തിലാണ് അവതരണം.

ബൃഹത്തായ 18 പർവ്വങ്ങളടങ്ങുന്നതാണ് മഹാഭാരതം. ശ്രീകൃഷ്ണ ചരിതമടങ്ങുന്ന 19-ാം പർവ്വം ഹരിവംശപർവ്വം പ്രത്യേകമായി ഗണിക്കപ്പെടുന്നു. ഇത്രയും പർവ്വങ്ങളെ അനേകം ഉപപർവ്വങ്ങളായും ഇവയെ വീണ്ടും അദ്ധ്യായങ്ങളായും ഭാഗിച്ചിട്ടുണ്ട്. രണ്ടായിരത്തിൽപ്പരം അദ്ധ്യായങ്ങളുള്ള വ്യാസമഹാഭാരതത്തിൽ ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തോളം ശ്ലോകങ്ങളാണുള്ളത്. തർജ്ജമ ചെയ്യപ്പെടുമ്പോഴും വിവിധ ദേശങ്ങളിൽ മഹാഭാരതം പ്രസിദ്ധീകരിക്കുമ്പോഴും ശ്ലോകസംഖ്യകളിൽ ചില മാറ്റങ്ങൾ വരുന്നതായി കണ്ടിട്ടുണ്ട്.

മഹാഭാരതത്തിലെ 18 പർവ്വങ്ങൾ യഥാക്രമം ആദിപർവ്വം, സഭാപർവ്വം, വനപർവ്വം, വിരാടപർവ്വം, ഉദ്യോഗപർവ്വം, ഭീഷ്മപർവ്വം, ദ്രോണപർവ്വം, കർണ്ണപർവ്വം, ശല്യപർവ്വം, സൗപ്തികപർവ്വം, സ്ത്രീപർവ്വം, ശാന്തിപർവ്വം, അനുശാസനപർവ്വം, അശ്വമേധപർവ്വം, ആശ്രമവാസികാപർവ്വം, മൗസലപർവ്വം, മഹാപ്രസ്ഥാനപർവ്വം, സ്വർഗ്ഗാരോഹണപർവ്വം എന്നിവയാണ്. പർവ്വക്രമത്തിൽ മഹാഭാരതകഥ ഇപ്രകാരമാണ്.



Scanned with CamScanner

ധർമ്മശാസ്ത്രം മുഴുവനും ഉപദേശിക്കുവാൻ അസാദ്ധ്യം. താത്വികമായി അറിഞ്ഞതിനും അറിയിച്ചതിനും പ്രായോഗികമായൊരുവശവുമുണ്ട്. ചരിത്രത്തിന്റെ അനുഭവസമ്പത്തുകൾ നിരത്തി ജീവിതസന്ദേശത്തിന്റെ ഓരോ വരിയും വിവരിക്കുകയാണ് വ്യാസൻ, മഹാഭാരതത്തിൽ ചെയ്തിരിക്കുന്നത്. കഥകളും ഉപകഥകളും മാറ്റി നിർത്തിയാൽ ആയിരക്കണക്കിനദ്ധ്യായങ്ങളുള്ള മഹാഭാരതമെന്ന ഇതിഹാസം പാണ്ഡവ-കൗരവ ചരിത്രമായിമാറും. അതാണിവിടെ സമർപ്പിക്കുന്നത്.

വടക്കെ ഇന്ത്യയിൽ ശക്തരായ ഭരതവംശ രാജാക്കന്മാർ നാടുവാണിരുന്നു. ജ്യേഷ്ഠനായ ധൃതരാഷ്ട്രർ ജന്മനാ അന്ധനായതുകൊണ്ട് അനുജനായ പാണ്ഡുവായിരുന്നു ഭരണം നടത്തിയിരുന്നത്.

പാണ്ഡുവിന് അഞ്ച് പുത്രന്മാരുണ്ടായിരുന്നു.- യുധിഷ്ഠിരൻ, ഭീമൻ, അർജ്ജുനൻ, നകുലൻ സഹദേവൻ അന്ധനായ ധൃതരാഷ്ട്രന് ഭാര്യയായ ഗാന്ധാരിയിൽ നൂറ് പുത്രന്മാർ ജനിച്ചു.

അവിചാരിതമായ ഒരു ബ്രാഹ്മണവധത്തിന്നു പ്രായശ്ചിത്തമായി തപസ്സു ചെയ്യാൻ വേണ്ടി പാണ്ഡു, പുത്രന്മാരെ ധൃതരാഷ്ട്രന്റെ രക്ഷയിൽ നിർത്തി, കാട്ടിലേക്ക് തിരിച്ചു. പാണ്ഡവർക്ക് പ്രായപൂർത്തിയാകുന്നതുവരെ, പ്രതിനിധിയായി രാജ്യം ഭരിച്ചിരുന്നത് വലിയച്ഛനായ ധൃതരാഷ്ട്രരായിരുന്നു. അദ്ദേഹം അവരുടെ വിദ്യാഭ്യാസത്തിന്റെ മേൽനോട്ടം വഹിച്ചു. ജന്മനാ ബ്രാഹ്മണനെങ്കിലും യുദ്ധകലാവിശാരദനായ ദ്രോണൻ രാജകുമാരന്മാരുടെ ആചാര്യനായി നിയോഗിക്കപ്പെട്ടു.

ഉദാരമതിയും സത്യനിഷ്ഠനുമായ യുധിഷ്ഠിരൻ ധർമ്മത്തിന്റെ മൂർത്തിമദ്ഭാവമായി വളർന്നു. ഭീമൻ തന്റെ അമിതമായ ശക്തിക്കൊത്ത ശൗര്യവും എടുത്തുചാട്ടവും കാട്ടി. ധീരോദാത്തനും വീരപരാക്രമിയുമായ അർജ്ജുനൻ അക്കാലത്തെ മാതൃകായുവാവായിരുന്നു. ഏതു പരിഷ്കൃതയുഗത്തിലും ഒരുവനെ ബഹുജനങ്ങൾക്ക് പ്രിയങ്കരനാക്കുന്ന എല്ലാ ഗുണങ്ങളും അയാൾക്കുണ്ടായിരുന്നു. പാണ്ഡവരെല്ലാം തന്നെ അവരുടെ സ്വഭാവവൈശിഷ്ട്യം കൊണ്ട് എപ്പോഴും ശ്രദ്ധിക്കപ്പെട്ടുപോന്നു.

ഇതിന്നു കടകവിരുദ്ധമായിരുന്നു നൂറ്റുവരുടെ പ്രകൃതം. മൂത്തവനായ ദുര്യോധനൻ ദ്രോഹബുദ്ധിയും വഞ്ചകനും ക്രൂരനും സൂത്രശാലിയും തന്റെ ഹീനലക്ഷ്യങ്ങൾ സാധിക്കുന്നതിന് ഏത് കുത്സിതമാർഗ്ഗവും സ്വീകരിക്കാൻ മടിക്കാത്തവനുമായിരുന്നു.



Scanned with CamScanner

യുധിഷ്ഠരൻ, ഭീഷ്മപിതാമഹനോടും ദ്രോണാചാര്യരോടും കൂടി യാലോചിച്ച് യുവരാജാവെന്ന നിലയിൽ നീതി ന്യായകാര്യങ്ങൾ നോക്കി നടത്താൻ തുടങ്ങുകയും ചെയ്തു. ദുര്യോധനനോടുള്ള അമിത വാത്സല്യം കാരണം ദുര്യോധനന്റെ ആഗ്രഹങ്ങൾക്കും പ്രേരണകൾക്കും വശംവദനായി, പാണ്ഡവരെ വകവരുത്തുവാനുദ്ദേശിച്ചു കൊണ്ടുള്ള പദ്ധതികൾക്ക് ധൃതരാഷ്ട്രർക്ക് മനമില്ലാമനസ്സോടെ അനുകൂലിക്കയും സമ്മതം നൽകുകയും ചെയ്യേണ്ടിവന്നു.

ഒരിക്കൽ ദുര്യോധനൻ അരക്കില്ലമുണ്ടാക്കി പാണ്ഡവരെ നശിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും അത് ഫലിച്ചില്ല. അവർ ദുര്യോധനന്റെ ക്രൂരമായ പകയെ ഭയന്ന് കാട്ടിൽ ബ്രാഹ്മണവേഷത്തിൽ സഞ്ചരിച്ചു.

കാട്ടിൽ അജ്ഞാതവാസം നയിച്ചിരുന്ന പാണ്ഡവർ പാഞ്ചാലദേശം ഭരിച്ചിരുന്ന ദ്രുപദരാജാവിന്റെ മകളായിരുന്ന ദ്രൗപദിയെ വിവാഹം കഴിച്ചു. അതികഠിനമായ പരീക്ഷകൾ വിജയിച്ചായിരുന്നു ഈ വിവാഹം നടന്നത്.

സ്വയംവരാഘോഷത്തിന് ദ്രുപദരാജധാനിയിലെത്തിയവരിൽ കൃഷ്ണനും ബലരാമനുമുണ്ടായിരുന്നു. ഇവരും പാണ്ഡവരും ബന്ധുക്കളാണ്. ബ്രാഹ്മണവേഷത്തിലുള്ള പാണ്ഡവരെ തിരിച്ചറിയാൻ കൃഷ്ണന് കഴിഞ്ഞിരുന്നു. അതിനാൽ അദ്ദേഹം അവരെ പിന്തുടർന്നു.

നവവധുവായ ദ്രൗപദിയെ അനുഗ്രഹിക്കാൻ കൃഷ്ണൻ കുന്തിയുടെ കുടിലിലെത്തി. പുതിയ വിവാഹബന്ധം കൊണ്ടും കൃഷ്ണന്റെ സൗഹൃദം കൊണ്ടും ധൈര്യം സംഭരിച്ച് പാണ്ഡവർ അജ്ഞാതവാസം ഉപേക്ഷിച്ചു. ധൃതരാഷ്ട്രർ വിവരമറിഞ്ഞു. ഭീഷ്മന്റെ നിർബ്ബന്ധം നിമിത്തം അന്ധഭൂപതി പാണ്ഡവർക്ക് പാതിരാജ്യം കൊടുക്കാൻ സമ്മതിച്ചു. മറ്റേ പകുതി ധൃതരാഷ്ട്രപുത്രർ ഭരിച്ചു.

ഇപ്പോഴത്തെ ദൽഹി നഗരത്തിനടുത്ത് ഇന്ദ്രപ്രസ്ഥത്തിൽ പുതിയ തലസ്ഥാനമുണ്ടാക്കി യുധിഷ്ഠിരൻ തന്റെ ഔചിത്യവും ദീർഘദർശിത്വവും പ്രകടമാക്കി.

താരതമ്യേന ചെറുതായ ഈ രാജ്യം യുധിഷ്ഠിരനെപ്പോലെ ദീർഘദർശിയായ ഒരു സാമ്പത്തിക വിദഗ്ദ്ധന്റെയും ഭരണാധിപന്റെയും കീഴിൽ അഭിവൃദ്ധി പ്രാപിച്ച് സ്വയം സമ്പൂർണ്ണമായിത്തീർന്നു. അർജ്ജുനൻ കൃഷ്ണന്റെ ഏറ്റവും പ്രിയപ്പെട്ട ചങ്ങാതിയായി. അവർ എപ്പോഴും ഒന്നിച്ചു കഴിഞ്ഞുവന്നു. യുധിഷ്ഠിരന്റെ ഐശ്വര്യം ദുര്യോധനന്റെ നെഞ്ചിലെ അസൂയാഗ്നിയെ ആളിക്കത്തിച്ചു. ഏതെങ്കിലും മാർഗ്ഗമുപയോഗിച്ച്



Scanned with CamScanner

യുധിഷ്ഠിരന്റെ സൽക്കീർത്തിയേയും ജനപ്രീതിയേയും അപകീർത്തിപ്പെടുത്താൻ അയാൾ നിശ്ചയിച്ചു. തന്റെ കുത്സിതസൂത്രങ്ങൾക്ക് ചുക്കാൻ പിടക്കാൻ പറ്റിയ ആൾ തന്റെ അമ്മാവൻ കള്ളച്ചൂതുവിരുതൻ ശകുനിയാണെന്ന് ദുര്യോധനൻ കണ്ടു.

എല്ലാ സദ്ഗുണങ്ങളുമുണ്ടെങ്കിലും യുധിഷ്ഠിരന്ന് വലിയൊരു ദൗർബ്ബല്യമുണ്ടായിരുന്നു - ചൂതുകളി. കളിക്കാൻ തുടങ്ങിയാൽ പിന്നെ നോട്ടമില്ല, എന്തു നഷ്ടം വന്നാലും. ദുര്യോധനന് ഇതറിയാം. അയാൾ യുധിഷ്ഠിരനെ ചൂതുകളിക്ക് ക്ഷണിക്കാൻ നിശ്ചയിച്ചു.

ഓരോ കളിയിലും അതിഥികൾ തോറ്റു. അയാൾ എല്ലാം പണയംവെച്ചു - രാജ്യത്തെയും സഹോദരന്മാരെയും തന്നെത്തന്നെയും ഒടുവിൽ ഭാര്യയെയും!

ദുര്യോധനന്റെ സന്തോഷത്തിന് അതിരില്ലാതായി. ദ്രൗപദിയെ സഭയിൽ കൊണ്ട് വന്ന് പരസ്യമായി അപമാനിക്കുവാൻ അയാൾ അനുജൻ ദുശ്ശാസനനോട് കല്പിച്ചു. അപ്രതീക്ഷിതമായ ഈ സംഭവവികാസത്തിൽ ധൃതരാഷ്ട്രഭൂപൻ ഭയംകൊണ്ട് വിറച്ചു. വംശത്തെത്തന്നെ ഉടൻ നശിപ്പിക്കുന്ന ശാപം നല്കാൻ കയ്യേറ്റം ചെയ്യപ്പെട്ട സ്ത്രീക്ക് കഴിയുമെന്നയാൾക്കറിയാം. അദ്ദേഹം ദ്രൗപദിയെ അരികെ വിളിച്ച് തന്റെ മക്കളുടെ അപരാധത്തിന്ന് പ്രായശ്ചിത്തമായി മൂന്നുവരം വാങ്ങിക്കൊള്ളാൻ അവളോടപേക്ഷിച്ചു.

ദ്രൗപദി ആവശ്യപ്പെട്ട പ്രകാരം പാണ്ഡവർ സ്വതന്ത്രരായി. ഒരിക്കൽക്കൂടെ യുധിഷ്ഠിരനെ ചൂതിനു ക്ഷണിക്കാൻ അനുവദിക്കുന്നതിന് ധൃതരാഷ്ട്രരെ പ്രേരിപ്പിച്ചു. ധൃതരാഷ്ട്രർ വഴങ്ങി.

യുധിഷ്ഠിരൻ വീണ്ടും ചൂതിന് ക്ഷണിക്കപ്പെട്ടു. അദ്ദേഹം ക്ഷണം സ്വീകരിച്ചു. തോല്ക്കുന്നവർ പന്ത്രണ്ടുകൊല്ലം വനവാസവും ഒരു കൊല്ലം അജ്ഞാതവാസവും നയിക്കണമെന്നതായിരുന്നു ഇത്തവണത്തെ പന്തയം. പതിമൂന്നാം കൊല്ലം കണ്ടുപിടിക്കപ്പെട്ടാൽ വീണ്ടും പന്ത്രണ്ടുകൊല്ലം വനവാസം വേണം. ഇരുകൂട്ടരും സമ്മതിച്ചു. കളി തുടർന്നു. യുധിഷ്ഠിരൻ തോറ്റു!

ധർമ്മിഷ്ഠരായതുകൊണ്ട് പാണ്ഡവർ കാട്ടിൽ പോകാൻ തയ്യാറായി. തപഃസ്വാദ്ധ്യായങ്ങളിലും സജ്ജനസംസർഗ്ഗത്തിലുമേർപ്പെട്ട് പരിശുദ്ധജീവിതം നയിച്ചുകൊണ്ട് പാണ്ഡവർ പന്ത്രണ്ടുവർഷത്തെ വനവാസം കഴിച്ചുകൂട്ടി. അക്കാലത്ത് കൃഷ്ണനും അർജ്ജുനനും ധാർമ്മികവും അദ്ധ്യാത്മികവുമായ ചർച്ചകൾ ചെയ്തുകൊണ്ട് അഹോരാത്രങ്ങൾ ചെലവഴിച്ചു.



Scanned with CamScanner

പന്ത്രണ്ടുവർഷം കഴിഞ്ഞു. പതിമൂന്നാം വർഷം പാണ്ഡവരും ദ്രൗപദിയും വിരാടരാജധാനിയിൽ ജോലിചെയ്ത് അജ്ഞാതവാസം നയിച്ചു. അങ്ങനെ അതിന്റെ അവധിയും കഴിഞ്ഞു. ഇതിനിടയിൽ പാണ്ഡവരെ കണ്ടുപിടിക്കാൻ ദുര്യോധനൻ കിണഞ്ഞു ശ്രമിച്ചു. പക്ഷേ. അയാളുടെ തന്ത്രങ്ങളെല്ലാം വെറുതെയായി.

പാണ്ഡവർ തിരിച്ചുവന്ന് തങ്ങളുടെ രാജ്യം ആവശ്യപ്പെട്ടു. ദുര മൂത്ത ദുര്യോധനൻ ഒട്ടും തന്നെ വിട്ടുകൊടുക്കാൻ തയ്യാറില്ലായിരുന്നു. യുധിഷ്ഠിരന്ന് രാജ്യം തിരിച്ചുനല്കണമെന്ന് ദ്രോണനും ഭീഷ്മരും നിർബ്ബന്ധിച്ചു പറഞ്ഞു. കൃഷ്ണൻ സന്ധിസംഭാഷണം നടത്തി. ദുര്യോധനൻ വഴങ്ങിയില്ല. ധർമ്മനിയമപ്രകാരം താൻ നേടിയതാണ് രാജ്യമെന്നും ചൂതിൽ തോറ്റ യുധിഷ്ഠിരന്ന് രാജ്യം തിരിച്ചു ചോദിക്കാൻ അധികാരമില്ലെന്നുമായിരുന്നു അയാളുടെ നിലപാട്.

അങ്ങനെ യുദ്ധം അനിവാര്യമായിത്തീർന്നു. അതിന്നുള്ള സന്നാഹങ്ങൾ ദ്രുതഗതിയിൽ തുടങ്ങി. പാണ്ഡവർ അവരുടെ സുഹൃത്തുക്കളോടും ഗുണകാംക്ഷികളോടും സഹായാഭ്യർത്ഥന നടത്തി. നീതിക്കുവേണ്ടിയുള്ള സമരത്തിൽ പലരും അവരെ സഹായിക്കാമെന്നേറ്റു. അർജ്ജുനനും ദുര്യോധനനും കൃഷ്ണനെ സമീപിച്ചു. "സൈന്യങ്ങളും ആയുധങ്ങളുമെല്ലാം ഒരാൾക്കും നിരായുധനായ എന്നെ മറ്റാൾക്കും തരാം." ഏതാണ് വേണ്ടതെന്ന് ചോദിച്ചപ്പോൾ സൈന്യം മതിയെന്ന് ദുര്യോധനൻ പറഞ്ഞു. കൃഷ്ണനെ സാരഥിയായി കിട്ടിയതിൽ അർജ്ജുനൻ സന്തോഷിച്ചു.

അർജ്ജുനന്റെ മനോവീര്യത്തെ തുരങ്കം വെക്കാനുദ്ദേശിച്ചുകൊണ്ട് മനശ്ശാസ്ത്രപരമായ വിവക്ഷകളും ദുഷ്ടമായ സ്വയം പ്രത്യായനങ്ങളുമടങ്ങിയ ഒരു രഹസ്യസന്ദേശം യുദ്ധം തുടങ്ങുന്നതിന്നു മുമ്പ് ധൃതരാഷ്ട്രൻ സഞ്ജയൻ മുഖാന്തം അർജ്ജുനന്നയച്ചു. അതു ഫലിക്കുകയും ചെയ്തു. യുദ്ധം ചെയ്യുന്നതിന്നെതിർവാദങ്ങളായി ഇതേ വാക്കുകളാണ് ഗീത രണ്ടാമദ്ധ്യായത്തിൽ അർജ്ജുനമുഖത്തുനിന്നും വരുന്നത്! ശരിയായി ഉന്നം വെക്കുകയും ബുദ്ധിപൂർവ്വം പ്രയോഗിക്കുകയുമായാൽ മനശ്ശാസ്ത്രപരമായ ആയുധങ്ങളാണ്, ഒരുപക്ഷേ, ഇന്നത്തെ ആണവായുധങ്ങളെക്കാളും ശക്തവും മാരകവും.

ഭീഷ്മപിതാമഹൻ, ദ്രോണാചാര്യൻ, കർണ്ണൻ തുടങ്ങിയവരെല്ലാം കൗരവപക്ഷത്തായിരുന്നു. വിധിനിർണ്ണായകമായ ആ ദിവസം വന്നെത്തി. ഇരു സൈന്യങ്ങളും അണിനിരന്നു. പാണ്ഡവർക്ക് ആവേശപൂർവ്വം യുദ്ധം ചെയ്യാൻ കഴിഞ്ഞു. കൗരവർക്കാകട്ടെ, ഭാരംപൂണ്ട സ്വമനസ്സാക്ഷിയെ വലിച്ചിഴയ്ക്കേണ്ടതായും തങ്ങളുടെ നീക്കങ്ങളെ കുറ്റബോധത്തോടെ ആസൂത്രണം ചെയ്യേണ്ടതായും വന്നു.



Scanned with CamScanner

കൃഷ്ണൻ ഗീതോപദേശം വഴി അർജ്ജുനമനസ്സിന്റെ സജ്ജീകരണം ശരിയാക്കി വെച്ചതോടെ, ആ വീരൻ ഗാണ്ഡീവം കൈയിലേന്തി യുദ്ധോദ്യുക്തനായി ചാടിയെണീറ്റു; കൗരവസൈന്യങ്ങൾക്കാകെ അന്തകനായി മാറി. പതിനെട്ട് ദിവസം നീണ്ടുനിന്ന യുദ്ധത്തിൽ ദുര്യോധനൻ ഭീമന്റെ ഗദാപ്രഹരമേറ്റുവീണു.

കൃഷ്ണൻ ഗാന്ധാരിക്ക് ധർമ്മോപദേശം നൽകി. ദുഃഖിതയായ ആ അമ്മയുടെ ഉൾക്കണ്ണ് തുറന്നു; അവർ എല്ലാം ശരിയായ കാഴ്ചപ്പാടിൽ കണ്ടു; സമാശ്വസിച്ചു; സമ്പത്തിനും അധികാരത്തിന്നും വേണ്ടി യുദ്ധം ചെയ്തു മരിക്കുന്നതിനേക്കാൾ നല്ലൊരന്ത്യം രാജകുമാരന്മാർക്ക് ഉണ്ടാവാനില്ലെന്നു ബോധിച്ചു.

യുധിഷ്ഠിരൻ രാജാവായി അഭിഷേകം ചെയ്യപ്പെട്ടു. ധൃതരാഷ്ട്രരും ഗാന്ധാരിയും വാനപ്രസ്ഥം സ്വീകരിച്ച് കാട്ടിലേക്കു പോയി. ധർമ്മപുത്രൻ തന്റെ പേര് അന്വർത്ഥമാക്കിക്കൊണ്ട് മുപ്പത്താറുകൊല്ലം രാജ്യം ഭരിച്ചു. അത്രയേറെ സമ്പത്സമൃദ്ധവും ഐശ്വര്യപൂർണ്ണവും ധാർമ്മികപ്രവണവും സംസ്കാരസമ്പന്നവുമായി സർവ്വോത്കർഷേണ ഉത്തരേന്ത്യ ഒരിക്കലുമിരുന്നിട്ടില്ല.

ഗാന്ധാരിയുടെ ശാപം ഫലിക്കേണ്ട സമയമായി. ദ്വാരകയിൽ അഭ്യന്തരയുദ്ധം പൊട്ടിപ്പുറപ്പെട്ടു. ദേഹബലമുള്ളവരെല്ലാം മരിച്ചു. സ്ത്രീജനങ്ങളെ രക്ഷിക്കാൻ ശ്രീകൃഷ്ണൻ പാണ്ഡവർക്കൊരു സന്ദേശമയച്ചു. തന്റെ മായാമാനുഷരൂപം തിരോഹിതമാക്കേണ്ട സമയമായിരിക്കുന്നുവെന്ന് ഭഗവാൻ അറിഞ്ഞു; കാട്ടിൽ ഒരു മരച്ചുവട്ടിൽ, തന്റെ സഹജസ്വരൂപത്തിൽ - അനന്തവും നിത്യവുമായ പരമാത്മസ്വരൂപത്തിൽ - ധ്യാനമുറപ്പിച്ചുകൊണ്ട് ഇരുന്നു.

ഭഗവാന്റെ അരുണാഭമായ കാൽമടമ്പുകൾ ദൂരെനിന്നു കണ്ട ഒരുവേടൻ അതൊരു മാൻ കിടക്കുന്നതാണെന്ന് തെറ്റിധരിച്ച് അമ്പെയ്തു...... അടുത്തു വന്നപ്പോഴാണ് അബദ്ധം മനസ്സിലായത്. അവൻ പശ്ചാത്താപത്തോടെ ഉറക്കെക്കരഞ്ഞ് മാപ്പപേക്ഷിച്ചു. ഭഗവാൻ പുഞ്ചിരിയോടെ അവനെ അനുഗ്രഹിച്ച് സമാശ്വസിപ്പിച്ചു. ധർമ്മസംസ്ഥാപനത്തിനായി ലീലരൂപം കൈക്കൊള്ളുമ്പോഴും അവിടുന്ന് "കലിയുടെ നിയമം" ശരിയായിപാലിക്കുന്നു. ഭഗവാന്റെ ശരീരപതനത്തിന്നും ഒരു കാരണം വേണം. അവിടുന്ന് സ്വധാമത്തിലേക്കു മടങ്ങി.

പ്രേമത്തിന്റെ മൂർത്തീഭാവമായിരിക്കാനും അതേസമയം പൂർണ്ണമായും അസംഗനായിരിക്കാനും തനിക്കുള്ള കഴിവ്, സാമ്രാജ്യങ്ങൾ സ്ഥാപിക്കുകയും അത് അർഹതയുള്ളവരെ ഭരിക്കാനേല്പിക്കുകയും ചെയ്യുന്ന കളിയിലെ രസം, എല്ലാറ്റിലും കലർന്നിരിക്കുകയും എന്നാൽ



Scanned with CamScanner

ഒന്നിനോടും താദാത്മ്യപ്പെടാതിരിക്കയും ചെയ്യുന്ന ലീല- ഇതെല്ലം ലോകത്തിന്നു കാട്ടിക്കൊടുത്ത് വൃന്ദാവനത്തിലെ ശ്രീകൃഷ്ണൻ, ഗോപീവല്ലഭൻ, മഥുരാവീരൻ, കംസനിഷൂദനൻ, ജരാസന്ധവൈരി, ദ്വാരകാധിപതി, അർജ്ജുനസുഹൃത്ത്, മഹാഭാരതയുദ്ധത്തിലെ കേന്ദ്രബിന്ദു, ദുഷ്കൃതികളുടെ വിനാശവും സാധുക്കളുടെ പരിത്രാണവുമെന്ന തന്റെ ലീല അവസാനിപ്പിച്ചു.... അവതാരസ്വരൂപം വെടിഞ്ഞ് ബ്രഹ്മഭാവത്തിലേക്ക് പ്രവേശിച്ചു.

അർജ്ജുനൻ ദ്വാരകയിലെത്തി. അവിടുത്തെ സർവ്വനാശവും ദുരവസ്ഥയും കണ്ടു; അനാഥരായ സ്ത്രീകളെ ഹസ്തിനപുരത്തിലേക്ക് കൊണ്ടുവന്നു. വഴിക്കുവെച്ച് കവർച്ചക്കാർ ആക്രമിച്ച് സ്ത്രീകളെ പലരേയും തട്ടിക്കൊണ്ടുപോയി. ഗാണ്ഡീവം എടുക്കാനുള്ള ശക്തിപോലും തനിക്ക് നഷ്ടപ്പെട്ടതായി. അർജ്ജുനൻ കണ്ടു. ഭഗവാന്റെ തിരോഭാവത്തോടെ തന്റെ എല്ലാ ശേഷിയും ശേമുഷിയും അസ്തമിച്ചുവെന്ന് അദ്ദേഹം മനസ്സിലാക്കി.

പാണ്ഡവർ രാജ്യഭാരം മതിയാക്കാൻ തീരുമാനിച്ചു. അഭിമന്യുപുത്രനായ പരീക്ഷിത്തിനെ രാജാവാക്കി, ദ്രൗപദിയേയും കൂട്ടി ഹിമാലയത്തിലേക്ക് യാത്രയായി. പോകുന്നവഴിക്ക് ഓരോരുത്തരായി മരിച്ചുവീണു. യുധിഷ്ഠിരൻ ദ്രൗപദിയുമൊത്ത് യാത്ര തുടർന്നു. ഒരു നായയും തുടക്കത്തിലേ അവരോടൊപ്പം കൂടിയിരുന്നു. അവസാനം ദ്രൗപദിയും പരലോകം പൂകി. ബദരീനാഥത്തിന്നപ്പുറത്തേക്കുള്ള മലകയറുകയായിരുന്നു യുധിഷ്ഠരൻ. അപ്പോൾ, അദ്ദേഹത്തെ ഉടലോടെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകാൻ, ദേവദൂതന്മാർ ദിവ്യരഥവുമായെത്തി.

പക്ഷെ, തന്റെ കൂടെവന്ന നായ........... അരുത്... നായ്ക്കൾക്ക് രഥത്തിലേക്കു തന്നെ പ്രവേശനമില്ല; എന്നിട്ടല്ലേ സ്വർഗ്ഗത്തിലേക്ക്!........ധർമ്മത്തിന്റെ മൂർത്തീകരണമായ യുധിഷ്ഠിരൻ സംശയംകൂടാതെ പറഞ്ഞു: "ശരി, അങ്ങനെയാണെങ്കിൽ, വിശ്വസ്തനായ ഒരു സുഹൃത്തിന്നുവേണ്ടി - അതൊരു മിണ്ടാപ്രാണിയായ നായ ആയാൽ പ്പോലും - സ്വർഗ്ഗസുഖംകൂടി ഉപേക്ഷിക്കാൻ ഞാൻ തയ്യാറാണ്. ഞാൻ വരുന്നില്ല."

നായ പെട്ടെന്ന് രൂപം മാറി, സാക്ഷാൽ ധർമ്മരാജാവുതന്നെയായി. അദ്ദേഹം യുധിഷ്ഠിരന്റെ ധർമ്മനിഷ്ഠ പരീക്ഷിക്കാൻ വന്നതായിരുന്നു. യുധിഷ്ഠരൻ സ്വർഗ്ഗത്തിലേക്കു പോയി. തന്റെ അനുജന്മാരോടും ബന്ധുക്കളോടും ചേർന്നു. മഹാഭാരതധർമ്മയുദ്ധവും ചരിത്രവും ഇവിടെ അവസാനിക്കുന്നു.



Scanned with CamScanner

## ഭഗവദ്ഗീതാ സന്ദേശങ്ങൾ

1. കർമ്മ മണ്ഡലത്തിൽ ഓരോ വ്യക്തിയും ധീരനായി മുന്നേറണം.
2. സ്വധർമ്മം അനുഷ്ഠിക്കുന്നതാണ് ജീവിതത്തിലെ പ്രധാന ലക്ഷ്യവും മാർഗ്ഗവും
3. സ്വധർമ്മമനുഷ്ഠിക്കുമ്പോൾ ഉണ്ടാകുന്ന സുഖദുഃഖങ്ങളും ജയപരാജയങ്ങളും, നിന്ദാ-സ്തുതികളും നമ്മെ തളർത്തരുത്.
4. കർമ്മ മണ്ഡലത്തിൽ സ്വധർമ്മമനുഷ്ഠിക്കാത്തവനെ ഭീരു എന്ന് സമൂഹം അവഹേളിക്കും.
5. ശ്രേഷ്ഠന്മാർ സ്വധർമ്മമനുഷ്ഠിച്ചില്ലെങ്കിൽ സാധാരണ ജനതയും ആ പന്ഥാവ് പിന്തുടരും.
6. സ്വധർമ്മമനുഷ്ഠിക്കുമ്പോൾ ഉണ്ടാകുന്ന പരാജയം പോലും ശ്രേഷ്ഠമാണ്. വിജയമാണെങ്കിൽ, അതിന്റെ ഫലവും അനുഭവിക്കാം.
7. ദുഃഖത്തിൽ തളരാതിരിക്കുക, സുഖത്തിൽ മതി മറന്നാഹ്ളാദിക്കാതിരിക്കുക- മാനസിക സന്തുലനം നിലനിർത്തുക.
8. ഒന്നിനോടും പരിധിക്കപ്പുറമുള്ള ബന്ധമോ, ഭയമോ, ദ്വേഷ്യമോ ഉണ്ടാകരുത്.
9. സർവ്വചരാചരങ്ങൾക്കും കർമ്മാനുഷ്ഠാനം കൂടാതെ വർത്തിക്കുവാൻ സാധ്യമല്ലാത്തതിനാൽ കർമ്മം ചെയ്തേ മതിയാകൂ
10. ശരീരം പല അവസ്ഥകളായ ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം എന്നിവയിലൂടെ കടന്ന് അന്ത്യത്തിൽ യാത്രയാകുന്നു. ആ ശരീരം ധർമ്മാനുഷ്ഠാനത്തിനുള്ള ഉപകരണമാക്കുക.
11. ജനനത്തിനുമുമ്പുള്ളതും മരണത്തിനുശേഷമുള്ളതുമായ അവസ്ഥകൾ അവ്യക്തങ്ങളാണ്. വ്യക്തമായത് ഇന്നത്തെ ജീവിതം അത് നന്മയ്ക്കുവേണ്ടി ഉപയോഗിക്കുക.
12. വ്യക്തിത്വം, വാക്ക്, മനസ്സ്, ചിന്ത, കർമ്മം, കർമ്മഫലം, ആഹാരം, ലക്ഷ്യം ഇവയെ സാത്വികാവസ്ഥയിലേക്കെത്തിക്കുക.
13. ഓരോ ചിന്താധാരയും ശാസ്ത്രീയമായി വിശകലനം ചെയ്ത് വിലയിരുത്തി ഉത്തമമായത് മാത്രം സ്വീകരിക്കുക.
14. ആത്മീയത പോലും ശാസ്ത്രീയമായി വിശകലനം ചെയ്തു പഠിച്ച് സ്വജീവിതത്തിലനുഷ്ഠിക്കുക.



Scanned with CamScanner

15. കർമ്മഫലത്തെക്കുറിച്ച് പരിധിക്കപ്പുറം വേവലാതിപ്പെടാതിരിക്കുക. കർമ്മാനുഷ്ഠാനം ധർമ്മമാണെന്ന ബോധമുണ്ടാക്കുക.

16. എല്ലാ ദുഃഖങ്ങൾക്കും വേദനകൾക്കും അടിസ്ഥാനകാരണം ബന്ധമാണെന്നറിയുക. സുഖവും ദുഃഖവും ജീവിതത്തിന്റെ ഭാഗമാണെന്നോർമ്മവേണം.

17. ഈ ഭൂമിയിൽ ആരും ശാശ്വതമായി ജീവിക്കുന്നവരല്ല. ജനിച്ചവർക്കെല്ലാം മരണമുണ്ട്. അതുകൊണ്ടു തന്നെ മരണത്തെ ഓർത്ത് ദുഃഖിക്കേണ്ടതില്ല.

18. ഓരോവിദ്യാർത്ഥിക്കും, അദ്ധ്യാപകനും, വക്കീലിനും, ഡോക്ടർക്കും, അമ്മക്കും, അച്ഛനും, പുത്രനും, പുത്രിക്കും, ഭാര്യക്കും, ഭർത്താവിനും, രാജാവിനും, ...................... അവരവരുടേതായ ധർമ്മവും കർമ്മവുമുണ്ട്. സത്യസന്ധമായും, ആത്മാർത്ഥമായും, അതനുഷ്ഠിച്ച് മറ്റുള്ളവർക്ക് മാതൃകയാകണം !

## ഗായത്രീ മന്ത്രങ്ങൾ

1. **ഗണേശ ഗായത്രി :** ഓം ഏകദന്തായ വിദ്മഹേ വക്രതുണ്ഡായ ധീമഹി. തന്നോ ദന്തീ പ്രചോദയാത്.

2. **വിഷ്ണു ഗായത്രി :** ഓം നാരായണായ വിദ്മഹേ വാസുദേവായ ധീമഹി. തന്നോ വിഷ്ണുഃ പ്രചോദയാത്

3. **ശിവ ഗായത്രി :** ഓം തത്പുരുഷായ വിദ്മഹേ മഹാദേവായ ധീമഹി. തന്നോ രുദ്രഃ പ്രചോദയാത്.

4. **ശ്രീരാമ ഗായത്രി :** ഓം ദശരഥയേ വിദ്മഹേ സീതാവല്ലഭായ ധീമഹി. തന്നോ രാമഃ പ്രചോദയാത്.

5. **ശ്രീകൃഷ്ണ ഗായത്രി :** ഓം ദേവകീനന്ദനായ വിദ്മഹേ വാസുദേവായ ധീമഹി : തന്നോഃ കൃഷ്ണ പ്രചോദയാത്.

6. **ദുർഗാ ഗായത്രി :** ഓം കാർത്യായനൈ്യ വിദ്മഹേ കന്യാകുമാരൈ്യയെ ധീമഹി. തന്നോ ദുർഗാ പ്രചോദയാത്.

7. **ലക്ഷ്മീ ഗായത്രി :** ഓം മഹാദേവൈ്യ വിദ്മഹേ വിഷ്ണുപത്നൈ്യ ധീമഹി. തന്നോ ലക്ഷ്മീഃ പ്രചോദയാത്.

8. **സരസ്വതീ ഗായത്രി :** ഓം വാഗ്ദേവൈ്യ വിദ്മഹേ കാമരാജായ ധീമഹി. തന്നോ ദേവീ പ്രചോദയാത്.

9. **ശക്തി ഗായത്രി :** ഓം സർവ സമ്മോഹിനൈ്യ വിദ്മഹേ വിശ്വജനനൈ്യ ധീമഹി. തന്നോ ശക്തിഃ പ്രചോദയാത്.



Scanned with CamScanner

10. ഗുരു ഗായത്രി : ഓം ഗുരുദേവായ വിദ്മഹേ പരബ്രഹ്മണേ ധീമഹി. തന്നോ ഗുരുഃ പ്രചോദയാത്.

11. സൂര്യ ഗായത്രി : ഓം ഭാസ്കരായ വിദ്മഹേ മഹാദ്യുതികരായ ധീമഹി. തന്നോ ആദിത്യ പ്രചോദയാത്.

## ചക്രങ്ങളുടെ സ്ഥാനം - ഷഡാധാര ചക്രങ്ങൾ

1. **മൂലാധാരചക്രം :** സേക്രൽ പ്ലക്സസ് എന്നറിയപ്പെടുന്ന നട്ടെല്ലിന്റെ അവസാനഭാഗത്തിലുള്ള സുഷുമ്ന നാഡിയിൽ അഥവാ സ്പൈനൽ കോഡിൽ സ്ഥിതിചെയ്യുന്നു.
2. **സ്വാധിഷ്ഠാനചക്രം :** പ്രോസ്റ്റാറ്റിക് പ്ലക്സസിന്റെ സ്ഥാനത്ത് ജനനേന്ദ്രിയങ്ങൾക്കുസമീപം സ്ഥിതിചെയ്യുന്നു.
3. **മണിപൂരചക്രം :** സോളാർപ്ലക്സസിനു സമീപം സ്ഥിതിചെയ്യുന്നു.
4. **അനാഹതാചക്രം :** ഹൃദയത്തിൽ, കാർഡിയക് പ്ലക്സസിൽ സ്ഥിതി ചെയ്യുന്നു.
5. **വിഷുശുദ്ധചക്രം :** തൊണ്ടയുടെഭാഗത്ത്, ലാരിഞ്ജിയൽ പ്ലക്സസിൽ സ്ഥിതി ചെയ്യുന്നു.
6. **ആജ്ഞാചക്രം :** പുരികങ്ങൾക്കിടക്ക്, കാവേർണിയസ് പ്ലക്സസിൽ സ്ഥിതി ചെയ്യുന്നു.
7. **സഹസ്രാരചക്രം :** തലച്ചോറിൽ കിരീടാകൃതിയിൽ വരുന്നതാണ് സഹസ്രാരചക്രം.

   ആറെണ്ണം സുഷുമ്നാ നാഡിയിലൂടെ മസ്തിഷ്കത്തിലെ സഹസ്രാരത്തിൽ അവസാനിക്കുന്നു.

## ഉപാസനാ/ ആരാധനാ രീതികൾ

1. **ശ്രവണം :** നല്ല ഉപദേശങ്ങൾ കേട്ടും, ശ്രീരാമ-ശ്രീകൃഷ്ണ ചരിതം കേട്ടും, വേദമന്ത്രങ്ങൾ ശ്രവിച്ചുമുള്ള ഉപാസനാരീതിയാണ് ശ്രവണം. രാമായണ പാരായണം, ഭാഗവതപാരായണം എന്നിവയെല്ലാം ശ്രവണോപാസനാമാർഗ്ഗമാണ്.
2. **കീർത്തനം :** കീർത്തനങ്ങളാലപിച്ചും, കഥകൾചൊല്ലിക്കൊടുത്തുമുള്ള ഉപാസനാമാർഗ്ഗമാണിത്. മീരയും, പൂന്താനവും, മറ്റനവധി കവികളും, ത്യാഗരാജ ഭാഗവതരും, സ്വാതിതിരുനാൾ രാജാവുമെല്ലാം കീർത്തനോപാസനയാണ് സ്വീകരിച്ചിരുന്നത്.



Scanned with CamScanner

3. **സ്മരണം :** ഈശ്വരരൂപം, സ്മരിക്കുക. നിരന്തര സ്മരണയിലൂടെ നടത്തുന്ന ഉപാസന ഇന്നും ഏറെ പ്പേർ അനുശാസിക്കുന്നു. ഗുരുവായൂരപ്പനെ സ്മരിക്കുക എന്നെല്ലാം പറയുന്നത് ഈ ഉപാസനാമാർഗ്ഗമാണ്.

4. **പാദസേവനം :** എല്ലാവരിലും ഈശ്വരചൈതന്യം ദർശിച്ച് അവരെ സേവിക്കുക, സഹായിക്കുക. നന്മകൾ ചെയ്തു കൊടുക്കുക ഇതാണത്രെ പാദസേവനം.

5. **അർച്ചനം :** നിരന്തരമുള്ള ഈശ്വരപൂജ. പുഷ്പ-പത്ര-ഫല-തോയങ്ങളിലൂടെയും അഭിഷേക-നിവേദ്യാദികളിലൂടെയുമുള്ള പൂജയാണർച്ചന.

## ഈശ്വരോപാസനയിലെ മാനസികബന്ധം

1. **ശാന്തഭാവം :** ആഗ്രഹങ്ങളും, ആവശ്യങ്ങളും, ആനുഗ്രഹവും ഒന്നും പ്രതീക്ഷിക്കാതെ, ചോദിക്കാതെ, നിവേദനങ്ങളില്ലാതെയുള്ള ഈശ്വരോപാസനാ സമയത്ത് ഭക്തന്റെ മാനസികാവസ്ഥയേതോ അതാണ് ശാന്തഭാവം.

2. **ദാസ്യഭാവം :** ഈശ്വരൻ യജമാനനും ഭക്തൻ ദാസനുമായി, അവിടത്തെ ആജ്ഞ അടിയൻ നിർവ്വഹിക്കുന്നു എന്നു പറയുന്ന വേളയിലെ മാനസിക ഭാവമാണ് ദാസ്യഭാവം.

3. **സഖ്യഭാവം :** ഈശ്വരനെ സുഹൃത്തായി കണ്ട് സുഹൃത്തിനോടു എപ്രകാരമെല്ലാം നാം പെരുമാറുന്നുണ്ടോ അപ്രകാരമെല്ലാം ബന്ധപ്പെടുമ്പോൾ നമ്മുടെ മനസ്സിലുദയം ചെയ്യുന്ന ഭാവമാണ് സഖ്യഭാവം.

4. **വാത്സല്യഭാവം :** ഉണ്ണികൃഷ്ണനെ വന്ദിക്കുമ്പോൾ ചൊല്ലാറുള്ള കീർത്തനങ്ങളിലെല്ലാം പ്രായമായ ഭക്തന്മാരുടെ മനസ്സിലുദയം ചെയ്യുന്ന ഭാവമാണ് വാത്സല്യഭാവം. മാതാപിതാക്കൾക്ക് കുഞ്ഞുങ്ങളോട് തോന്നുന്ന മാനസികാവസ്ഥയാണ് വാത്സല്യം. അത് ഭക്തനിലും ഉദയം ചെയ്യുന്നു.

5. **മാധുര്യഭാവം :** ഈശ്വര ചൈതന്യത്തേയും അവതാരങ്ങളേയും പ്രേമഭാവത്തിൽ കാണുന്നത് മാധുര്യഭാവം. ഗോപികമാർക്ക് ശ്രീകൃഷ്ണനോട് തോന്നിയ ഭക്തിഭാവമാണ് മാധുര്യഭാവം.

## പതഞ്ജലി മഹർഷിയുടെ ദശോപദേശങ്ങൾ

1. **അഹിംസ :** വാക്ക്, മനസ്സ്, പ്രവൃത്തി ഇവകൊണ്ട് ഒരു ജീവിയേയും വേദനിപ്പിക്കുകയോ, ഹിംസിക്കുകയോ ചെയ്യാതിരിക്കുക.



Scanned with CamScanner

2. **സത്യം** : എല്ലാ കാര്യത്തിലും സത്യം, വസ്തുത ഇവ എന്തെന്നറിയുക. ജീവിതത്തെക്കുറിച്ചുള്ള സത്യവും അറിയുക.
3. **ആസ്തേയം** : സ്തേയം എന്നാൽ ചൂഷണം അഥവാ മോഷണം. ആസ്തേയമെന്നാൽ മറ്റൊരുവന്റേയും (മറ്റൊന്നിന്റേയും) മോഷണചൂഷണം ചെയ്യാതിരിക്കുക.
4. **ബ്രഹ്മചര്യം** : (ഈ സന്ദേശത്തിന് യോഗികൾക്കുള്ള അർത്ഥം സാധാരണ ജനതക്ക് വേണമെന്നില്ല) ആധുനിക ജീവിതത്തിൽ ബ്രഹ്മചര്യം എന്നാൽ ആത്യന്തികമായ ജീവിതലക്ഷ്യത്തെക്കുറിച്ചുള്ള ബോധമുണ്ടാകുക, അതിലൂടെ സഞ്ചരിക്കുക
5. **അപരിഗ്രഹം** : മറ്റുള്ളവനുള്ളതും, അർഹിച്ചതും, അവന്റേതെന്ന് വ്യക്തമായി അറിയാവുന്നതുമായത്, സ്വന്തമാക്കണമെന്ന തോന്നലാണ് പരിഗ്രഹം. അവനർഹിക്കുന്നത്, എനിക്ക് വേണ്ട എന്ന തോന്നലാണുണ്ടാകേണ്ടത്. അതാണ് അപരിഗ്രഹം.
6. **ശൗചം** : ശാരീരികമായ ശുദ്ധിയും മാനസികശുദ്ധിയുമാണ് ശൗചം. സ്നാനത്തിലൂടെ ബാഹ്യശരീരശുദ്ധിയും നല്ല ചിന്തകളിലൂടെ മനഃശുദ്ധിയും ലഭിക്കുന്നു. ശൗചം പ്രധാനമായും ശരീരശുദ്ധിയെയാണ് ലക്ഷ്യമിടുന്നത്.
7. **സന്തോഷം** : തനിക്കുള്ളതിലും, ലഭിച്ചതിലും, ലഭിക്കുന്നതിലും, സംതൃപ്തിയും ചാരിതാർത്ഥ്യവും കണ്ടെത്താൻ സാധിക്കുന്നതാണ് സന്തോഷം. ജീവിതത്തിൽ സുഖ: ദു:ഖങ്ങൾ, ഉയർച്ച താഴ്ച്ച, ചിരി കരച്ചിൽ എന്നിവയുണ്ട്. ഇതിനിടക്ക് ലഭിക്കുന്ന സന്തോഷിക്കാനുള്ള നിമിഷങ്ങൾ കളയാതിരിക്കണം.
8. **തപ** : ആധുനിക ലോകത്തിൽ തപസ്സ് എന്നാൽ അവനവന്റെ കർമ്മമണ്ഡലത്തിൽ പൂർണ്ണമായും ആത്മാർത്ഥതയോടെയും അർപ്പണബോധത്തോടെയും പ്രവർത്തിക്കലാണ്. കർമ്മം ധർമ്മമാണ്. ധർമ്മാനുഷ്ഠാനമാണ് തപശ്ചര്യ.
9. **സ്വാധ്യായം** : യോഗികൾക്ക് ഇത് വേദപഠനമാണ്. അല്ലാത്തവർക്ക് സ്വന്തം കർമ്മമണ്ഡലത്തെക്കുറിച്ചും (Profession) അതിലെ എല്ലാവിധ കാര്യ-കാരണങ്ങളെക്കുറിച്ചുമുള്ള ഗഹനമായ ജ്ഞാന സമ്പാദനമാർഗ്ഗമാണ്, സ്വാധ്യായം. കർമ്മമണ്ഡലത്തിലെ എല്ലാ അറിവുകളും വിരൽ ത്തുമ്പിലുണ്ടായിരിക്കുകയാണ് സ്വാധ്യായത്തിന്റെ ഫലം.
10. **ഈശ്വര പ്രണിധാനം** : സർവ്വചരാചരങ്ങളിലും പ്രവർത്തിക്കുന്ന ഒരു ചൈതന്യമുണ്ട്. പ്രപഞ്ചത്തെത്തന്നെ നിയന്ത്രിക്കുന്ന ഒരു ശക്തിയുണ്ട്. അത് നമ്മിലും പ്രവർത്തിക്കുന്നു. ആ പ്രപഞ്ചശക്തിയെക്കുറിച്ച് വ്യക്തമായ ബോധത്തോടെ ജീവിക്കുമ്പോൾ സഹോ



Scanned with CamScanner

ദരഭാവം, ജീവിത ലാളിത്യം, ......... എന്നിവ ലഭിക്കുന്നു. ഇതാണ് ഈശ്വരാർപ്പിത ജീവിതം.

## വേദപ്രാർത്ഥന

**സഹ നാവതു സഹനൗഭുനക്തു സഹവീര്യം കരവാവഹൈ**
**തേജസ്വിനാ വധീതമസ്തു മാ വിദ്വിഷാവഹൈ**
**ആ നോ ഭദ്രാഃ ക്രതവോ യന്തുവിശ്വതഃ**
**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

ഒരുമിച്ച് വർത്തിക്കാം, ഒരുമിച്ച് ഭക്ഷിക്കാം ഒരുമിച്ച് പ്രവർത്തിക്കാം അപ്രകാരം തേജസ്വികളായിത്തീരാം. ആരോടും വിദ്വേഷമില്ലാതെ ജീവിക്കാം. നന്മനിറഞ്ഞ ചിന്താധാരകൾ എല്ലായിടത്തുനിന്നും വന്നുചേരട്ടെ. അധ്യാത്മിക-ആദിഭൗതിക-ആദിദേവതാശാന്തിയുണ്ടാകട്ടെ!

**പൂർണ്ണമദഃ പൂർണ്ണമിദം പൂർണ്ണാത് പൂർണ്ണമുദച്യതേ**
**പൂർണ്ണസ്യ പൂർണ്ണമാദായ പൂർണമേവാവശിഷ്യതേ**
**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

സമഗ്രവും സമ്പൂർണ്ണവുമായ ഈശ്വരചൈതന്യം സമ്പൂർണ്ണമായിത്തന്നെ വർത്തിക്കുന്നു. അതിൽനിന്നും സമ്പൂർണ്ണമായത് ഉദയം ചെയ്യുന്നു. അത് അക്ഷയമായതിനാൽ എത്രയെടുത്താലും അത്രതന്നെ അവശേഷിക്കുന്നു.

**ഭദ്രം കർണ്ണേഭിഃ ശ്രുണയാമ ദേവാഃ ഭദ്രം പശ്യേമാക്ഷഭിർയജത്രാഃ**
**സ്ഥിരൈരംഗൈസ്തുഷ്ടു വാംസ സ്തനൂഭിഃ**
**വ്യശേമ ദേവഹിതം യദായുഃ**

നന്മനിറഞ്ഞത് ചെവികൾകൊണ്ടു കേൾക്കുമാറാകട്ടെ നന്മനിറഞ്ഞത് കണ്ണുകൾ കൊണ്ടുകാണുമാറാകട്ടെ. ആരോഗ്യമുള്ള ശരീരാവയവങ്ങളാൽ, ആയുസ്സുള്ളിടത്തോളം ദൈവഹിതങ്ങളായ കർമ്മങ്ങളനുഷ്ഠിക്കുവാൻ ഇടവരട്ടെ- ജഗദീശ്വരാ!

**ഓം തമസോ മാ ജ്യോതിർഗമയ അസതോമാ സത്ഗമയ**
**മൃത്യോർമാ അമൃതം ഗമയ ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

## നന്മയുടെ സന്ദേശങ്ങൾ

1. സത്യം വദ ധർമ്മം ചര : സത്യം പറയുക, ധർമ്മമനുഷ്ഠിക്കുക
2. അഹിംസാ പരമോ ധർമ്മ : വാക്ക്-നോട്ടം-കർമ്മം-ചിന്ത ഇവ കൊണ്ട് ഒരുവനെ ഹിംസിക്കാതെ-വേദനിപ്പിക്കാതിരിക്കുക.



Scanned with CamScanner

| | | |
|---|---|---|
| 3. | ധർമ്മോ/സ്മത് കുലദേവത | ധർമ്മമാണ് നമ്മുടെ കുലദേവത |
| 4. | ധർമ്മോരക്ഷതി രക്ഷിതഃ | ധർമ്മത്തെ രക്ഷിക്കുന്നവനെ ധർമ്മം രക്ഷിക്കുന്നു. |
| 5. | അഹം ബ്രഹ്മാസ്മി | ഞാൻ ഈശ്വരാംശമാണ്. |
| 6. | തത് ത്വം അസി | നീയും ഈശ്വരചൈതന്യാംശമാണ് |
| 7. | അയമാത്മ ബ്രഹ്മ | ഈ ജീവാത്മാവ് ഈശ്വരീയമാണ്. |
| 8. | പ്രജ്ഞാനം ബ്രഹ്മ | സർവചരാചരങ്ങളിലും വർത്തിക്കുന്ന സ്വതസ്സിദ്ധമായ അറിവുതന്നെയാണ് ജ്ഞാനം ഈശ്വരചൈതന്യം. |
| 9. | മാതൃദേവോ ഭവ, പിതൃ ദേവോ ഭവ, ആചാര്യ ദേവോ ഭവ അതിഥി ദേവോ ഭവ | അമ്മ-അച്ഛൻ-ആചാര്യൻ-അതിഥി ഇവർ ഈശ്വരതുല്യരാണ് |
| 10. | ലോകാഃ സമസ്താഃ സുഖിനോ ഭവന്തു | സർവചരാചരങ്ങൾക്കും സുഖാനുഭൂതിയുണ്ടാകട്ടെ. |
| 11. | യോഗക്ഷേമം വഹാമ്യഹം | ലോകനന്മയാണ് എന്റെ ജീവിത ലക്ഷ്യം. |
| 12. | മാ വിദ്വിഷാ വഹൈ | ആരോടും വിദ്വേഷം അരുത് |
| 13. | ആ നോ ഭദ്രാഃ ക്രതവോ യന്തു വിശ്വതഃ | നന്മ നിറഞ്ഞ ചിന്താധാരകൾഎല്ലായിടത്തുനിന്നും എന്നിലേയ്ക്ക് വന്നു ചേരട്ടെ. |
| 14. | ധർമ്മാർത്ഥ കാമമോക്ഷം | ധാർമ്മികമൂല്യങ്ങൾ, സാമ്പത്തികാഭിവൃദ്ധി, ജീവിത സംതൃപ്തി, പിന്നീട് എല്ലാ ബന്ധങ്ങളിൽനിന്നുമുള്ള മോചനം. ഇതാണ് ജീവിതലക്ഷ്യം. |
| 15. | വിദ്യയാ/മൃതമശ്നുതേ | വിദ്യകൊണ്ട് അമരത്വത്തെ പ്രാപിക്കുക. |
| 16. | തേജസ്വിനാവധീതമസ്തു | തേജസ്വികളായിത്തീരട്ടെ |
| 17. | പശ്യേമ ശരദശ്ശതം, ജീവേമ ശരദശതം | നൂറ് ശരത് ഋതുക്കൾ കാണുവാൻ ഇടവരട്ടെ, നൂറ് ശരത് ഋതുക്കൾ ജീവിക്കാനിടവരട്ടെ. |
| 18. | ബ്രഹ്മസത്യം ജഗത്മിഥ്യാ | ശാശ്വതമായത് പ്രപഞ്ചചൈതന്യം മറ്റുള്ളവയെല്ലാം താത്കാലികം |
| 19. | ശിവം ഭൂത്വാ ശിവം ഭജേത് | സ്വയം ഈശ്വരനിലേക്കുയർന്ന് ഈശ്വരനെ ഭജിക്കുക. |
| 20. | ഉത്തിഷ്ഠതാ ജാഗ്രത പ്രാപ്യവരാന്നിബോധതാ | എഴുന്നേൽക്കൂ, കർമ്മനിരതരാകൂ, ലക്ഷ്യമെത്തുന്നതുവരെ തളരാതെ പ്രവർത്തിക്കുക |
| 21. | സത്യമേവ ജയതേ | സത്യം വിജയിക്കുകതന്നെ ചെയ്യും. |



Scanned with CamScanner

## ആചാരങ്ങളുടെ ശാസ്ത്രം

ഹൈന്ദവ ആചാരങ്ങളെല്ലാം തന്നെ ജീവിതം സമ്പൂർണ്ണവും ആനന്ദപ്രദവുമാക്കിത്തീർക്കുവാനുള്ളതാണ്. മാനസികമായ സംതൃപ്തിക്കും, ശാരീരിക ആരോഗ്യത്തിനും കുടുംബബന്ധങ്ങൾ ദൃഢമാക്കുന്നതിനും, സാമൂഹികമായി ഐക്യമുണ്ടാക്കുവാനും ദേശീയ ഉദ്ഗ്രഥനത്തിനുമായിട്ടുള്ളതാണ്. ആത്മീയ ബന്ധങ്ങളിലൂടെ ദൃഢമാക്കിയ ഭാരതീയ ആചാരങ്ങൾ.

**മാനസിക നന്മയ്ക്കുള്ള ആചാരങ്ങൾ :** നാമജപം, പ്രാർത്ഥന, വേദമന്ത്രാലാപനം, അനുഗ്രഹം, മനഃശുദ്ധി, നല്ലതു കേൾക്കുക, നല്ലതു കാണുക എന്നീ ഉപദേശങ്ങൾ ...........

**ശാരീരിക നന്മയ്ക്കുള്ള ആചാരങ്ങൾ :** പ്രഭാതത്തിലുണരുമ്പോഴും, രാത്രി ഉറങ്ങാൻ കിടക്കുന്നതിനുമുമ്പുമുള്ള പ്രാർത്ഥന, സൂര്യനമസ്കാരം, ഭക്ഷണത്തിനു മുമ്പുള്ള പ്രാർത്ഥന, സ്നാനം, വ്രതാനുഷ്ഠാനം ......... എന്നിവയെല്ലാം.

**കുടുംബബന്ധം ദൃഢമാക്കാനുള്ള ആചാരങ്ങൾ :** വിവാഹാചാരങ്ങൾ, കുഞ്ഞിന്റെ ജനനം മുതൽക്കുള്ള ആചാരങ്ങൾ, ഗൃഹസ്ഥാചാരങ്ങൾ, പിതൃകർമ്മം, തർപ്പണം ....... എന്നിവയെല്ലാം.

**സാമൂഹിക ബന്ധത്തിനുള്ള ആചാരങ്ങൾ :** ക്ഷേത്രദർശനം, സാമൂഹിക ഉത്സവാഘോഷം, തീർത്ഥയാത്ര, ഗൃഹാന്തരീക്ഷത്തിൽ ബന്ധുക്കളേയും മിത്രങ്ങളേയും സ്വീകരിച്ചുള്ള ആഘോഷങ്ങൾ.

**രാഷ്ട്രത്തിന്റെ ഐക്യത്തിനുള്ള ആചാരങ്ങൾ :** നദികളുടേയും, പർവ്വതങ്ങളുടേയും, നാമത്തിലൂടെയുള്ള പ്രാതസ്മരണ, ഭാരത-രാമായണ കഥാപഠനം, ഉത്തര-ദക്ഷിണ ഭാരത തീർത്ഥാടനം, സംസ്കൃത ഭാഷാ പഠനം ........... തുടങ്ങിയവയെല്ലാം.

മേൽ വിവരിച്ച ആചാരങ്ങൾ ഉദാഹരണങ്ങൾ മാത്രമാണ്. ഇപ്രകാരമുള്ള ആയിരക്കണക്കിന് ആചാരങ്ങളുണ്ട്. പലതിനും പലതരത്തിലുള്ള നന്മകളുമുണ്ട്.

## നിത്യജീവിതത്തിലെ ആചാരങ്ങൾ

എല്ലാ ആചാരങ്ങൾക്കും ആത്മീയവും ഈശ്വരീയവുമായ അനുഭൂതിയുണ്ട്. കൂടാതെ ആചാരങ്ങളനുഷ്ഠിക്കുന്നത് നമ്മുടെ മാനസികമായ, ശാരീരികമായ, കുടുംബപരമായ, സാമൂഹികമായ, രാഷ്ട്രപരമായ ഒന്നോ അതിലധികമോ നന്മ ലഭിക്കുന്നതിനുകൂടി വേണ്ടിയാണ്



Scanned with CamScanner

1. സൂര്യോദയത്തിന് അരമണിക്കൂർ മുമ്പെഴുന്നേൽക്കണമെന്നുപദേശിക്കുന്നത്, തലച്ചോറ് (ബ്രയിൻ) പൂർണ്ണമായും പ്രവർത്തനക്ഷമമായിരിക്കുന്നസമയമതായതുകൊണ്ട്.

2. ഉറക്കമെഴുന്നേറ്റാൽ കിടക്കയിലിരുന്ന് പ്രാർത്ഥിക്കണമെന്ന് പറയുന്നതിന് ആത്മീയ നന്മകൂടാതെ, കിടക്കയിൽനിന്നെഴുന്നേറ്റു നിൽക്കുന്നതിനുമുമ്പ് ഹൃദയമിടിപ്പും രക്തചംക്രമണവും നിയന്ത്രണവിധേയമാക്കുവാൻ വേണ്ടിയാണ്.

3. ബെഡ്കോഫി കഴിക്കരുതെന്നുപദേശിക്കുവാൻകാരണം, വായിലെ അഴുക്ക് കാപ്പിയോടൊപ്പം ആമാശയത്തിൽ എത്താതിരിക്കുവാനാണ്.

4. പ്രഭാതത്തിൽ കുളിക്കണമെന്നുപദേശിക്കുവാൻ കാരണം, ത്വക്കിലുള്ള മാലിന്യങ്ങൾ പൂർണ്ണമായും, നീക്കംചെയ്ത് ശരീരത്തിലെ ആന്തരിക പ്രവർത്തനം സുഗമമാക്കുവാനാണ്.

5. പ്രഭാതത്തിൽ കീർത്തനം ചൊല്ലുന്നത് മസ്തിഷ്കത്തെ പ്രവർത്തനോന്മുഖമാക്കുവാനുള്ള കഴിവ് സംഗീതത്തിനുള്ളതുകൊണ്ടാണ്

6. പ്രഭാതത്തിൽ ധ്യാനിക്കണമെന്നുള്ള ഉപദേശം, പൂജാമുറിയിൽ നടപ്പാക്കിയാൽ ശരീരം, ചിന്ത, ബുദ്ധി, ഓർമ്മശക്തി ഇവ നന്മക്കുതകുംവിധം വർദ്ധിക്കുമെന്നുള്ളതുകൊണ്ടാണ്

7. തുളസിയിലയിട്ട തീർത്ഥജലം കുടിക്കുന്നത് തുളസിയുടെ ഔഷധമൂല്യങ്ങൾ ശരീരത്തിന് നല്ലതായതിനാലാണ്.

8. സൂര്യനമസ്കാരം ചെയ്യുന്നത് ശരീരത്തിലെ ചലനാത്മകമായ എല്ലാ അസ്ഥിസന്ധികളും വ്യായാമത്തിനു വിധേയമാകുന്നു, മസിലുകൾക്കകത്തുണ്ടാകുവാൻ സാധ്യതയുള്ള ജൈവ ഉപ ഉൽപന്നങ്ങൾ നീക്കം ചെയ്യുവാനും, ഏഴ് യോഗാസനങ്ങൾ പത്തു സ്റ്റെപ്പുകളായനുഷ്ഠിക്കുന്നതിനാൽ ഉത്തമവ്യായാമമായും തീരുന്നതിനിലാണ്.

9. സൂര്യനമസ്കാരത്തിലെ അവസാനത്തെ മൂന്നെണ്ണത്തിലൊന്ന് വീതം അമ്മയ്ക്ക്, അച്ഛന്, ജഗദീശ്വരന് വേണ്ടി ചെയ്യണം. മാനസീകമായി അമ്മയോടും അച്ഛനോടുമുള്ള ബന്ധം സുദൃഢമാകുന്നതിനും കർമ്മത്തിൽ നല്ലതുവരേണമേ എന്ന് ജഗദീശ്വരനോട്പ്രാർത്ഥിക്കുമ്പോൾ അസൂയ, കുശുമ്പ്, വാശി, പക, വൈരാഗ്യം ഇവയെല്ലാം നീങ്ങി ലാളിത്യം ലഭിക്കാനുമുള്ള മനഃശാസ്ത്രമതിലടങ്ങിയതുകൊണ്ടുമാണിപ്രകാരം ചെയ്യുന്നത്.

10. ഭക്ഷണത്തിനുമുമ്പ് പ്രാർത്ഥിക്കുന്നത്, ഭക്ഷണം ആമാശയത്തിലെത്തുന്നതിനുമുമ്പ് ദഹനരസങ്ങളും ഉമിനീരും ആമാശയത്തിന്റെ അടിത്തട്ടിലുണ്ടായാൽ എളുപ്പത്തിൽ ദഹനം നടക്കുന്നു എന്നതിനാലാണ്.



Scanned with CamScanner

11. യാത്രകഴിഞ്ഞുവരുന്ന വ്യക്തി കൈയ്യും കാലും മുഖവും കഴുകണമെന്നുപദേശിക്കാൻ കാരണം, എല്ലാ അഴുക്കുകളും നീക്കം ചെയ്യുക, മുഖം ചൈതന്യവത്താക്കുക, കാൽ കഴുകിച്ചെളി നീക്കം ചെയ്യപ്പെടുക എന്നതു മാത്രമല്ല ശരീരം പൂർണ്ണമായും തണുപ്പിക്കുക എന്ന നന്മക്കുവേണ്ടിയുമാണ്.

12. ഉറങ്ങുന്നതിനുമുമ്പ് ഹൃദയമിടിപ്പും രക്ത ചംക്രമണവും നിയന്ത്രണവിധേയമാക്കാനാണ്, കിടക്കയിലിരുന്നുള്ള നാമജപം

(മേൽ വിവരിച്ചത് ശാസ്ത്രീയനന്മമാത്രമാണ്. ആത്മീയ നന്മ അനുഭവിച്ചറിയാൻ നമുക്ക് സാധിക്കുന്നതാണ്.

## സനാതനധർമ്മത്തിന്റെ ഗഹനമായ സന്ദേശങ്ങൾ പദങ്ങളിലൂടെ

### പദ'ത്രയ'ങ്ങൾ

**ത്രിമൂർത്തികൾ :** ബ്രഹ്മാവ് , വിഷ്ണു, ശിവൻ

**ത്രിഗുണം :** സത്വഗുണം, രജോഗുണം, തമോഗുണം

**ത്രിസന്ധ്യ :** പ്രഭാതസന്ധ്യ, മധ്യാഹ്ന സന്ധ്യ, സായം സന്ധ്യ

**ത്രിഫല :** കടുക്ക- നെല്ലിക്ക- താന്നിക്ക

**ത്രിമധുരം :** കദളിപ്പഴം, തേൻ, കൽക്കണ്ടം

**ത്രികാലജ്ഞാനം :** ഭൂത- വർത്തമാന - ഭാവികാലത്തെക്കുറിച്ചുള്ള ജ്ഞാനം

**ത്രി ദോഷം :** വാത - പിത്ത - കഫം (ആയുർവേദത്തിന്റെ അടിസ്ഥാന തത്വം)

**ത്രിലോകം :** ഭൂലോകം. ഭൂവർലോകം. സ്വർലോകം

**ത്രി നാഡി :** ഇഡ - പിംഗള - സുഷുമ്ന

**(ത്രി)പ്രാണായാമം :** രേചകം - പൂരകം - കുംഭകം

**ത്രിഋണം :** തീരാത്ത മൂന്ന് കടങ്ങൾ ഈ ജന്മം നൽകിയതിന് ഈശ്വരനോടുള്ള കടം **ദേവ ഋണം.** അച്ഛനമ്മമാരോടുള്ളത് **പിതൃ ഋണം.** ഋഷിവര്യന്മാരോടുള്ളത് **ഋഷി ഋണം.**

**തൃശക്തി :** ഇച്ഛാശക്തി, ജ്ഞാനശക്തി, ക്രിയാശക്തി

**രാമത്രയം :** പരശുരാമൻ, ബലരാമൻ, ശ്രീരാമൻ

**ശാന്തിത്രയം :** ആദ്ധ്യാത്മികശാന്തി, ആദിഭൗതിക ശാന്തി, ആദി ദേവതാ ശാന്തി.



Scanned with CamScanner

**സംയമത്രയം** : ധാരണ, ധ്യാന, സമാധി

## പദ 'ചതുഷ്ക'ങ്ങൾ

**ചതുർവ്വേദം** : ഋഗ്വേദം, യജുർ വേദം, സാമവേദം, അഥർവവേദം

**ചതുരാശ്രമം** : ബ്രഹ്മചര്യം, ഗൃഹസ്ഥം, സംന്യാസം, വാനപ്രസ്ഥം

**ചതുർവിധപുരുഷാർത്ഥം** : ധർമ്മ - അർത്ഥ - കാമ - മോക്ഷം (ധാർമ്മിക മൂല്യങ്ങൾ സംരക്ഷിക്കുക. സുഖമായി ജീവിക്കാനുള്ള സമ്പത്ത് ധാർമ്മികമായുണ്ടാക്കുക, ജീവിതത്തിലെ ആഗ്രഹങ്ങൾ സഫലീകരിക്കുക, എല്ലാത്തിൽ നിന്നും മോചനം നേടുക)

**ചതുരവസ്ഥ** : ജാഗ്രത്, സ്വപ്ന, സുഷുപ്ത, തുരീയാവസ്ഥകൾ

## പദ 'പഞ്ചക'ങ്ങൾ

**പഞ്ച ഭൂതം** : പൃഥി-അപ്-തേജ-വായു - ആകാശം (പ്രപഞ്ചഘടനയുടെ ആധാരമാണിത്)

**പഞ്ച പ്രാണൻ** : പ്രാണ - അപാന - വ്യാന - ഉദാന - സമാനൻ

**പഞ്ച ജ്ഞാനേന്ദ്രിയം** : കണ്ണ് - ചെവി - മൂക്ക് - നാക്ക് - ത്വക്ക് (മനുഷ്യൻചുറ്റുപാടുകളുമായി ബന്ധപ്പെടുന്ന അവയവങ്ങളാണിത്)

**പഞ്ച കർമ്മേന്ദ്രിയം** : കൈ-കാൽ-നാക്ക്-ഗുദം-ജനനേന്ദ്രിയം (ശരീരത്തിൽ പ്രവർത്തിക്കുന്ന അവയവങ്ങൾ)

**പഞ്ചാഗ്നി തപസ്സ്** : നാലുവശത്തും തീയിട്ട് മുകളിൽ സൂര്യനുമുള്ളപ്പോൾ ചെയ്യുന്ന തപസ്സാണ് പഞ്ചാഗ്നിതപസ്സ്.

**പഞ്ചയമങ്ങൾ** : അഹിംസ - സത്യം - ആസ്തേയം - ബ്രഹ്മചര്യം -അപരിഗ്രഹം (ഹിംസിക്കാതിരിക്കുക, സത്യമറിയുക, മറ്റുള്ളവനെ ചൂഷണം ചെയ്യാതിരിക്കുക, ജീവിത ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യുക. മറ്റുള്ളവരുടേത് ആഗ്രഹിക്കാതിരിക്കുക)

**പഞ്ചനിയമങ്ങൾ** : ശൗചം, സന്തോഷം, തപ: സ്വാധ്യായം ഈശ്വരപ്രണിധാനം (ശാരീരകശുദ്ധി, സംതൃപ്തി, പ്രവർത്തന മണ്ഡലത്തിലെ ഗഹനമായ അറിവ്, സ്വയം പഠിച്ചറിവുനേടുക, പ്രപഞ്ചചൈതന്യത്തിനാധാരമായ ഒരു ജീവിതം നയിക്കുക.

**പഞ്ചമാതാ** : സ്വന്തം മാതാവ്, വളർത്തമ്മ, ജ്യേഷ്ഠപത്നി, ഗുരുപത്നി, രാജപത്നി

**പഞ്ചാംഗം** : തിഥി, വാരം, നക്ഷത്രം, കരണം, യോഗം

**പഞ്ചാമൃതം** : വാഴപ്പഴം-ശർക്കര-നെയ്യ്-കൽക്കണ്ടം-മുന്തിരി (ചിലപ്പോൾ പാൽ ചേർക്കാറുണ്ട്)

**പഞ്ചഗവ്യം** : ചാണകം, ഗോമൂത്രം, നെയ്യ്, തൈര്, പാല് (പശുവിന്റെ അഞ്ചുതരം ഉൽപ്പന്നങ്ങൾ)



Scanned with CamScanner

**പഞ്ചവാദ്യം :** തിമില, നാദസ്വരം, ഇലത്താളം, ഇടക്ക, ചെണ്ട

**പഞ്ചമഹായജ്ഞം** : ദേവന്മാർക്കുള്ളത് ദേവയജ്ഞം, ഋഷിമാർക്കുള്ളത് ഋഷിയജ്ഞം, പിതൃക്കൾക്കുള്ളത് പിതൃയജ്ഞം, നമ്മുടെ ചുറ്റുപാടുമുള്ള ചരാചരങ്ങൾക്കുള്ളത് ഭൂതയജ്ഞം, മുനുഷ്യർക്കുള്ളത് മനുഷ്യയജ്ഞം

**പഞ്ച കന്യകൾ :** അഹല്യ - ദ്രൗപദി- സീത - താരാ -മണ്ഡോദരീ

**പഞ്ചപാണ്ഡവർ** : ധർമ്മപുത്രൻ- ഭീമൻ- അർജ്ജുനൻ, നകുലൻ, സഹദേവൻ

**പഞ്ച ലോഹം** : (നാലുഭാഗം) വെള്ളി, (ഒരു ഭാഗം) സ്വർണ്ണം, (എട്ടു ഭാഗം) ചെമ്പ്, (എട്ടു ഭാഗം) പിച്ചള (അൽപം) ഇരുമ്പ്

**പഞ്ചാക്ഷരം :** ന മ ശി വാ യ

## പദ'ഷഡ്'കങ്ങൾ

**ഷഡ് രസം :** ഉപ്പ്, പുളി, എരിവ്, ചവർപ്പ്, മധുരം, കയ്പ്

**ഷഡാധാരം :** മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരകം, അനാഹതം, വിശുദ്ധി, ആജ്ഞാചക്രം

**ഷഡംഗങ്ങൾ** : ശിക്ഷ, നിരുക്തം, വ്യാകരണം, ഛന്ദശ്ശാസ്ത്രം, കൽപ്പശാസ്ത്രം, ജ്യോതിഷം

**ഷഡ് ദർശനം** : പൂർവ്വ മീമാംസ, ഉത്തര മീമാംസ, വൈശേഷികം, ന്യായം, സാംഖ്യം, യോഗം

**ഷഡ് ഋതുക്കൾ :** ശരദ്, ഹേമന്തം, ശിശിരം, വസന്തം, ഗ്രീഷ്മം, വർഷം

## പദ'സപ്ത'ങ്ങൾ

**സപ്തസ്വരം :** സ രി ഗ മ പ ധ നി

**സപ്തഗിരി :** മഹേന്ദ്രപർവ്വതം, മലയപർവ്വതം, സഹ്യപർവ്വതം, ഹിമാലയപർവ്വതം, രേവാപർവ്വതം, വിന്ധ്യാപർവ്വതം, ആരാവലി പർവ്വതം

**സപ്ത ലോകം** : ഭൂമിക്കുമുകളിലുള്ള ഏഴുലോകങ്ങൾ : ആവഹ - പ്രവഹ- ഉദ്വഹ- സുവഹ - പരീവഹ - പരാവഹ.

ഇതിനെ മറ്റൊരുരീതിയിലും അറിയപ്പെടുന്നു ഭൂലോകം- ഭുവർലോകം-സ്വർലോകം- മഹർലോകം- ജനലോകം- തപോലോകം- സത്യലോകം

ഭൂമിക്ക് ചുവട്ടിലുള്ള സപ്തലോകം : അതല- വിതല- സുതല- രസാതല- തലാതല- മഹാതല- പാതാളം

**സപ്തദ്വീപുകൾ :** (ഭൂമിയിലുള്ള ഏഴു ഭൂഖണ്ഡങ്ങൾ) ജംബു ദ്വീപ്,



Scanned with CamScanner

പ്ലക്ഷ ദ്വീപ്, ശാക ദ്വീപ്, കുശ ദ്വീപ് ക്രൗഞ്ച ദ്വീപ്, ശാൽമലി ദ്വീപ്, പുഷ്കര ദ്വീപ്

**സപ്ത നദികൾ** : ഗംഗ- യമുന- ഗോദാവരി- സരസ്വതീ- നർമ്മദ- സിന്ധു- കാവേരി

**സപ്ത ചിരംജീവികൾ** : അശ്വത്ഥാമാവ്- ബലി- വ്യാസൻ - ഹനുമാൻ - വിഭീഷണൻ- കൃപൻ- പരശുരാമൻ

**സപ്ത നഗരികൾ** : അയോദ്ധ്യ- മഥുര- കാശി- കാഞ്ചി- അവന്തിക- പുരി- ദ്വാരാവതി

**പ്രതിഷ്ഠയിലെ സപ്ത മാതൃക്കൾ** : ബ്രാഹ്മീ, മാഹേശ്വരീ, കൗമാരി, വൈഷ്ണവീ, വാരാഹീ, ഇന്ദ്രാണീ, ചാമുണ്ഡി.

**സപ്ത മഹാശൈലങ്ങൾ** (സംസ്കൃതത്തിലെ അതിപുരാതന നാമങ്ങൾ) ഹിമശൈലം, ഹേമകൂട ശൈലം, ക്ഷുധാചലം, സുരാചലം, നിഷധാചലം, നീലാചലം, ശ്വേതാചലം

## പദ'അഷ്ട'കങ്ങൾ

**അഷ്ട ദ്രവ്യങ്ങൾ** : കരിമ്പ്, അരിപ്പൊടി, കദളിപ്പഴം, അവിൽ, എള്ള്, മോദകം, നാളികേരം, മലർ

(അഷ്ടമംഗലങ്ങൾ പലവിധത്തിലുണ്ട്)

**അഷ്ടമംഗലം** (1) : കണ്ണാടി, നിറകുടം, സ്വർണ്ണം, പുതുവസ്ത്രം, സ്ത്രീ, അക്ഷതം, പശു, ദീപം

**(ലൗകീക) അഷ്ടമംഗലം** (2) : ദീപം, കണ്ണാടി, സ്വർണ്ണം, ധാന്യപാത്രം, നെയ്യ്, വസ്ത്രം, ഗ്രന്ഥം, കുങ്കുമച്ചെപ്പ്

**(ഉത്തമ) അഷ്ടമംഗലം** (3) : അക്ഷതം, ഗ്രന്ഥം, ദീപം, കണ്ണാടി, സ്വർണ്ണം, നിറകുടം, പഴം, വസ്ത്രം

**അഷ്ടമംഗലം** (4) : വെറ്റില, അക്ഷതം, അടയ്ക്ക, മരപ്പാത്രം, വസ്ത്രം, കണ്ണാടി, ഗ്രന്ഥം, ദീപം

**അഷ്ടാംഗപ്രണാമം** : മാറിടം, നെറ്റി, വാക്ക്, മനസ്, തൊഴുകൈ, കണ്ണ്, കാൽമുട്ടുകൾ, കാലടികൾ ചേർന്നുള്ള പ്രണാമം

**അഷ്ടാക്ഷരം** : ഓം നമോ നാരായണായ.

**അഷ്ടദിക് പാലകർ** : ഇന്ദ്രൻ (കിഴക്ക്) അഗ്നി (കിഴക്ക് തെക്ക് എന്നീ ക്രമത്തിൽ) യമൻ, നിർഋതി, വരുണൻ, വായു, സോമൻ, ഈശാനൻ

**അഷ്ടബന്ധം** : ശംഖുപൊടി, ചെഞ്ചെല്യം, കടുക്ക, പരുത്തി, കോഴിപ്പരൽ, ആറ്റുമണൽ, കോലരക്ക്, നെല്ലിക്ക.



Scanned with CamScanner

**അഷ്ടാംഗയോഗം :** യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധീ

**അഷ്ടഐശ്വര്യം :** (1) അണിമ. (അണുവിനെപ്പോലെ ചെറിതാകുന്നതിനുള്ള കഴിവ്) (2) മഹിമ (പർവ്വതത്തെപ്പോലെ വലുതാകുന്നതിനുള്ള കഴിവ്) (3) ഗരിമ (ഭാരം വളരെ വർദ്ധിപ്പിക്കാനുള്ള കഴിവ്) (4) ലഘിമ (ഭാരം കുറക്കാനും ഇല്ലാതാക്കാനുമുള്ള കഴിവ്) (5) പ്രാപ്തി (അഭീഷ്ടരൂപം പ്രാപിക്കുന്നതിനുള്ള കഴിവ്) (6) പ്രാകാമ്യം (അഭീഷ്ടങ്ങളെല്ലാം സാധിക്കുന്നതിനുള്ള കഴിവ്) (7) ഈശത്വം (ഈശ്വരനു തുല്യമായ അവസ്ഥയിൽ എത്തിച്ചേരാനുള്ള കഴിവ്) (8) വശിത്വം (എല്ലാറ്റിനേയും വശീകരിക്കാനുള്ള കഴിവ്)

**അഷ്ടപ്രകൃതി :** ഭൂമി- ആപ- അനലൻ- വായു- ആകാശം- മനസ്സ്- ബുദ്ധി- അഹങ്കാരം

**അഷ്ടദിഗ്ഗജങ്ങൾ :** ഐരാവതം, പുണ്ഡരീകം, വാമനം, കുമുദം, അഞ്ജനം, പുഷ്പദന്തം, സാർവഭൗമം, സുപ്രതീകം-പ്രപഞ്ചത്തിൽ ഭൂമിയുടെ സ്ഥാനത്തെ വിവരിക്കുന്ന മഹാസങ്കല്പത്തിലാണ് ഈ എട്ട് ദിഗ്ഗജങ്ങളുടെ പേരുവരുന്നത്.

**അഷ്ടകരണം :** മനസ്സ്, ബുദ്ധി ചിത്തം, അഹങ്കാരം, സങ്കൽപ്പം, നിശ്ചയം, അഭിമാനം, അവധാരണം.

**അഷ്ടകുംഭം :** സൂര്യഭേദം, ഉജ്ജായി, സീൽക്കാരി, ശീതളി, ഭസ്തികം, ഭ്രാമരി, മൂർച്ഛ, പ്ലാവിനി.

**അഷ്ടകോപ വ്യസനങ്ങൾ :** പൈശൂന്യം, സാഹസം, ദ്രോഹം, ഈർഷ്യ, അസൂയ, അർത്ഥദൂഷണം, വാഗ്ദണ്ഡം, പാരുഷ്യം.

**അഷ്ടഗന്ധം :** അകിൽ, ചന്ദനം, ഗുൽഗുലു, മാഞ്ചി, കുങ്കുമം, കൊട്ടം, രാമച്ചം, ഇരുവേലി.

**അഷ്ടഗുണം :** (1) ഭൂതദയ, ക്ഷമ, അനസൂയ, ഗൗരവം, അനായാസം, മംഗളം, അകാർപണ്യം, അസ്പൃഹം.

**അഷ്ടഗുണം :** (2) ബുദ്ധി, കല, ശമം, ജ്ഞാനം, പരാക്രമം, മിതഭാഷണം, ദാനം, കൃതജ്ഞത.

**അഷ്ടഗുണം :** (3) അനസൂയ, ഋജുത്വം, ശുചിത്വം, സന്തോഷം, ഭാഷണഭംഗി, ശമം, സത്യം, ധൃതി

**അഷ്ടദിഗ്ഗജങ്ങൾ :** (കൊമ്പനാനകൾ) ഐരാവതം, പുണ്ഡരീകം, വാമനൻ, കുമുദൻ, അഞ്ജനൻ, പുഷ്പദത്തൻ, സാർവഭൗമൻ, സുപ്രതികൻ.



Scanned with CamScanner

**അഷ്ടദിഗ്ഗജങ്ങൾ :** (പിടിയാനകൾ) അഭ്രമു, കപില, പിംഗല, അനുപമ, താമ്രകർണ്ണി, ശുദ്രദന്തി, അംഗന, അഞ്ജനാവതി.

**അഷ്ടദ്രവ്യങ്ങൾ** : (2) അരയാൽ, അത്തി, പ്ലാശ്, പേരാൽ, ചമത, എള്ള്, പായസം, നെയ്യ്

**അഷ്ടധർമ്മം :** യാഗം, വേദപഠനം, ദാനം, തപസ്സ്, സത്യം, ക്ഷമ, ദയ, ലോഭമില്ലായ്മ

**അഷ്ടധാതുക്കൾ :** സ്വർണ്ണം, വെള്ളി, ചെമ്പ്, വെളുത്തീയം, നാകം, കറുത്തീയം, ഇരുമ്പ്, രസം.

**അഷ്ടപ്രമാണം :** പ്രത്യക്ഷം, അനുമാനം, ഉപമാനം, ശബ്ദം (ആഗമം) അർത്ഥാപത്തി, അനുപലബ്ധി, സംഭവം, ഐതിഹ്യം.

**അഷ്ടമൂർത്തി :** ഭൂമി, ജലം, വായു, അഗ്നി, ആകാശം, ഹോതാവ്, സൂര്യൻ, ചന്ദ്രൻ

**അഷ്ടരാഗം :** കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം, രാഗം, ദ്വേഷം.

**അഷ്ടവർഗ്ഗം :** മേദം, മഹാ മേദം, കാകോളി, ക്ഷീര കാകോളി, ജീവകം, ഇടവകം, ഋദ്ധി, വൃദ്ധി

**അഷ്ട വസുക്കൾ :** ആപൻ, ധ്രുവൻ, സോമൻ, ധർമ്മൻ, അനിലൻ, അനലൻ, പ്രത്യൂഷൻ, പ്രഭാസൻ

**അഷ്ട പ്രതിമ :** ശിലാ, ധാതു, ലോഹം, ലേപ്യം, ലേഖ്യം, മൃൺമയം, മണിമയം, മനോന്മയം.

**അഷ്ടവിവാഹം :** ബ്രാഹ്മം, ദൈവം, ആർഷം, പ്രജാപത്യം, ഗാന്ധർവം, ആസുരം, രാക്ഷസം, പൈശാചം.

**അഷ്ടാംഗഹൃദയം :** ശരീരം, ബാലം, ഗ്രഹം, ഊർധ്വഗം, ശല്യം, ദംഷ്ട്രം, ജരാ, വൃഷം

## പദ'നവ'ങ്ങൾ

**നവഗ്രഹങ്ങൾ :** സൂര്യൻ, ചന്ദ്രൻ, കുജൻ, ബുധൻ, ഗുരു, ശുക്രൻ, ശനി, രാഹു, കേതു (ഇവിടെ ഗ്രഹം എന്ന പദത്തിന് പ്ലാനറ്റ് എന്ന അർത്ഥമല്ല ഉള്ളത്, സ്വാധീനിക്കുന്നത് എന്നർത്ഥമേയുള്ളൂ. പ്ലാനറ്റ് എന്ന അർത്ഥത്തിൽ വരണമെങ്കിൽ അതിന് ജ്യോതിശ്ശാസ്ത്രത്തിലെ പദം താരാഗ്രഹം എന്നാണ്.)

**നവരത്നം :** മുത്ത്, മാണിക്യം, വൈഡൂര്യം, ഗോമേദകം, വജ്രം, പവിഴം, പത്മരാഗം, മരതകം, നീലം

**നവഖണ്ഡങ്ങൾ :** (ഏഷ്യ ഭൂഖണ്ഡത്തിലുള്ളത്) ഇന്ദ്ര ഖണ്ഡം,



Scanned with CamScanner

കശേരു ഖണ്ഡം, താമ്രഖണ്ഡം, ഗഭസ്തിഖണ്ഡം, നാഗഖണ്ഡം, സൗമ്യഖണ്ഡം, ഗന്ധർവഖണ്ഡം, ശരഖണ്ഡം, രാമഖണ്ഡം.

## പദ'ദശ'ങ്ങൾ

**ദശാവതാരം :** മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, പരശുരാമൻ, ബലരാമൻ, ശ്രീരാമൻ, ശ്രീകൃഷ്ണൻ, ഘഡ്ഗി (കൽകി)

**ദശനാദജാതികൾ :** ചിണി, ചിഞ്ചിണി, ഘണ്ടാനാദം, ശംഖനാദം, തന്ത്രീനാദം, വേണുനാദം, താളനാദം മൃദംഗനാദം, ഭേരീനാദം, മേഘനാദം.

**സപ്തനാഗങ്ങൾ :** അനന്തൻ, തക്ഷകൻ, കർക്കൻ, പത്മൻ, മഹാപത്മൻ, ശംഖകൻ, ഗുളികൻ

**സപ്തഋഷികൾ :** മരീചി, ആംഗീരസ്, അത്രി, പുലസ്ത്യൻ, വസിഷ്ഠൻ, പുലഹൻ, ക്രിതു.

**സപ്തഛന്ദസുകൾ :** ഗായത്രി, ബൃഹതി, ഉഷ്ണിക്, ജഗതി, തൃഷ്ടുപ്, അനുഷ്ടുപ്, പംക്തി.

**പദ ഏകാദശങ്ങൾ :** അജൈകപാദ്, അഹിർ, ബുദ്ന്യൻ, വിത്രപാക്ഷൻ, സുരേശ്വരൻ, ജയന്തൻ, ബഹുരൂപൻ, അപരാജിതൻ, സാവിത്രൻ, ത്ര്യംബകൻ, വൈവസ്വതൻ, ഹരൻ.

## പദ'ദ്വാദശ'ങ്ങൾ

**ദ്വാദശസൂര്യന്മാർ :** വരുണൻ, സൂര്യൻ, സഹസ്രാംശു, ധാതാവ്, തപനൻ, സവിതാവ്, ഗഭസ്തി, രവി, പർജ്ജന്യൻ, ത്വഷ്ടാവ്, മിത്രൻ, വിഷ്ണു.

**ദ്വാദശരാശികൾ :** മേടം, ഇടവം, മിഥുനം, കർക്കിടകം, ചിങ്ങം, കന്നി, തുലാം, വൃശ്ചികം, ധനു, മകരം, കുംഭം, മീനം.

(ദ്വാദശ മാസങ്ങൾ മലയാളത്തിൽ മേൽവിവരിച്ചവ തന്നെ)

**ദ്വാദശമാസങ്ങൾ (സംസ്കൃതം) :** ചൈത്രം, വൈശാഖം, ജ്യേഷ്ഠം, ആഷാഢം, ശ്രാവണം, ഭാദ്രപദം, ആശ്വിനം, കാർത്തികം, മാർഗശീർഷം, പൗഷം, മാഘം, ഫാൽഗുനം

## പദ 'ചതുർദശ'ങ്ങൾ

**മന്വന്തരങ്ങൾ :** സ്വായംഭുവ, സ്വാരോചിഷ, ഉത്തമ, താമസ, രൈവത, ചാക്ഷുഷ, വൈവസ്വത, സാവർണി, ദക്ഷസാവർണി, ബ്രഹ്മസാവർണി, ധർമ്മസാവർണി, രുദ്രസാവർണി, രൗപ്യദേവസാവർണി, ഇന്ദ്രസാവർണി.

✤



Scanned with CamScanner

**IISH Communication Systems, Trivandrum 695 018**

For heritage products portal www.heritageproducts.in

For IISH information and membership www.iish.org

For daily uploaded Indian news www.dharmanews.in

For 24 hrs English speeches www.dharmamessages.in

For 24 hrs Malayalam speeches www.dharmaradio.in

For queries / communication iishservice1@gmail.com

For organising IISH lecture programs Ph. 09388203010

For general IISH related information Ph. 09446361149

For speeches in you tube Dr. N. Gopalakrishnan

Facebook speeches and news Dr.N. Gopalakrishnan

IISH CDs, VCDs, Pen drives & publications 0471-2490149

Sevanam samarpanam program for poor 0471-2490149

Astrological guidance Sri. Prabhakaran Nair 9446833600

Spiritual/ temple Ritual guidance Sri. Murthy 9446361149

Counselling / guidance Sri Somasundaram 9446670392

**Indian Institute of Scientific Heritage**

---

**IISH Establishments, Mazhuvanchery, Trissur 680 501**

National Heritage Center (NHC) For heritage acticities

Bharatheeya Vidya Vihar (ISO 9001) CBSE School (BVV)

Academy for Heritage Research and Studies (AHRS)

Aryabhatta Heritage (reference books ) Library

Aryabhatta Modern (reference books) Library

Dr. C. V. Raman High Tech (reference books) Library

Bhaskara Computer Centre for computer training

Heritage Tailoring and Embroidery Centre for women

Pre primary Teachers Training Centre for Women

Heritage guest house (members) and annakshetra

Heritage Museum (materials ) and displays

Prasanthi Mandapam for public / family programs

Heritage Publication Centre for publishing the books

Heritage Books Centre for knowledge dissemination

Mazhuvanchery Mahadeva Temple (spiritual centre)

**Contact email nhcmazhuvanchery@gmail.com**

**Contact Ph. 9446361149 /0488 240236**

Scanned with CamScanner